KNANAYADEEPAM

# ക്നാനായ ദീപം

Vol: 36 / Issue: 9 September 2025 ₹:10/-



## പുണ്യശ്ലോകനായ കൂബർ നീത്തി ഹാക്കീമോ
## ഏബ്രഹാം മോർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായുടെ
## 23–ാം ശ്രാദ്ധപ്പെരുന്നാൾ


Latest & Trendy
Collections
Mahalekshmi Silks
THE GENUINE SILK PEOPLE
THIRUVALLA | MUTHOOR | ETTUMANOOR

Advt - O

# ക്നാനായ ദീപം

2025 സെപ്റ്റംബർ പുസ്തകം 36 ലക്കം 9

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ 08
റ്റി.എം. തോമസ് കൊച്ചുപുരയ്ക്കൽ

കുർബ്ബാന വീഥിയിൽ 10
ഫാ. ജേക്കബ് കല്ലുകുളം

സമൃദ്ധമായ ജീവിതം-നേതൃത്വം 15
സുനിൽ ഡി. കുരുവിള

ഏദൻതോട്ടം 17
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

The interlude of Divine... 18
സീമ ഷിന്റോ കന്നിയേൽ

ഏവൻഗേലിയോൻ ദീപം 20
റോയി മാത്യൂസ് കോർ–എപ്പിസ്കോപ്പ മുളമൂട്ടിൽ

പ്രാർത്ഥനയിൽ ചേരേണ്ട ഘടകങ്ങൾ 22
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

ഹാ സ്വർണ്ണം മങ്ങിപ്പോയതും... 23
അമ്മാൾ രാജൻ പുളിമൂട്ടിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 24

ചരിത്രത്തിന്റെ കർമ്മയോഗി 37
ഫാ. ജേക്കബ് കല്ലുകുളം

38 ഇങ്ങനെയും ജീവിതം
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

39 മല്പാനോട് ചോദിക്കാം

40 പാപത്തെ അതിജീവിക്കാൻ
ജയ്നമ്മ മർക്കോസ്

41 വാഗ്ദത്ത സന്ദേശം...
കെ.എ. കുര്യാക്കോസ് കൊമർത്തുംപറമ്പിൽ

42 ദൈവാലയത്തിൽ തീരശ്ശീലയുടെയും...
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

44 കാല്പ്പാടുകൾ
എബി

45 മാട്രിമോണിയൽ


**SCAN & PAY**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

**ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com


**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**




കർത്താവിൽ പ്രിയ ദീപം വായനക്കാർക്ക് വേഗം വരുന്ന നമ്മുടെ രക്ഷകനായ ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

ലോകചരിത്രത്തിൽ ഒരിക്കലും മനുഷ്യൻ ഈ കാലഘട്ട ത്തിലെപ്പോലെ അനിശ്ചിതത്വത്തിനും ആശങ്കയ്ക്കും വിധേ യനായിട്ടില്ല. "ഉൽക്കണ്ഠയുടെ യുഗം എന്ന് പല ചിന്തക ന്മാരും വിശേഷിപ്പിക്കുന്ന ഈ കാലത്തു ക്രിസ്തുമതത്തിനു സുപ്രധാനമായ ഒരു സന്ദേശം ലോകത്തിനു നൽകാനുണ്ട്. അത് ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ ഉടനീളം കാണുന്ന സമാധാന സന്ദേശവും ക്രിസ്തീയ അനുഭവത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള പുന:സ്ഥിരീകരണവുമാണ്. യോഹന്നാൻ സ്നാപകന്റെ ജനനസമയത്ത് സഖര്യാവ് പറ ഞ്ഞത് (ലൂക്കോ.1:78-79) അന്ധകാരത്തിൽ ജീവിക്കുന്നവ രുടെ മേൽ പ്രകാശം ചൊരിയുവാനും നമ്മുടെ പാദങ്ങളെ സമാധാന മാർഗ്ഗത്തിൽകൂടി നയിക്കുവാനും ദൈവത്തിന്റെ കരുണയാൽ സ്വർഗ്ഗത്തിൽനിന്ന് ഉദയസൂര്യൻ നമ്മുടെമേൽ ഉദിക്കും. യേശുവിന്റെ ജനനസമയത്ത് ഭൂമിയിൽ ദൈവപ്ര സാദമുള്ള മനുഷ്യർക്ക് സമാധാനം എന്നു മാലാഖമാർ പാടി യിരുന്നുവല്ലോ. സമാധാനം ഉണ്ടാക്കുന്നവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും എന്ന് മലപ്രസംഗത്തിൽ കർത്താവ് പ്രസംഗിച്ചു. (മത്താ.5:9) എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു എന്ന് (യോഹ. 14:27) പറയുന്നു.

ആരാധനയുടെ മകുടമായ വി.കുർബ്ബാനയിൽ സമാധാ നത്തിന്റെ സ്ഥാനം സവിശേഷ ശ്രദ്ധയെ ആകർഷിക്കുന്നു. പ്രാരംഭ പ്രാർത്ഥനകൾക്കുശേഷം വി. കുർബ്ബാന ആരംഭി ക്കുന്നതുതന്നെ സമാധാന ചുംബനത്തോടെയാണ്. വി. കുർബ്ബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു എന്ന് ജനം ഏറ്റു പറയുന്നു. വി. കുർബ്ബാനയിൽ സമാധാന മനുഷ്യർക്കുള്ള നല്ല അവ സാനത്തിന് ഞങ്ങളെ യോഗ്യരാക്കേണമേ എന്നു പട്ടക്കാ രൻ അപേക്ഷിക്കുന്നു. വി. കുർബ്ബാനയിൽ പല തവണ സമാ ധാനം തരുന്നു. അവസാനം സമാധാനം നൽകി അയക്കു കയും ചെയ്യുന്നു. അസ്സീസിയിലെ വി.ഫ്രാൻസിന്റെ പ്രാർത്ഥ നയിൽ സമാധാനത്തിനുള്ള ഉപകരണമായി തന്നെ ഉപയോ ഗിക്കണമെന്ന് പ്രാർത്ഥിക്കുന്നു. ഈ കാലഘട്ടത്തിൽ ഓരോ ക്രൈസ്തവനും സഭാ സമാധാനത്തിനുള്ള ഒരു ഉപകരണ മായി എന്നെ ആക്കേണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഈ സമാധാനം അനുഭവവേദ്യമാക്കുന്നത് എങ്ങനെയെ ന്നുള്ളതാണ് നമ്മുടെ പ്രശ്നം. മനുഷ്യൻ ദൈവസൃഷ്ടി യാണ്. ദൈവത്തെ പിരിഞ്ഞുള്ള ജീവിതം സ്വാഭാവികമല്ല. യഥാർത്ഥ സന്തോഷവും സമാധാനവും ദൈവത്തോടുകൂടി യുള്ള ജീവിതത്തിലെ അനുഭവിക്കുവാൻ സാധിച്ചു. എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. (യോ ഹ. 15:5) എന്നാണല്ലോ കർത്താവ് അരുളിച്ചെയ്തിരിക്കുന്ന ത്.

ദൈവഹിതത്തിനു സമ്പൂർണ്ണമായി വിധേയമാകുന്നതിന്റെ അവിഭാജ്യഘടകമാണ് ക്രിസ്തീയ പെരുമാറ്റം. സ്നേഹ ത്തോടും സത്യത്തോടും നീതിയോടും പെരുമാറുന്നില്ലെങ്കിൽ സമാധാനം കാംക്ഷിക്കാൻ നമുക്ക് അവകാശമില്ല. സ്നേഹി ക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹം തന്നെ. (1.യോഹ.4:8). യേശുക്രിസ്തുവിന്റെ പുതിയ കല്പ നയും താൻ നമ്മെ സ്നേഹിച്ചതുപോലെ നാമും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നാണ് (യോഹ. 13:34). വ്യക്തിപ രമായും സമൂഹമായും സഭയായും രാഷ്ട്രമായും ഈ മാന ദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണോ നാം ജീവിക്കുന്ന ത്. അല്ലെങ്കിൽ സമാധാനം കാംക്ഷിക്കുവാൻ നമുക്ക് എന്ത വകാശം? ക്രിസ്തീയ തത്വങ്ങൾ സഭകൾക്ക് അവയുടെ പെരുമാറ്റത്തിൽ വിമ്മിഷ്ടങ്ങൾ ഉളവാക്കുന്നു എന്ന് ഇംഗ്ല ണ്ടിലെ ഒരു ബിഷപ്പ് അടുത്ത കാലത്ത് പ്രസ്താവിക്കുക യുണ്ടായി. (The Church is embarrased by Christianity). സഭയിലെ പ്രശ്നങ്ങൾ തന്നെ സ്നേഹത്തോടെ സത്യമായും നീതിയായും പരിഹരിക്കാൻ സാധിക്കുന്നുണ്ട്. ആദായമുള്ള ഒരു സ്ഥാപനത്തിന്റെ നിയന്ത്രണം ആരുടെ പക്കലായിരി ക്കണമെന്നു സ്നേഹത്തിന്റെ അന്തരീക്ഷത്തിൽ തീരുമാനി ക്കുവാൻ നമ്മുടെ പുരോഹിതന്മാർക്കുതന്നെ സാധിക്കാത്തത് ഇതിന് ഉദാഹരണമാണ്. സ്നേഹത്തിലും, സത്യത്തിലും നീതിയിലും അധിഷ്ഠിതമല്ലാത്ത പ്രവൃത്തികളും തീരുമാ നങ്ങളും ലോകത്തേയും വ്യക്തികളേയും അസമാധാനത്തി ലേക്ക് നയിക്കുമെന്നതിന് സംശയമില്ല. ഇതിനു പ്രതിവിധി ക്രിസ്ത്യാനികൾ മാതൃകാപരമായി ജീവിക്കുകയും ക്രിസ്തീയ അനുഭവം യഥാർത്ഥമാണെന്നു ലോകത്തിനു ബോധ്യപ്പെടുത്തിക്കൊടുക്കുകയാണ്. നമ്മുടെ പരാജയം നമുക്ക് മാത്രമല്ല ലോകത്തിനു തന്നെയും അപകടകരമാ ണ്.

ക്നാനായ സമുദായ അംഗങ്ങളോട് - ഇപ്പോൾ ഏകദേശം എൺപതോളം കേസുകൾ സമുദായപരമായി നടക്കുന്നുണ്ട് എല്ലാത്തിനും കോടതി ഇൻജങ്ഷൻ ഓർഡർ പുറപ്പെടുവി ക്കുകയാണ്. ഇവ മാറ്റുന്നതിനോ കേസു കൊടുക്കുന്നവരെ യാഥാർത്ഥ്യങ്ങൾ പറഞ്ഞു മനസ്സിലാക്കി അവരുടെ സഭാ ദ്രോഹപരമായ പ്രവർത്തനങ്ങളിൽ നിന്നു പിൻതിരിപ്പിക്കു ന്നതിനോ വലിയ ശ്രമമൊന്നും നടക്കുന്നില്ല. നേതൃത്വത്തിന്റെ അറിവും സമ്മതവും കൂടാതെ സാധാരണക്കാരായ വാദികൾ ഇങ്ങനെ ഒരു സംരംഭത്തിനിറങ്ങിത്തിരിക്കുമോ എന്നുള്ളതും പലരും ചോദിക്കുന്ന ഒരു ചോദ്യമാണ്. ആത്മാർത്ഥത നമ്മുടെ ചിന്തകളിലും നടപടികളിലും പ്രതിഫലിച്ചില്ലെങ്കിൽ ഭരണം വളരെ ദുർഘടതരമായിത്തീരും. ഒരു കാര്യവും നട ത്താൻ നമുക്ക് സാധിക്കുകയില്ല ചതുരംഗപ്പോരുകൾകൊണ്ട് സ്വന്തം ജീവിതവും സഭാജീവിതവും നശിപ്പിക്കുന്നത് ഒരു നേട്ടമല്ലല്ലോ. സഭയെ സംബന്ധിച്ച് നേട്ടമെന്നല്ല അത് വിനാ ശകരമാണ്.

വ്യവസ്ഥാപിതമായ ഭരണരീതിയിലുള്ള പരിശീലനം ലഭി ക്കാതെ സംഘടിതമായ ഒരു പ്രവർത്തനവും മുമ്പോട്ടുകൊ ണ്ടുപോകാൻ കഴിയുന്നതല്ല. ഏതെങ്കിലും തീരുമാനത്തെ ക്കുറിച്ച് അഭിപ്രായം പറയാനുള്ള അവസരം പാഴാക്കിക്കള ഞ്ഞിട്ട് വായിൽ വെള്ളമൊഴിച്ച രീതിയിൽ മൗനമായിരുന്ന ശേഷം കോടതിയിൽ കണ്ടോളാം എന്ന തീരുമാനവുമായി അസ്സോസിയേഷനിൽ നിന്ന് പുറത്തു ചാടുന്ന അംഗങ്ങൾ വ്യവസ്ഥാപിത ഭരണ രീതികൾക്ക് കോടാലിവയ്ക്കുന്നവരാ ണ്. ചർച്ചാസമയങ്ങളിൽ അഭിപ്രായം തുറന്നു പറയണം. അതിനുള്ള ആത്മാർത്ഥതയും ധാർമ്മിക ധീരതയും സഭാം ഗങ്ങൾക്ക് ഉണ്ടായിരിക്കണം. തീരുമാനം ചെയ്തു കഴി ഞ്ഞാൽ നിശ്ചയങ്ങളെ ആദരിക്കുവാനുള്ള സന്നദ്ധത ഉണ്ടാ യിരിക്കണം. ഇടവകകളിലും സഭയിലും ഉണ്ടാകുന്ന ഭിന്ന

*(ശേഷം പേജ് 9-ൽ)*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



പ്രിയരെ,

സെപ്റ്റംബർ മാസം തുടങ്ങിയത് വി. ദൈവമാതാവിന്റെ ജനനത്തോട് അനുബന്ധിച്ചുള്ള എട്ടുനോമ്പ് ആചരിച്ചാണല്ലോ. ഇന്ന് ഏറെ ആളുകൾ ഈ ദിനങ്ങളിൽ നോമ്പ് ആചരിക്കുന്നുണ്ടല്ലോ. നോമ്പ് ആചരിക്കുമ്പോൾ വി. കന്യകമറിയം നല്കുന്ന മാതൃക ഉൾക്കൊണ്ട് ജീവിതത്തെ നവീകരിക്കുവാനും, പുനഃക്രമീകരിക്കുവാനും സാധിക്കണം.

സ്ലീബാ പെരുന്നാൾ സെപ്റ്റംബർ 14ന് ആചരിച്ചു. അതു മുതൽ സ്ലീബാകാലമാണല്ലോ. വി സ്ലീബായുടെ അടയാളം നാം വരയ്ക്കുന്നവരാണ്, വി. സ്ലീബ നാം ധരിക്കുന്നവരാണ്. അതിലുപരി ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് വി. സ്ലീബായുടെ സന്ദേശം നമ്മുടെ ജീവിതത്തിനെന്നും പ്രചോദനമായിരിക്കണം എന്നതാണ്. വി. സ്ലീബ പരിത്യാഗത്തിന്റെയും, സ്നേഹത്തിന്റെയും സന്ദേശമാണല്ലോ സമ്മാനിക്കുന്നത്. ഇന്നത്തെ സ്വാർത്ഥതയുടെ ലോകത്തിൽ ദൈവസ്നേഹം നമ്മിൽനിന്ന് കൂടുതലായി ഉണ്ടാകണം. നമ്മുടെയെല്ലാം കുടുംബജീവിതത്തിന്റെ അടിസ്ഥാനമാകേണ്ടത് പരസ്പരമുള്ള സ്നേഹമാണ്. സ്നേഹത്തിൽ അധിഷ്ഠിതമായ ജീവിതശൈലി നമ്മിൽ ഉണ്ടാകുവാൻ ശ്രദ്ധിക്കാം.

ഒക്ടോബർ 1 വയോജന ദിനമായിട്ട് ആചരിക്കുന്നുവല്ലോ. യുണൈറ്റഡ് നേഷൻസ് ഓർഗനൈസേഷൻ 1990 മുതലാണ് ഇത് ആചരിച്ചുവരുന്നത്. തങ്ങളുടെ ജീവിതകാലം മുഴുവൻ മക്കളുടെ ഉന്നമനത്തിനായി സമയവും ആരോഗ്യവും ചെലവഴിച്ച നമ്മുടെ മാതാപിതാക്കളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ടല്ലോ. അവർ പ്രായമാകുന്ന അവസ്ഥയിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുകയും, ജീവിതം ക്ലേശകരമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ അവർക്ക് കരുതലായിരിക്കേണ്ടവരാണ് നാം ഓരോരുത്തരും എന്ന ചിന്തയാണ് ഈ ദിനം നമുക്ക് സമ്മാനിക്കേണ്ടത്. ജോലിയോടുള്ള ബന്ധത്തിൽ ഭവനത്തിൽനിന്ന് ദൂരത്തിലായിരിക്കുന്നവർ മാതാപിതാക്കളെ ഇടയ്ക്ക് സന്ദർശിക്കുവാനും, ആധുനിക മാർഗ്ഗങ്ങളിലൂടെ അവരുമായി തുടർച്ചയായുള്ള ബന്ധത്തിൽ ആയിരിക്കുവാനും ശ്രദ്ധിക്കണം. അവർക്ക് നാം ഉണ്ട് എന്ന വിശ്വാസം സൃഷ്ടിക്കുവാൻ ഇടയാകണം. തങ്ങളുടെ മക്കൾ വിദൂരത്തിലാണ് എന്ന് മാതാപിതാക്കളും മനസ്സിലാക്കണം.അതിനാൽ അവർക്ക് എപ്പോഴും കൂടെയായിരിക്കുവാനും സാധിക്കുകയില്ലല്ലോ. അത് മനസ്സിലാക്കി പെരുമാറുവാനും ഇടയാകണം.

ക്നാനായ സമുദായത്തെ 52 വർഷം ശുശ്രൂഷിച്ച് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ കൂബർ നീത്തി ഹാക്കിമോ പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമീസ് തിരുമേനിയുടെ 23-ാമത് ശ്രാദ്ധപ്പെരുന്നാൾ ഈ മാസം 29, 30 തീയതികളിൽ നാം ആചരിക്കുകയാണല്ലോ. അഭിവന്ദ്യ പിതാവ് കബറടങ്ങിയിരിക്കുന്ന ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ ശ്രാദ്ധപ്പെരുന്നാൾ ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ എല്ലാ ആളുകളും ഈ ദിവസങ്ങളിൽ നടക്കുന്ന എല്ലാ ശുശ്രൂഷകളിലും പങ്കെടുക്കുവാൻ ശ്രമിക്കണം. അഭിവന്ദ്യ തിരുമേനിയുടെ പ്രാർത്ഥന നമുക്കെന്നും കോട്ടയായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഛത്തീസ്ഗഡ്ഡിൽ സിസ്റ്റർ പ്രീതി മേരി, സിസ്റ്റർ വന്ദന ഫ്രാൻസിസ് എന്നീ സിസ്റ്റേഴ്സിനെ ജൂലൈ 25-ന് നിർബന്ധിത മതപരിവർത്തനം എന്ന കുറ്റം ചുമത്തി ദിവസങ്ങളോളം അറസ്റ്റ് ചെയ്തത് നാം അറിഞ്ഞുവല്ലോ. സഭകളുടെയും, മറ്റ് നേതാക്കന്മാരുടെയും പരിശ്രമഫലമായി അവരെ ജയിൽ മോചിതരാക്കി. വർഷങ്ങളായി ക്രിസ്തീയ സഭകൾ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ ഫലമായി എന്തെല്ലാം മാറ്റങ്ങളാണ് പല സ്ഥലത്തും, പ്രത്യേകിച്ച് നോർത്ത് ഇന്ത്യയിൽ നടക്കുന്നത് എന്നതിന് നമ്മിൽ പലരും സാക്ഷികളാണ്. സേവനങ്ങളെ അംഗീകരിക്കുവാനും, അതിലൂടെ ലഭ്യമായ നന്മകളെ നന്ദിയോടെ സ്മരിക്കുവാനും എല്ലാവർക്കും സാധിക്കണം. ഭാരതത്തിന്റെ പല ഉൾഗ്രാമങ്ങളിലും താമസിച്ച് അനുഗ്രഹീതമായ നന്മ പ്രവർത്തിക്കുന്നവരെ ഓർത്ത് പ്രാർത്ഥിക്കുവാൻ നമുക്ക് സാധിക്കണം. അവർ നേരിടുന്ന പരീക്ഷണങ്ങളിൽ ദൈവകൃപ വ്യാപരിക്കട്ടെയെന്നും ഇത്തരം സംഭവങ്ങളുടെ നടുവിലും കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ അവർക്കിടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**മോർ സേവേറിയോസ് കുറിയാക്കോസ്**
**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

# സമുദായ വാർത്തകൾ



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

കഴിഞ്ഞ മാസങ്ങളിലെ സമുദായ വാർത്തകളിൽ പയ്യനാട്ടച്ചൻ ക്നാനായ സമുദായത്തിന് എതിരെ യാതൊരു തെളിവുമില്ലാതെ 2021 കാലയളവിൽ എഡേസാ തോട്ടവുമായി ബന്ധപ്പെട്ട് ഇറക്കിയ ആരോപണത്തിനെതിരെ ക്നാനായ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കേസ് കൊടുക്കുകയും ലീഗൽ നടപടികൾ തുടങ്ങുകയും ചെയ്തപ്പോൾ അതിനെതിരെ ചിങ്ങവനം JCA ഹാളിൽ സഹായ മെത്രാൻ ഈവാനിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ സഹായപക്ഷം ആളുകൾ സമുദായ മെത്രാപ്പോലീത്തയ്ക്കും സെക്രട്ടറിക്കും എതിരേ ഒരു പ്രതിഷേധ മീറ്റിംഗ് കൂടുകയുണ്ടായി. ആ മീറ്റിംഗിൽ സമുദായ മെത്രാപ്പോലീത്തായെയും സെക്രട്ടറിയേയും വളരെ ഹീനമായും മ്ലേച്ഛമായും മുൻ സമുദായ സെക്രട്ടറി ഏലിയാസ് സ്ക്കറിയ പ്രസംഗിക്കുകയുണ്ടായി. ആ പ്രസംഗം ഇപ്പോഴും സോഷ്യൽ മീഡിയയിൽ കിടപ്പുണ്ട്. ആയതിന് എതിരെ ക്നാനായ കമ്മിറ്റിയുടെ തീരുമാനപ്രകാരം ലീഗൽ നടപടിയിലേക്ക് നീങ്ങിയിരിക്കുകയാണ്.

ഇതിനെതിരെ കമ്മിറ്റികൂടി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും നിയമപരമായ നടപടിയിലേക്ക് പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

സമുദായ സെക്രട്ടറിയുടെ ഓഗസ്റ്റ് ആറാം തീയതിയിലെ നോട്ടീസിൻ പ്രകാരം ക്നാനായ അസ്സോസിയേഷൻ ഓഗസ്റ്റ് 29-ാം തീയതി കൂടുകയുണ്ടായി. അതിലെ പ്രധാന ചില തീരുമാനങ്ങൾ ചുരുക്കമായി രേഖപ്പെടുത്തട്ടെ.

പ്രാർത്ഥനയ്ക്കും ധ്യാന പ്രസംഗത്തിനും നോട്ടീസ് വായനയ്ക്കും ശേഷം ആദ്യംതന്നെ അസ്സോസിയേഷൻ അംഗം ശ്രീ.സി.കെ. ബേബി ചെറുശ്ശേരിക്കളം ഡയസിനുമുമ്പിൽ വന്ന് ആഗസ്റ്റ് പതിനേഴാം തീയതി സമുദായ മെത്രാപ്പോലീത്തായെയും സമുദായ സെക്രട്ടറിയെയും അപകീർത്തിപ്പെടുത്തി സഹായ മെത്രാൻ ഈവാനിയോസിന്റെ നേതൃത്വത്തിൽ കൂടിയ പ്രതിഷേധമീറ്റിംഗിന് എതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി പ്രസംഗിച്ചു. അതിനെ തുടർന്ന് ധാരാളം അംഗങ്ങൾ പ്രതിഷേധ മീറ്റിംഗിനെതിരെ പ്രതിഷേധിച്ചു. ചർച്ചകൾക്ക്ശേഷം ആ മീറ്റിങ്ങിൽ പ്രസംഗിച്ച എല്ലാവർക്കും എതിരെ ക്നാനായ അസ്സോസിയേഷൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. പിന്നീട് സത്യപ്രതിജ്ഞയ്ക്കു ശേഷം കഴിഞ്ഞ അസ്സോസിയേഷൻ കഴിഞ്ഞ് സമുദായത്തിൽ നടന്ന പ്രധാന കാര്യങ്ങൾ സഭയെ അറിയിച്ചു.

സമുദായ വിഷയങ്ങൾ തീരുന്നതിനുവേണ്ടി യാക്കോബായ സഭയിലെ അഭി. കാതോലിക്കാബാവയും ആയി സമുദായത്തിലെ വിഷയങ്ങൾ തീരുന്നതിന് നാല് പ്രാവശ്യം സിറ്റിംഗ് നടത്തി ചർച്ച ചെയ്തു എന്നും ചർച്ച തുടർന്നു കൊണ്ടിരിക്കുന്നു എന്നും അറിയിച്ചു. അതുപോലെ തന്നെ വീണ്ടും അഭി. കാതോലിക്കാബാവായും ആയിട്ട് ചർച്ച ചെയ്യുവാൻ തീരുമാനിച്ചു. കൂടാതെ ക്നാനായ സമുദായത്തിൽ ഇപ്പോൾ 77 ഒറിജിനൽ കേസുകളും 229 IA കളും നിലവിൽ ഉണ്ട് എന്നും ഇതിനു പുറമേ സമുദായ മെത്രാപ്പോലീത്തയുടെ പേരിൽ വിജിലൻസ് കോടതി കേസിൽ എഫ്.ഐ.ആർ ഇട്ടിട്ടുണ്ട് എന്നും സഭയെ അറിയിച്ചു. പിന്നീട് കഴിഞ്ഞ അസ്സോസിയേഷൻ മീറ്റിംഗ് മിനിറ്റ്സിന്റെ പ്രധാനപ്പെട്ട കാര്യങ്ങൾ സെക്രട്ടറി വായിച്ചു.

വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന സമുദായ അംഗങ്ങൾ അവിടുത്തെ ദൈവാലയങ്ങളിൽ മെമ്പർഷിപ്പ് എടുക്കണം എന്ന് തീരുമാനത്തിന് ഉടൻ തന്നെ സമുദായ മെത്രാപ്പോലീത്ത കല്പന ഇറക്കുമെന്ന് സഭയെ അറിയിച്ചു.

കഴിഞ്ഞ അസ്സോസിയേഷനിൽ സഹായ മെത്രാന്മാരെ സമുദായത്തിന്റെ ദൈവാലയങ്ങളിൽ സമുദായത്തിലെ വിഷയങ്ങൾ തീരുന്നതുവരെ ക്ഷണിക്കേണ്ടതില്ല എന്ന തീരുമാനം സമുദായ മെത്രാപ്പോലീത്ത പു:നപരിശോധനയ്ക്ക് മടക്കി അയച്ചു എന്ന് സെക്രട്ടറി അറിയിച്ചു. ചർച്ചകൾക്കുശേഷം ആ തീരുമാനം മാറ്റി വയ്ക്കുവാൻ തീരുമാനിച്ചു.

പിന്നീട് വാർഷിക റിപ്പോർട്ടിനെക്കുറിച്ചും സമുദായത്തിന്റെ കണക്കിനെക്കുറിച്ചും ഉള്ള ചോദ്യോത്തരങ്ങളിലേക്ക് കടന്നു സമുദായത്തിലെ വ്യവഹാരങ്ങൾക്കുവേണ്ടി ഭീമമായ തുക വേണ്ടി വന്നു. അതിന്റെ സിംഹഭാഗവും സമുദായ അംഗങ്ങളിൽനിന്ന് കേസിനുവേണ്ടി സംഭാവനയായി പിരിച്ചെടുത്തതാണെന്നും, സമുദായത്തിൽനിന്നും ചെറിയ ഒരു എമൗണ്ട് മാത്രമേ കേസിനുവേണ്ടി ചെലവാക്കിയിട്ടുള്ളു എന്നും സെക്രട്ടറി സഭയെ അറിയിച്ചു.

വിശദമായ ചർച്ചകൾക്കുശേഷം സമുദായത്തിന്റെ 2024 ലെ റിപ്പോർട്ടും കണക്കും ഏകകണ്ഠേന പാസ്സാക്കി.

പിന്നീട് ഓതറ നസ്രേത്ത് ആശ്രമത്തിൽ ഒഴിവ് വന്ന ആശ്രമം സെക്രട്ടറിയുടെ സ്ഥാനത്തേക്കുള്ള ഇലക്ഷൻ ആണ് നടന്നത്. ഇലക്ഷനിൽ രണ്ട് സ്ഥാനാർത്ഥികൾ നാമനിർദ്ദേശം വന്നുവെങ്കിലും ഒരാൾ പിന്മാറിയിന്റെ വെളിച്ചത്തിൽ റ്റി. കെ. കുര്യൻ തേക്കാട്ടിലിനെ ആശ്രമം സെക്രട്ടറിയായി ഏകകണ്ഠേന തെരഞ്ഞെടുത്തു.

പിന്നീട് പ്രമേയങ്ങളിലേക്കു കടന്നു. അമേരിക്കയിലെ വിഷയവുമായി ബന്ധപ്പെട്ട് അവതാരകൻ രാജൻ കുറിയാക്കോസ് യു.എസ്.എ. അനുവാദകൻ റ്റിജു തോമസ് മൂഴിപറമ്പിൽ യു.എസ്.എ. എന്നിവർ അവതരിപ്പിച്ച പ്രമേയം. നാലാമത്തെ തവണയും ഈ അസ്സോസിയേഷൻ യോഗം അഭി. സിൽവാനോസ് തിരുമേനിയെ അമേരിക്ക, യൂറോപ്പ് ചുമതലകളിൽ നിന്ന് വിടർത്തി തിരികെ വിളിക്കണം എന്ന് സമുദായ മെത്രാപ്പോലീത്തായോട് ശുപാർശ ചെയ്യണം എന്നായിരുന്നു അവതരിപ്പിച്ച പ്രമേയം. ഇത് നേരത്തെ പല പ്രാവശ്യം പാസ്സാക്കിയിട്ടുള്ളതാണെന്നും ഇനിയും പ്രത്യേക അജണ്ടവെച്ച് അസ്സോസിയേഷൻ കൂടി ആയതിൽ അവതരിപ്പിക്കാം എന്ന് തീരുമാനിച്ച് മാറ്റിവെച്ചു.

ജേക്കബ് തോമസ് ഇടവഴിക്കൽ ബോസ്റ്റൻ യു.എസ്.എ. അവതാരകനായും, ധനൂപ് ജോസ് മണിമലേത്ത് യു.എസ്. എ. അനുവാദകനായും ആയി വന്ന പ്രമേയം സമുദായ

ത്തിലെ ദൈവാലയങ്ങളിൽ കല്പനകൾ, സർക്കുലറുകൾ. കറസ്പോണ്ടൻസും സമുദായ മെത്രാപ്പോലീത്തായുടെ അറിവോടുകൂടി മാത്രമേ സഹായമെത്രാൻമാർ ഇറക്കാവൂ എന്ന് പ്രമേയത്തിലെ ആദ്യ ആവശ്യം അംഗീകരിച്ചു. സമുദായ മെത്രാപ്പോലീത്തായോട് അതിന് ആവശ്യമായ കല്പന ഇറക്കുവാൻ ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ക്നാനായ കമ്മിറ്റി അംഗങ്ങളായ സാബു കണ്ണാട്ടിപ്പുഴ അവതാരകനായും, തോമസുകുട്ടി തേവർകുഴി അനുവാദകനായും അവതരിപ്പിച്ച പ്രമേയം ക്നാനായ സമുദായത്തിലെ റിട്ടയർ ചെയ്ത വൈദികൻ ഫാ. പി. റ്റി. മാത്യു പയ്യനാട്ട് ക്നാനായ സമുദായ മെത്രാപ്പോലീത്തായേയും ക്നാനായ കമ്മറ്റിയേയും അധിക്ഷേപിച്ചുകൊണ്ട് പബ്ളിക്ക് മീറ്റിംഗിൽ പ്രസംഗിച്ച അച്ചന്റെ മേൽ നടപടിയെടുക്കുവാൻ സമുദായ മെത്രാപ്പോലീത്തായോടും വൈദിക കൗൺസിലിനോടും ശുപാർശ ചെയ്യുവാൻ തീരുമാനിക്കണം എന്നായിരുന്നു പ്രമേയം. പ്രമേയം ഏകകണ്ഠേന പാസ്സാക്കി.

അടുത്ത പ്രമേയം ജിജി കെ. സി. അവതാരകനായും സിക്ക് വി. പുന്നൂസ് അനുവാദകനായും അവതരിപ്പിച്ച പ്രമേയം ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ കല്പനകൾ അനുസരിക്കാത്ത വൈദികർ സമുദായ ദൈവാലയങ്ങളിൽ ശുശ്രൂഷ നടത്തുന്നത് സമുദായ മെത്രാപ്പോലീത്തായുടെ അനുവാദത്തോടെ ആയിരിക്കണമെന്ന് സമുദായമെത്രാപ്പോലീത്തായ്ക്കും വികാരിമാർക്കും നിർദ്ദേശം കൊടുക്കണമെന്ന് തീരുമാനിക്കണം എന്നും അതിന് സമുദായമെത്രാപ്പോലീത്താ കല്പന ഇറക്കണമെന്ന പ്രമേയം ഐക്യകണ്ഠേന പാസ്സായി.

അമേരിക്കയിലെ ഡാളസ് പള്ളിയിൽ ചെറിയാൻ മൂഴിയിലച്ചൻ സമുദായമെത്രാപ്പോലീത്താ ട്രാൻസ്ഫർ ചെയ്ത ദൈവാലയത്തിൽ പോകാതെ മെത്രാപ്പോലീത്തായുടെ കല്പന അനുസരിക്കാതെ അവിടെ തുടരുന്നതിനാൽ അദ്ദേഹം നാട്ടിൽ വരുമ്പോൾ നാട്ടിലെ ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്യുവാൻ പ്രവേശിപ്പിക്കരുതെന്ന് അസ്സോസിയേഷൻ പാസ്സാക്കി. സമുദായമെത്രാപ്പോലീത്തായോട് അതിനുള്ള കല്പന ഇറക്കുവാൻ ശുപാർശ ചെയ്യുവാൻ ഐക്യകണ്ഠേന തീരുമാനിച്ചു.

ഹൂസ്റ്റണിലെ സെന്റ് ജോൺസ്പള്ളി വികാരി സക്കറിയ കരോട്ടേക്കുറ്റച്ചൻ ക്നാനായ സമുദായവുമായി യാതൊരു ബന്ധവുമില്ലാതെ കുടുംബ ദേവാലയം പോലെ നടത്തി അസ്സോസിയേഷൻ അംഗങ്ങളെ തിരഞ്ഞെടുക്കാതെയും ക്നാനായ സമുദായത്തിന്റെ മെത്രാപ്പോലീത്തായുടെ കല്പന വായിക്കാതെയും വർഷങ്ങളായി തുടരുന്ന അദ്ദേഹം നാട്ടിൽ വരുമ്പോൾ ക്നാനായ ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്യുവാൻ അനുവദിക്കേണ്ടതില്ലാ എന്ന് സമുദായമെത്രാപ്പോലീത്ത കല്പന ഇറക്കുവാൻ ശുപാർശ ചെയ്യുവാൻ ഐക്യകണ്ഠേന അസ്സോസിയേഷൻ പാസ്സാക്കി.

ഇപ്പോൾ അമേരിക്കയിലുള്ള അനിൽ കൊന്നയ്ക്കൽ, സിബി പടിപ്പുരയ്ക്കൽ, ജോസഫ് തേനാംകുഴി എന്നീ വൈദികർ ക്നാനായ ഭരണഘടന അനുസരിക്കാതെ അമേരിക്കയിലും, യൂറോപ്പ് എന്നീ വിദേശരാജ്യങ്ങളിൽ സമുദായം അംഗീകരിക്കാത്ത വിഘടിതപള്ളികളിൽ പോയി ശുശ്രൂഷ ചെയ്യുന്നു. അവർ നാട്ടിൽ വരുമ്പോൾ ക്നാനായ ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്യുവാൻ അനുവദിക്കരുത് എന്ന് സമുദായ മെത്രാപ്പോലീത്തായോടും വൈദിക കൗൺസിലിനോടും ശുപാർശ ചെയ്യുവാനും ആവശ്യമായ കല്പന ഇറക്കണമെന്നും ഐക്യകണ്ഠേന തീരുമാനിച്ചു.

പുതുതായി പട്ടമേറ്റ സിജോ ഫിലിപ്പ് അച്ചൻ സമുദായ മെത്രാപ്പോലീത്തായുടെ അനുവാദം ഇല്ലാതെയും, ക്നാനായ സമുദായത്തിന്റെ അസ്സോസിയേഷൻ തീരുമാനപ്രകാരം ഏഴുവർഷത്തിനുശേഷം മാത്രമേ വിദേശത്തു പോകാവൂ എന്നുള്ളതും തിരസ്ക്കരിച്ചുകൊണ്ട് യു. കെ.യിൽ പോയിരിക്കുന്നു. ഇത് അച്ചടക്കരാഹിത്യം ആണ്. അദ്ദേഹത്തിന്റെ പേരിൽ നടപടിയെടുക്കുവാൻ സമുദായ മെത്രാപ്പോലീത്തായോട് ശുപാർശ ചെയ്യുവാൻ അസ്സോസിയേഷൻ ഐക്യകണ്ഠേന തീരുമാനിച്ചു.

സമുദായത്തിനും സമുദായ മെത്രാപ്പോലീത്തായ്ക്കും എതിരായി പബ്ലിക് മീറ്റിംഗ് നടത്തി അപമാനിച്ചതിൽ പങ്കെടുത്ത അസ്സോസിയേഷൻ അംഗങ്ങളുടേയും ഭാരവാഹികളുടേയും പേരിൽ സമുദായ പരമായ നടപടിയെടുക്കുവാനും അവർ പള്ളികളിലോ സമുദായത്തിലോ യാതൊരു സ്ഥാനങ്ങളിലോ ഇനിയും മത്സരിക്കുവാനോ സ്ഥാനം വഹിക്കുവാനോ പാടില്ല എന്നും ക്നാനായ സമുദായ മെത്രാപ്പോലീത്തായോട് ശുപാർശ ചെയ്യുവാൻ ഐക്യകണ്ഠേന തീരുമാനിച്ചു.

ജിബി പ്ലാന്തോട്ടം എന്ന അച്ചൻ പരസ്യമായി ക്നാനായ സമുദായത്തിലെ വൈദികരെ പോങ്ങന്മാർ എന്നും, കോഞ്ഞാട്ടകൾ എന്നും വിളിച്ചതിന് അദ്ദേഹത്തിന്റെ പേരിൽ നടപടിയെടുക്കുവാൻ സമുദായ മെത്രാപ്പോലീത്തായോടും വൈദിക യോഗത്തോടും, വൈദിക കൗൺസിലിനോടും, ആവശ്യപ്പെടുവാൻ ഐക്യകണ്ഠേന തീരുമാനിട്ടു.

സമുദായത്തിൽ യുവജന സമാജം എന്ന പേരിൽ പുതിയ സംഘടന സമുദായം അറിയാതെ രൂപീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ പേരിൽ സമുദായപരമായി നടപടിയെടുക്കുവാനും നിയമപരമായി നടപടിയെടുക്കുവാനും അസ്സോസിയേഷൻ ഐക്യകണ്ഠേന തീരുമാനിച്ചു.

ഇപ്പോൾ സമുദായത്തിൽ നടന്നുകൊണ്ടിരിക്കുന്ന കേസുകളുടെ ലിസ്റ്റ് സമുദായ സെക്രട്ടറി ഓരോന്നോരോന്ന് വായിക്കുകയുണ്ടായി. ഈ അസ്സോസിയേഷനിൽ ഓൺലൈനിൽ ഉൾപ്പെടെ 225 പേർ ഹാജരായിരുന്നു.

സമുദായമെത്രാപ്പോലീത്തായ്ക്കെതിരെ പാത്രിയർക്കീസ് ബാവ എടുത്ത സസ്പെൻഷൻ നടപടി മുൻസിഫ് കോടതിയും, ജില്ലാകോടതിയും, ഹൈക്കോടതിയും സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ മൂന്ന് കോടതി വിധികൾക്കെതിരെ സഹായമെത്രാൻ ഗ്രിഗോറിയോസ് തിരുമേനി 28/8/2025 സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നു. ഈ ലേഖനം തയ്യാറാക്കുമ്പോൾ സുപ്രീം കോടതിയിൽ ചെയ്ത അപ്പീലിന്റെ കോപ്പി സമുദായത്തിന് ലഭിച്ചിട്ടില്ല. സമുദായത്തെ വ്യവഹാരങ്ങളിൽകൂടി ഇല്ലായ്മ ചെയ്യാതെ ഇവിടുത്തെ വിഷയങ്ങൾ സമാധാനത്തിൽകൂടി പരിഹരിക്കുവാൻ കമ്മിറ്റി തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് അതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും നിർത്തുന്നു.

**ക്നാനായ സമുദായ സെക്രട്ടറി**
റ്റി.ഒ. ഏബ്രഹാം, തോട്ടത്തിൽ

# വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടേണ്ട വന്ദ്യ താപസ ശ്രേഷ്ഠൻ- ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ

Er. T.M. Thomas, Kochupurackal Thundiyil, Kallissery

ഇന്നു കേരളക്കരയിലും ഇൻഡ്യയിലും പൗരാണിക സുറിയാനി വിശ്വാസവും സുറിയാനി ക്രിസ്ത്യാനികളും അവശേഷിക്കുന്നതിനു കാരണഭൂതനായവൻ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ ഒരാൾ മാത്രമാണെന്നുള്ളത് തർക്കമില്ലാത്ത സത്യമാണ്. ഉള്ളിൽ ബോധമുണ്ടെങ്കിലും ഉരിയാടാൻ വയ്യ എന്ന പരിതാപകരമായ പരിസ്ഥിതിയിൽ ഇരിക്കുമ്പോഴാണ് യുഗപ്രഭാവനായ ഇട്ടിത്തൊമ്മൻ ആനപ്രാമ്പാൽ ആഞ്ഞിലിമൂട്ടിൽ കുടുംബത്തിൽ 1600 മേടം 7 നു ഭൂജാതനായത്.

16-ാം നൂറ്റാണ്ടിൽ വ്യാപാരികളായി കേരളക്കരയിൽ പോർട്ടുഗീസുകാർ വന്നപ്പോൾ അവർക്കു സഹായികളായിരുന്നതു ഇവിടുത്തെ സുറിയാനി ക്രിസ്ത്യാനികളായിരുന്നു. കാലക്രമേണ അവർ കരബലവും സേനാബലവുമുള്ള ഭരണാധിപന്മാരായി മാറി. നാട്ടുരാജാക്കന്മാർ അവരുടെ ഹിതാനുവർത്തികളാകുവാൻ നിർബന്ധിതരായി. ഇവിടെയുള്ള ക്രിസ്ത്യാനികളും പറങ്കികളുടെ ഹിതാനുവർത്തികളായി വർത്തിച്ചുകൊള്ളുമെന്ന മനോഭാവത്തിലേക്കു മാറി. പറങ്കികളുടെ റീത്തായ ലത്തീൻ റീത്തല്ലാത്ത ക്രിസ്ത്യാനികൾ എല്ലാം തന്നെ വേദവിപരീതികളാണെന്ന് അവർ മുദ്രകുത്തി. സർവ്വജനത്തേയും അവരുടെ രീതിയിലേക്ക് ആക്കുവാൻ ഏതു കുത്സിത മാർഗ്ഗവും സ്വീകരിക്കാൻ മടിച്ചില്ല എന്ന വസ്തുത ഇടവഴിക്കൽ ശ്രീ. ഇ.എം. ഫിലിപ്പോസും മറ്റു പല സഭാചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. വിശ്വാസികളുടെ പ്രീതി പറ്റുവാൻ പള്ളിപ്പെരുനാളുകളിൽ ഇവർ മധുരപലഹാരങ്ങൾ ക്കൊപ്പം കൊഴുക്കട്ടയ്ക്കകത്ത് സ്വർണ്ണനാണയങ്ങൾ വച്ചു കൊടുക്കൽ ആദിയായ പല കുത്സിത മാർഗ്ഗങ്ങളും സ്വീകരിച്ചിരുന്നു. പീഡനങ്ങളാലും മറ്റു വിധത്തിലുള്ള സ്വാധീനങ്ങളാലും രാജ്യപ്രീതിക്കുവേണ്ടിയുമൊക്കെ കുറെപ്പേർ കാത്തോലിക്കാ വിശ്വാസത്തിലേക്ക് മറിഞ്ഞുകൊണ്ടിരുന്നു. പോർട്ടുഗീസ് സൈന്യത്തിന്റെയും നാട്ടു രാജ്യസൈന്യത്തിന്റെ പീഡനങ്ങളാലും ഭീഷണികളാലും മറ്റും മിക്കപ്പോഴും കത്തനാരും അദ്ദേഹത്തോടൊപ്പം ഒന്നാം മാർത്തോമ്മായും ഒളിവിൽ കഴിയേണ്ടിയിരുന്ന സാഹചര്യവുമായിരുന്നു. മലങ്കരയിലെ നസ്രാണികൾ തങ്ങളുടെ വിശ്വാസ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നവരും വിശ്വസ്തരുമായിരുന്നതിനാൽ അവരുടെ അമൂല്യങ്ങളായ വിശ്വാസ പാരമ്പര്യങ്ങൾ അടിയറ വെക്കുകയില്ല എന്ന ഉറച്ച തീരുമാനങ്ങൾ സുധീരം നില കൊണ്ടതിനാൽ രാജ ശക്തിയിൽ നിന്നുള്ള പീഡനങ്ങൾ മൂലം വളരെ വീർപ്പുമുട്ടിക്കൊണ്ടിരുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിലാണ് സഭാസംരക്ഷകനായി നാടും വീടും വിട്ടു വിശ്വാസ സംരക്ഷകനായി പ്രിയ കത്തനാർ രംഗപ്രവേശനം ചെയ്യുന്നത്. അദ്ദേഹത്തോടൊപ്പം ഒന്നാം മാർത്തോമ്മായും സന്തതസഹചാരിയായി, സഹായകനായി കൂടെയുണ്ടായിരുന്നു. പറങ്കി സേനകളുടെയും ഗോദവർമ്മൻ രാജാവിന്റെ സൈന്യത്തിന്റെയും കണ്ണിൽപെടാതെ ഒളിവിൽ കഴിഞ്ഞു കൊണ്ടാണു പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഈ കാലയളവിൽ ഒരിക്കൽ കത്തനാരെയും തോമ്മാ അർക്കദിയാക്കോനെയും മുളന്തുരുത്തി പള്ളിയിൽ തടവിലാക്കി. കൊച്ചി ഗോദവർമ്മൻ രാജാവിന്റെയും പറങ്കിപട്ടാളത്തിന്റെയും കാവലിൽ ആക്കിയിരുന്നു. ഒരിക്കൽ കത്തനാരെയും മാർത്തോമ്മായേയും സന്ദർശിക്കാനായി രണ്ടു അൽമായ പ്രമുഖന്മാർ മുളന്തുരുത്തിപള്ളിത്തടവറയിൽ ചെന്നപ്പോൾ കൂർമ്മ ബുദ്ധിയായ കത്തനാർ സന്ദർശകരുമായി വേഷപകർച്ച നടത്തി അവിടെ നിന്നും രക്ഷപ്പെടുകയായിരുന്നു.

നിരന്തരമായ പ്രാർത്ഥനയും നോമ്പും ഉപവാസവും കുമ്പിടീലും അദ്ദേഹത്തെ ശക്തിപ്പെടുത്തി കൊണ്ടിരുന്നു. ഇട്ടിത്തൊമ്മന്റെ കാൽമുട്ടിലെ തഴമ്പ് അക്കാലത്ത് അശ്രാന്ത പരിശ്രമത്തിന്റെ ഒരു ചിഹ്നമായി കരുതിയിരുന്നു. താപസനെന്നതിനുപരിയായി അദ്ദേഹം ഒരു എഴുത്തുകാരനും നർമ്മരസം തുളുമ്പുന്ന ഒരു താർക്കികനും ആയിരുന്നു. വിസ്താരഭയത്താൽ അധികം നീട്ടുന്നില്ല എങ്കിലും ഒരു സംഭവം മാത്രം രേഖപ്പെടുത്തുന്നു. സുപ്രസിദ്ധ താർക്കികൻ എന്ന നിലയിൽ അദ്ദേഹം എക്കാലവും പ്രകീർത്തിക്കപ്പെട്ടിരുന്നു. വർഷം തോറും തമിഴ്നാട്ടിൽ സവർണ്ണഭവനങ്ങൾ സന്ദർശിക്കുകയും ഒരു പണ്ഡിത സദസ്സ് സംഘടിപ്പിച്ച്, ആരെന്തു പറഞ്ഞാലും അതിനെതിരായി തർക്കിച്ച് അവരെ തോൽപ്പിച്ച് പ്രതിഫലമായി പറഞ്ഞിരിക്കുന്ന പൂവരാഹൻ വാങ്ങിപ്പോകുക പതിവായിരുന്നു. ആർക്കും തന്നെ അദ്ദേഹത്തെ തോൽപ്പിക്കാൻ സാധിച്ചിരുന്നില്ല. അങ്ങനെ ഒരിക്കൽ ചെങ്ങന്നൂർ മുണ്ടങ്കാവിലുള്ള വഞ്ഞിപ്പുഴ മഠത്തിൽ താർക്കികൻ വന്നറിഞ്ഞ് ഇട്ടിത്തൊമ്മൻ കത്തനാർ അവിടെ ആഗതനായി. ആരെന്തു പറഞ്ഞാലും അതിനെതിരെ തർക്കിച്ച് അവരെ തോൽപ്പിക്കുകയായിരുന്നു ടീയാന്റെ രീതി. എല്ലാവരും തന്നെ ഭയന്നു മാറി നിന്നപ്പോൾ കത്തനാരും ചെന്ന് ടിയാന്റെ സാമുദ്രിക ലക്ഷണങ്ങൾ പരിശോധിക്കുന്നതായി ഭാവിച്ച ശേഷം കത്തനാരു പറഞ്ഞു അങ്ങയുടെ അച്ഛൻ ഒരു സാംബവൻ (പറയൻ) അല്ലായിരുന്നു. ശാസ്ത്രി വിയർത്തുപോയി. ടിയാൻ അതിനുശേഷം വന്നിട്ടില്ല. എന്നാണ് കേൾക്കുന്നത്. ഇതേ മാതിരി പല സംഭവങ്ങൾ ഉണ്ട്. വിസ്താരഭയത്തിൽ വിടുകയാണ്. പൗലോസിന്റെ ചരിത്രം എന്നൊരു പദ്യകൃതി അദ്ദേഹം രചിച്ചിട്ടുണ്ട്. സാഹചര്യത്തിന് അനുസൃതമായി പല കമന്റുകൾ പറയുമായിരുന്നത്രേ. ഒന്നാം മാർത്തോമ്മയ്ക്ക് കൈവെപ്പു കൊടുക്കാൻ അന്ത്യോഖ്യായിൽനിന്നും മേൽപ്പട്ടക്കാരെ കിട്ടാതെ വന്ന സാഹചര്യത്തിൽ 7 വൈദികർ ചേർന്ന് കൈവെപ്പു നടത്തിയപ്പോൾ കത്തനാരുടെ പ്രതികരണം ആയിരം ചുരകത്തി (ക്ഷൗരകത്തി) വച്ചാൽ മരം വീഴുമോ എന്നു പറഞ്ഞു മാറി നിൽക്കുകയായിരുന്നു. പുറകാലെ 1665 ൽ ഒന്നാം മാർത്തോമ്മയ്ക്ക് ഗ്രിഗോറിയസ് പാത്രിയർക്കീസ് കൈവെപ്പു നൽകി.

സുറിയാനി മേൽപട്ടക്കാർക്ക് ഇൻഡ്യയിൽ കടന്നു വരാൻ അനുവദിക്കാതിരുന്ന കാലഘട്ടത്തിൽ 1653 ൽ സൂററ്റിൽ വന്നി

റങ്ങിയ അഹത്തുള്ള പാത്രിയർക്കീസിനെ പോർട്ടുഗീസുകാർ പിടിച്ചു ബന്ധനത്തിലാക്കി അവരുടെ ആസ്ഥാനമായ ഗോവയിലേക്ക് കൊണ്ടു പോകുന്നതിനായി കൊച്ചി അഴിമുഖത്ത് കൊണ്ടു വന്ന വിവരം അറിഞ്ഞ് ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിൽ ആയിരക്കണക്കിനു രണശൂരന്മാരായ സുറിയാനിക്കാർ കൊച്ചിയിലെത്തി. ഇവിടെ വന്നപ്പോൾ കിട്ടിയതു അഹത്തുള്ള പാത്രിയാർക്കീസിനെ കടലിൽ കെട്ടിത്താഴ്ത്തി എന്ന ദുഃഖ വാർത്തയാണ്. പ്രകോപിതരായ വിശ്വാസ സമൂഹത്തെ നിയന്ത്രിച്ച്, പറങ്കികളുടെ കോട്ടവാതിൽ അടച്ചതിനാൽ തടിച്ചു കൂടിയ ആയിരക്കണക്കിനു സുറിയാനിക്കാരെ മട്ടാഞ്ചേരി കുരിശിലേക്ക് നയിച്ച് അതിൽ ആലാത്ത് കെട്ടി അതിൽ പിടിച്ച് റോമാനുകത്തിനു അടിമപ്പെടാതെ ആദിത്യ ചന്ദ്രന്മാർ ഉള്ളിടത്തോളം അന്ത്യോഖ്യാ വിശ്വാസത്തിൽ ഉറച്ചു നിൽക്കും എന്ന സത്യവാചകം ചൊല്ലി കൊടുത്ത് വിശ്വാസികൾ അത് ഏറ്റു പറഞ്ഞ മഹൽ പ്രക്രിയയാണല്ലോ കൂനൻ കുരിശു സത്യം എന്ന ചരിത്ര സംഭവം അറത്തുങ്കൽ കടലോരത്തു വെളുത്തച്ചന്റെ മൃതദേഹം അടിഞ്ഞു കയറിയെന്നും അവിടെയാണ് അർത്തുങ്കൽ പള്ളി സ്ഥാപിച്ചിരിക്കുന്നതെന്നുമാണ് ആ നാട്ടുകാരുടെ ഇടയിലെ ഐതീഹ്യ സംസാരം.

ഒന്നാം മാർത്തോമ്മയായി തെരഞ്ഞെടുത്ത വ്യക്തിത്വത്തിനു കൈവയ്പ്പാനായി അന്ത്യോഖ്യാ യിലെ പാത്രിയർക്കീസിനോടു അപേക്ഷിച്ചിരുന്നുവെങ്കിലും പോർട്ടുഗീസുകാരുടെ ആധിപത്യം നിമിത്തം ആർക്കും കടന്നുവരാൻ സാധിച്ചിരുന്നില്ല. വിശ്വസ്തതയോടും സത്യത്തോടും കൂടി മിക്കവാറും ഏകനായി സ്വസഭയ്ക്കും, സമുദായത്തിനുമായി സമരം ചെയ്തുവെങ്കിലും പുണ്യവാനായ മോശയെപ്പോലെ സ്വപ്രയത്നത്തിന്റെ സന്തോഷകരമായ ഫലങ്ങളെ കണ്ടാനന്ദിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല. പരമഭക്തനും ധീരനുമായ ക്രിസ്തുവിന്റെ ഈ ഭടൻ 1659 മേടം 27-ാം തീയതി കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെടുകയും സ്വഇടവകയായ കല്ലിശ്ശേരി പള്ളിയിൽ യഥാവിധി സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

ഇതിന്റെ സ്മാരകമായി കല്ലിശ്ശേരി പള്ളിയിൽ ഒരു ശില്പരൂപം സ്ഥാപിക്കുന്നതിനു സാധിച്ചതിൽ കല്ലിശ്ശേരി ഇടവകക്കാരും വിശിഷ്യാ അതിന്റെ നിർമ്മാണ കമ്മറ്റിക്കാരും നിർമ്മാണത്തിനു സഹകരിച്ച വ്യക്തികളും അഭിമാനം കൊള്ളുന്നു.

കത്തോലിക്ക സഭയൊഴിച്ചുള്ള എല്ലാ സുറിയാനി ക്രിസ്ത്യാനികളും ഇന്നു കേരളക്കരയിൽ നിലനിൽക്കുന്നതിനു കാരണഭൂതനായ പ്രിയ പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനു സഭാ നേതൃത്വം ബാദ്ധ്യസ്ഥരാണ്.


പ്രിയ പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുനന്തിനു ആവശ്യമായ നടപടി ക്രമങ്ങൾ അധികാരപ്പെട്ടവർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ●

***എഡിറ്റോറിയൽ***
*(പേജ് 4 തുടർച്ച)*

തകളുടെയും കേസുകളുടെയും പിന്നിൽ വ്യവസ്ഥാപിത ഭരണരീതികളെക്കുറിച്ചുള്ള അജ്ഞതയും തെറ്റിദ്ധാരണകളും വലിയ പങ്കുവഹിക്കുന്നണ്ട്. ആ ദയനീയ സ്ഥിതിയിൽനിന്നു സഭ മോചനം പ്രാപിക്കാതെ ഒരു പുരോഗമനവും സാദ്ധ്യമല്ല. ക്നാനായക്കാരായ നമ്മളിൽ ഇന്ന് വഴക്കുകൾ വർദ്ധിച്ച് നാശത്തിന്റെ വക്കിൽ എത്തിച്ചിരിക്കുകയാണ് സ്വന്ത സഹോദരങ്ങൾ തമ്മിൽപോലും വലിയ ഭിന്നത വർദ്ധിച്ചിരിക്കുകയാണ്. ഈ ദുസ്ഥിതി മാറ്റുന്നതിനുവേണ്ടി സമുദായ അംഗങ്ങൾ കക്ഷി പിടിക്കാതെ ഒറ്റക്കെട്ടായി നിൽക്കേണ്ടി ഇരിക്കുന്നു. ബഹുമാനപ്പെട്ട വൈദികർ ഒറ്റക്കെട്ടായി നിന്നുകൊണ്ട് സമുദായ അംഗങ്ങളെ യോജിപ്പിച്ച് ഇന്നത്തെ പ്രതിസന്ധിയിൽനിന്നും സമുദായത്തെ രക്ഷിക്കണം. ഒരു പാത്രിയർക്കീസ്, മെത്രാപ്പോലീത്ത, മൂന്ന് സഹായ മെത്രാന്മാർ, വൈദികർ, അസ്സോസിയേഷൻ കമ്മിറ്റി ശക്തമായ ഒരു ഭരണഘടന ഇവയെ നിലനിർത്തിക്കൊണ്ട് ബാഹ്യമായ ഒരു ശക്തിക്കും ഇടപെടാൻ ഇടയാകാത്ത നിലയിൽ മുമ്പത്തെപോലെ നമുക്ക് മുന്നോട്ടുപോകാം. അല്ലെങ്കിൽ നമ്മൾ നശിച്ചുപോകാം. അഭിവന്ദ്യ മെത്രാച്ചന്മാർ ഒന്നിച്ചു നിന്നാൽ ഇത് പരിഹരിക്കാം. അവർ ഒന്നിക്കുവാൻ മനസ്സു കാണിക്കുന്നില്ലെങ്കിൽ വൈദികർ സംഘടിപ്പിച്ച് അവരെ ഒരു ശുശ്രൂഷയിലും പങ്കെടുപ്പിക്കാതിരുന്നാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കും. ആയതിന് നമുക്ക് ഒന്നിച്ചു കക്ഷി ഇല്ലാതെ പ്രവർത്തിക്കാം.

നാവികൻ മാത്രം വിചാരിച്ചാൽ കപ്പലോടുകയില്ല. കപ്പലും കടലും പ്രകൃതി പ്രതിഭാസങ്ങളും അമരക്കാരനും കപ്പൽ ജീവനക്കാരും അവരിടപഴകുന്ന ഉപകരണങ്ങളും തമ്മിലിഴുകിയ ഇടപാടുകളിലൂടെയാണ് കപ്പലോടുന്നത് ഈ പ്രവർത്തന സംവിധാനം ശക്തമാണെങ്കിൽ ഏതു പ്രതിസന്ധിയേയും തരണം ചെയ്തു കപ്പൽ മുമ്പോട്ടു നീങ്ങും അനേകരുടെ നിലവിളിയുടെയും പ്രാർത്ഥനയുടെയും ഫലമാണ് ഇന്നത്തെ നമ്മുടെ പദവികളും നേതൃത്വവും ഇത് ചിന്തിച്ച് പ്രവർത്തിക്കണമെന്ന് അപേക്ഷിക്കുന്നു.

**എന്ന്**
**നിങ്ങളുടെ പ്രിയ റോയി അച്ചൻ** ●



**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ജിഷ തോമസ്**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ജോസഫ് & മേരി, തലയോലപ്പറമ്പ്**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ജിനിൽ & തോമസ്, കാരക്കാട്ട്**

# കുർബ്ബാന വീഥിയിൽ

ഫാ. ജേക്കബ് കല്ലുകുളം

**തൂയോബോ (രഹസ്യമായ ഒരുക്ക ശുശ്രൂഷ)**

രണ്ട് ഭാഗങ്ങൾ ഉണ്ട് 1) മൽക്കിസദേക്കിന്റെ ക്രമം 2) അഹറോന്റെ ക്രമം.

**മൽക്കിസദേക്കിന്റെ ക്രമം**

നമസ്ക്കാരങ്ങൾക്ക് ശേഷം വി. കുർബ്ബാന അർപ്പിക്കുന്ന പുരോഹിതൻ ശുബ്ക്കോനോ ചോദിച്ച് പരി. മദ്ബഹായിൽ പ്രവേശിച്ച് തിരശ്ശീല ഇട്ടുകൊണ്ട് ഒരുക്കശുശ്രൂഷ നടത്തുന്നു. ആദ്യത്തേത് മൽക്കിസദേക്കിന്റെ ക്രമമാണ്. ഇവിടെ അപ്പവീഞ്ഞുകൾ ക്രമീകരിക്കുന്ന ഭാഗമാണ്. ഇതിവൃത്തം ഏലാം രാജാവായ കേദൊർലായോവെർ ലോത്തിനേയും അവന്റെ സമ്പത്തിനേയും കൊണ്ടുപോയപ്പോൾ അബ്രഹാം 318 യോദ്ധാക്കളുമായി പോയി അവരെ പരാജയപ്പെടുത്തി വിജയശ്രീലാളിതനായി മടങ്ങി വന്നപ്പോൾ ശാലേം രാജാവായ മൽക്കീസദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു അബ്രഹാം സകലത്തിലും ദശാംശം കൊടുത്തു ഉല്പ.14:9–21. പുരോഹിതൻ അംശവസ്ത്രം ധരിക്കാതെ ചെയ്യുന്ന ശുശ്രൂഷയാണ്. പ്രാർത്ഥനകൾ ചൊല്ലി പീലാസായിൽ അപ്പവും, കാസായിൽ വീഞ്ഞു വെള്ളവും സമമായി കലർത്തി ഒഴിച്ച് ആരാധനയ്ക്കായി സമർപ്പിക്കുന്നു. തുടർന്ന് ഒരുക്ക പ്രാർത്ഥനകൾ നടത്തി ക്രമം അവസാനിപ്പിക്കുന്നു.

**അഹറോന്റെ ക്രമം**

പുരോഹിതൻ അംശവസ്ത്രങ്ങൾ (കാപ്പ) ധരിച്ചുകൊണ്ട് നടത്തുന്ന ശുശ്രൂഷയാണ്. ത്രോണോസിന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചതിനുശേഷം കാസാ, പീലാസാകൾ, മൂടിയിരിക്കുന്ന കബിലാ കബിലാന മാറ്റി വലത്തു കയ്യിൽ പീലാസായും, ഇടതുകൈയ്യിൽ കാസായും ഇടതു കൈയ്യുടെ മുകളിൽ വലതുകൈ കുരിശാകൃതിയിൽ പിടിച്ച് ദർഗായിൽ കയറിനിന്നുകൊണ്ട് മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തുന്നു. ജീവനോടിരിക്കുന്ന വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. വി. കുർബ്ബാനയിൽ ഓർക്കുവാൻ തന്നിരിക്കുന്ന പേരുകൾ ഓർക്കുന്നു. തുടർന്ന് പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നു. പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥന നടത്തുന്നു. രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അനുതാപികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. പരേതർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. വി. കുർബ്ബാന അർപ്പിക്കുന്ന പുരോഹിതന്റെ പിതാവ്, മാതാവ് തുടങ്ങി വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. പേര് നിശ്ചയമില്ലാത്ത പരേതർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. സകല മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നു. പുരോഹിതന്റെ ചാർച്ചക്കാർ, ഗുരുക്കന്മാർ, മാതാപിതാക്കൾ എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. തുടർന്ന് കാസാ പീലാസകൾ തബ്ലീത്താ പലകമേൽ വച്ച് ശോശപ്പാകൊണ്ട് പടിഞ്ഞാറുനിന്ന് കിഴക്കോട്ടായി മൂടി ദർഗായിൽനിന്ന് ഇറങ്ങിയതിനുശേഷം പ്രമിയോൻ ചൊല്ലുന്നു. തുടർന്ന് ധൂപകുറ്റിയിൽ കുന്തിരിക്കം ഇട്ട് പ്രാർത്ഥന ചൊല്ലിയതിനുശേഷം സെദ്റാ ചൊല്ലുന്നു. അതിനുശേഷം ദർഗായിൽ കയറി രഹസ്യങ്ങളുടെമേൽ ധൂപകലശം ആഘോഷിക്കുന്നു. കിഴക്ക്, പടിഞ്ഞാറ്, വടക്ക്, തെക്ക് പ്രാർത്ഥനകൾ ചൊല്ലുന്നു. ദർഗായിൽനിന്ന് ഇറങ്ങി ത്രോണോസിന്റെ മദ്ധ്യത്തിൽ വീശി മുത്തിക്കൊണ്ട് കാരുണ്യവാനായ പിതാവിനോട് പ്രാർത്ഥിക്കുന്നു. വടക്കുവശത്ത് പുത്രനോട് പ്രാർത്ഥിക്കുന്നു. ഒപ്പം ശോശപ്പ കോണു മടക്കി വെയ്ക്കുന്നു. തുടർന്ന് പരി. റൂഹായോടു പ്രാർത്ഥിച്ച് മുത്തുന്നു. വലതുവശത്ത് അവസാനം ഹൂത്തോമ്മോ പ്രാർത്ഥന ചൊല്ലി കൗമ ചൊല്ലി വിശ്വാസപ്രമാണം ചൊല്ലി തുയോബോ അവസാനിക്കുന്നു.

വി. കുർബ്ബാനയിൽ പേരുകൾ കൊടുത്തിരിക്കുന്നവരെ ഓർക്കുന്ന ഒന്നാമത്തെ സമയമാണ് അഹറോന്റെ ക്രമം.

## ശുഭചിന്തകൾ

**വിജയത്തിൽ സന്തോഷിക്കുന്നത് നല്ലത്, പക്ഷെ ഓർക്കുക അത് അന്തിമമല്ല. പരാജയത്തിൽ നിരാശപ്പെടാതിരിക്കുക, കാരണം ഒരു പരാജയവും മാരകമൊ അന്തിമമോ അല്ല. ജയപരാജയങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. അതിൽ അമിതമായ ആഹ്ലാദമോ നിരാശയോ വേണ്ട തുടരാനുള്ള ധൈര്യമാണ് പ്രധാനം.**

**കഴിഞ്ഞു പോയത് ഒന്നും തിരികെ വരില്ല എന്നത് കൊണ്ട് തന്നെ ഭൂതകാലത്തെ ഖേദമില്ലാതെ സ്വീകരിക്കയും അംഗീകരിക്കയും ചെയ്യുക. വർത്തമാനകാലത്തെ തികഞ്ഞ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യുക. ഭാവിയെ ഭയമില്ലാതെ നേരിടാൻ തയാറാവുക. ഇതാണ് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം.**

**PLOT FOR SALE**
കോട്ടയം ടൗണിൽ വീട് വയ്ക്കാൻ
അനുയോജ്യമായ, ചുറ്റുമതിലോടു കൂടിയ
13 സെന്റ് സ്ഥലം വില്പനയ്ക്ക്
Cont. 9961068598,
0097455324180 Whats App


Celebrated
40th Wedding Anniversary
കെ.പി. ജെയിംസ്
&
മോളമ്മ ജെയിംസ്
With Love and Best Wishes from...
Advt -O


PROJECT BY
KNANAYA
WEDDINGS.COM
ക്നാനായ
വെഡ്ഡിംഗ്സ്
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com

Advt -O

# St. Joseph Knanaya Church, Cambridge UK
## Managing Committee 2025-2027

(Vicar)



**Fr. Jomon Punnoose**
Kochuparambil
Chingavanam
St. John's Puthenpally

(Trustee)



**Siju Thampy**
Pulayakunnil
St. Mary's Knanaya Church
Eraviperoor

(Secretary)



**Jomon Thomas**
Kangazha house
St. Mary's Knanaya Church
Mazhukeer

### Committee Members



**Anu Skariah**
Parayil House
St.Thomas Valliyapalli
Ranni



**Biju Kuruvilla**
Manalelchirayil
St Mary's Knanaya
Church Valiapalli
Kottayam



**Jinu James**
Ampalappattu House
St. Mary's Knanaya
church
Thiruvanvandoor



**Sijo Kuruvilla**
Mundaplackal house
St. Thomas Knanaya
Kurisupally Edakulam
Ranny



**Thomas Chacko**
Vaniyapurackal
St George Knanaya
Valiyapalli, Neelamperoor

(Auditor)



**Jeslin Raju**
Pathil House
St George Knanaya
Valiyapalli,
Neelamperoor

(Vanitha Samajam Co-Ordinators)



**Jeena Shinty**
Planthottam
St John's
Puthenpally
Chingavanam



**Reena Abraham**
Malathusseril
St John's Dayara
church Chingavanam

Advt - O

## അസ്സോസിയേഷൻ മീറ്റിംഗ്



മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ അസ്സോസിയേഷൻ മീറ്റിംഗ് ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ ആമുഖ പ്രസംഗം നടത്തുന്നു. കമ്മിറ്റി അംഗം സാബു കണ്ണാടിപ്പുഴ, ലിനു വരാത്ര, സജി താന്നിക്കൽ, അസ്സോസിയേഷൻ പ്രസിഡന്റ് ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരി, ഫാ.എം.സി സക്കറിയാ മധുരംകോട്ട്, ട്രസ്റ്റി റ്റി.സി തോമസ് തോപ്പിൽ, തോമസ്കുട്ടി തേവരുമുറിയിൽ, രഞ്ജു കോഴിമറ്റം, ജോബി കാരിക്കോട്, രാജു വള്ളപ്പുരക്കൽ, തമ്പാൻ തോമസ് എന്നിവർ സമീപം

## ആർട്ടിവോ 2025



ചിങ്ങവനം ക്ലിമീസ് സ്കൂളിന്റെ കൾച്ചറൽ ഫെസ്റ്റ് 'ആർട്ടിവോ 2025' ക്നാനായ സമുദായ സെക്രട്ടറി ശ്രീ. ടി.ഓ. എബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു, സ്കൂൾ മാനേജർ റവ. ഫാ.എം.സി. സക്കറിയ മധുരംകോട്ട്, പ്രിൻസിപ്പൽ ജെഷ പി. തരകൻ, റ്റിംസ് തോമസ്, മജു പി.കെ., ലിഡി മേരി ചാക്കോ, ഷീബ ജേക്കബ്, കെ. വൈശാഖൻ, ഹെൽന സാറ സിജി, ഗൗരി കൃഷ്ണ, ഏദൻ മറിയം മനോജ് തുടങ്ങിയവർ സമീപം




Advt -O



## സിൽവർജൂബിലി ലോഗോ പ്രകാശനം ചെയ്തു

ബാംഗ്ലൂർ ഹെന്നൂർ സെന്റ് മേരീസ് ക്നാനായ പള്ളിയുടെ സിൽവർ ജൂബിലി ആരംഭം കുറിച്ചുകൊണ്ട് പെരുന്നാൾ ദിനത്തിൽ (17/8/25) സിൽവർ ജൂബിലി ലോഗോ പ്രകാശനം ചെയ്യുന്നു.
ഫാ. ജേക്കബ് കല്ലുകുളം,
ഫാ. ഷിജു തോമസ് കല്ലേലിൽ, ഫാ. മോനായി ഫിലിപ്പ് കർക്കിടകംപള്ളിയിൽ, ഫാ. ജിനു മേലേൽ,
വികാരി ഫാ.ഡിബിൻ ജേക്കബ് കളത്തിൽപറമ്പിൽ,
ഫാ. ഏലിയാസ് പകലോമറ്റം,
പള്ളിയുടെ ട്രസ്റ്റി ബിറ്റു വാണിയപ്പുരക്കൽ,
സെക്രട്ടറി ടോബി വളഞ്ഞൻതുരുത്തിയിൽ,
പെരുന്നാൾ കൺവീനർ എബി മൂഴിക്കൽ വാലയിൽ,
നിർവാഹക സമിതി അംഗങ്ങൾ എന്നിവർ സമീപം.



## ഓണാഘോഷം നടത്തപ്പെട്ടു

ഓതറ നസ്രത്ത് ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഓണാഘോഷം ക്നാനായ കമ്മിറ്റി അംഗം ശ്രീ. തോമസുകുട്ടി തേവരുമുറിയിൽ ഉദ്ഘാടനം ചെയ്യുന്നു. യോഗത്തിൽ ക്നാനായ സമുദായ വികാരി ജനറൽ വെരി. റവ. ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ അധ്യക്ഷത വഹിച്ചു. ആശ്രമം സെക്രട്ടറി ടിബി താമരപ്പള്ളി സ്വാഗതം ആശംസിച്ചു. കമ്മിറ്റി അംഗങ്ങളായ കുഞ്ഞുമോൻ ആലഞ്ചേരിൽ, റെജി പ്ലാന്നികുന്നേൽ എന്നിവർ പ്രസംഗിച്ചു.



We were honored to welcome Mor Severios Kuriakose to St. Joseph Knanaya Church, Cambridge, for the inauguration of our food bank on 14th June 2025


## ഓണാശംസകൾ ക്നാനായദീപം & ക്ലീമിസ് പ്രസ്സ്



Advt - O

# സമൃദ്ധമായ ജീവിതം- നേതൃത്വം!



സുനിൽ ഡി. കുരുവിള

"ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവീൻ"- റോമർ. 12:2.

ഒരു പക്ഷെ, ക്രിസ്തു ശിഷ്യന്റെ കാലുകഴുകി നമുക്ക് നൽകിയത് നേതൃത്വത്തിന്റെ 'മഹാ' മാതൃകയാണ്. സേവിക്കപ്പെടുന്നതല്ല മറിച്ചു സേവിക്കുന്നതാണ് നേതൃത്വം എന്ന് ലോകത്തോട് വിളിച്ചുപറഞ്ഞ സന്ദർഭം.

സ്നേഹംകൊണ്ട് ഹൃദയം കൊണ്ട് സേവനംകൊണ്ട് തനിക്ക് ചുറ്റുമുള്ളവരെ നയിച്ച ക്രിസ്തു.

**Servent leadership** എന്ന പുതിയ നേതൃമാർഗ്ഗം ലോകത്തിനു പരിചയപ്പെടുത്തി. തന്റെ പ്രവർത്തനങ്ങളിലൊന്നും ക്രിസ്തു സ്വയം പ്രകീർത്തിച്ചില്ല; ദൈവത്തിൽ മാത്രം ശരണപ്പെട്ടു; എല്ലാവരേയും തന്നെക്കാൾ കൂടുതൽ സ്നേഹിച്ചു അവർക്കുവേണ്ടി സ്വയം ത്യജിച്ചു. നേതൃത്വം മുൾകിരീടവും ക്രൂശുമായി ഏറ്റെടുത്തവൻ!

അദ്ധ്വാനിക്കുന്നവന്റെ-ഭാരം ചുമക്കുന്നവന്റെ-സാധാരണക്കാരുടെ നേതാവ്. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും എന്ന് അരുളിയവൻ-സ്വയം മാതൃകയായി കൂടെ കൂട്ടിയവർ എല്ലാം അസാധാരണക്കാരായിരുന്നു. ദൗത്യത്തിലേക്ക് നയിച്ചു. എന്നാൽ അവരെ

**Transforma-tional leadership-** കണ്ടുമുട്ടിയവരെയെല്ലാം രൂപാന്തരത്തിലേക്ക് നയിച്ചവൻ.

"കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു."

നിലപാടുകളുടെ നേതൃത്വം-താൻ ആരെ നയിക്കാൻ വന്നുവെന്നും ആരോടൊപ്പം നിലകൊള്ളണമെന്നും തന്റെ ലക്ഷ്യം എന്താണെന്നും ഓരോ നിമിഷവും തിരിച്ചറിഞ്ഞു നിലകൊള്ളുക.

വിമർശിക്കേണ്ടതിനെ വിമർശിക്കാൻ മറന്നില്ല. തിരുത്തേണ്ടതിനെ തിരുത്താൻ മറന്നില്ല. പഠിപ്പിക്കേണ്ടവരെ പഠിപ്പിക്കാൻ മറന്നില്ല. ഉന്നത നേതൃത്വം ഉന്നത ഗുരുസ്ഥാനമാണ് എന്ന് തിരിച്ചറിഞ്ഞു നിലകൊള്ളുക. എന്നും എളിയവരുടെ - ന്യൂനപക്ഷത്തിന്റെ- വേദനിക്കുന്നവന്റെ ഭാഗത്തു അവൻ ചേർന്നു നിന്നു. ആൾക്കൂട്ടത്തെ ഭയന്നില്ല അധികാരത്തെ ഭയന്നില്ല പണത്തിന്റെ- ദ്രവ്യത്തിന്റെ സ്വാധീന വലയത്തിൽ പെട്ടില്ല.

"നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി."

യോഹന്നാൻ. 13-അധികാര വർഗ്ഗത്തിനെതിരെ ആൾക്കൂട്ടത്തിനെതിരെ ഒരു നിർദ്ധന വേശ്യ സ്ത്രീയുടെ പക്ഷം ചേരാൻ മറ്റാർക്കാണ് കഴിയുക? നമുക്കല്ലാതെ മറ്റാർക്കാണ് അവൻ ആ മാതൃക നൽകിയത്?

താൻ നയിക്കുന്നവരിലേക്ക് സ്വയം അലിഞ്ഞു ചേരുന്ന നേതൃത്വം. ലളിതമായതിലും (simple) ചെറുതിലും (small) ഒക്കെ മഹത്വം കാണിച്ചു തന്ന നേതൃത്വം. Ego യാണ് ഇന്ന് നേതൃത്വത്തിന്റെ ശാപം. വയലിലെ പുൽച്ചെടിക്കുപോലും ശലോമോനെക്കാളും മഹത്വമുണ്ടെന്നു ഓർമ്മിപ്പിച്ചവൻ! തന്റെ യാത്രയ്ക്ക് കഴുതയെ തിരഞ്ഞെടുത്തത് വലിയ ഒരു ദർശനം നല്കാനായിരുന്നില്ലേ?

**Leadership of simplicity and humility.**

"അഗതികൾക്കു വിശ്വസ്തതയോടെ ന്യായപാലനം ചെയ്യുന്ന രാജാവിന്റെ സിംഹാസനം എന്നേയ്ക്കും സ്ഥിരമായിരിക്കും." സദൃ. 29:14 അവന്റെ നേതൃശൈലി ഒരിക്കലും അധികാരത്തിന്റെയോ സ്ഥാനമാനങ്ങളുടേതോ ആയിരുന്നില്ല. ഒരു സ്ഥാനവും വഹിക്കാതെ തന്നെ അവനെ ഗുരു എന്നും രാജാധിരാജനെന്നും ലോകം വിളിച്ചു. നന്മചെയ്യാൻ അധികാരം വേണമെന്നില്ല. തിന്മ ചെയ്യാൻ അധികാരം തീർച്ചയായും വേണം. ഉത്തരവാദിത്വവും കരുതലും നിസ്വാർത്ഥ സേവനവുമായിരുന്നു അവൻ കാട്ടിത്തന്ന നേതൃരൂപം.

നേതൃത്വത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി മറ്റുള്ളവരെ നയിക്കുന്നതല്ല; അവനവനെ നയിക്കുന്നതാണ്. കൃത്യമായി നിയന്ത്രിച്ചുകൊണ്ടും ശ്രേഷ്ഠനായി ഉയർന്നു നിന്നുകൊണ്ടും മാതൃകയാവേണ്ടതുണ്ട് എന്ന് ക്രിസ്തു പഠിപ്പിച്ചു. സാത്താന്റെ പരീക്ഷണങ്ങളെ character കൊണ്ട് നേരിട്ടവൻ! Character ആണ് ഒരു നേതാവിനെ ഉന്നതമായി അടയാളപ്പെടുത്തുന്നത്.

When Abraham Lincoln was asked if God was on the Union's side, Lincoln's unvarying response was that what was really important was whether they were on God's side. ലോകമാനങ്ങളും കയ്യടികളും നേട്ടങ്ങളും നേടാനുള്ള ഓട്ടം ക്രിസ്തു മാർഗ്ഗമല്ല. ക്രിസ്തു മാർഗ്ഗം ക്രൂശിലേക്കാണ് ലക്ഷ്യം വെക്കേണ്ടത്. ആരെ അനുസരിക്കണമെന്നും ആരെ നയിക്കണമെന്നും ആരെ അകറ്റിനിർത്തണമെന്നും അവൻ കൃത്യമായി തിരിച്ചറിഞ്ഞു. പ്രാർത്ഥനയും പ്രവർത്തനവും പ്രത്യാശയും അവന്റെ പ്രതിരോധ ആയുധങ്ങളായിരുന്നു. പ്രലോഭനങ്ങളിൽ തീരെ പിടികൊടുക്കാതെ 'offer'കളിൽ വീഴാതെ നിൽക്കാൻ ഇന്ന് ആത്മീയ നേതൃത്വത്തിനുപോലും കഴിയുന്നില്ല. ക്രിസ്തുവിന്റെ നേതൃത്വത്തിന്റെ ശക്തി തിരിച്ചറിയാം!

Total obedience and submission to God; total commitment to people. ഉയർന്ന മൂല്യങ്ങൾ കൊണ്ടും പ്രവർത്തനംകൊണ്ടും അവൻ 'മനുഷ്യനെ പിടിക്കുന്നതിന്റെ' പൊരുൾ കാട്ടിത്തന്നു. വിധവയുടെ ഓട്ടക്കാശിന്റെ 'മൂല്യം'... മുൻപേ വരുന്നവനും പിൻപേ വന്നവനും ഒരേ കൂലി... ലോകത്തിനു പുതിയ ദർശനം നൽകി.



**Clarity of vision and mission:** അവൻ നയിക്കുന്നവരെക്കുറിച്ച് അവനു വ്യക്തമായ ദർശനമുണ്ടായിരുന്നു. അവർക്കുവേണ്ടി കൃത്യമായ ദൗത്യങ്ങളും കർമ്മങ്ങളും വിഭാവനം ചെയ്തു.... കുറഞ്ഞവരെയും കാണാതെ പോയവരെയും വീണുപോയവരെയും സ്ത്രീകളെയും കുഞ്ഞുങ്ങളേയും അവൻ കൂടുതൽ കരുതി. പ്രതികൂലങ്ങളെ മുമ്പിൽനിന്നു നയിച്ചു.

മികച്ച team ഉണ്ടാക്കി; ബന്ധങ്ങൾ വളർത്തി; തന്നിലൂടെ തന്റെ ജീവിതത്തിലൂടെ ദൈവമഹത്വം ധാരാളമായി ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു.

"ഇനി മുതൽ നീ മനുഷ്യനെ പിടിക്കുന്നവനാകും," തന്നെ പിൻവാങ്ങി വന്നവരെയെല്ലാം അവൻ നേതൃത്വത്തിലേക്ക് നയിച്ചു. അവരെ ചുമതല ഏൽപ്പിച്ചു. True leaders create more leaders.

ഇന്ന് അഴിമതിയും സ്വജനപക്ഷപാതവും ഒക്കെകൊണ്ട് നേതൃത്വം എല്ലാ രംഗത്തും നിരാശ മാത്രം നൽകുമ്പോൾ, ക്രിസ്തുവിനെ അറിഞ്ഞവരും പഠിച്ചവരും വ്യത്യസ്തരാവേണ്ടതല്ലേ? മാറ്റം എവിടെനിന്നു തുടങ്ങും? തീർച്ചയായും അത് ക്രിസ്തുവിനെ അറിഞ്ഞവരിൽനിന്നു തന്നെ ആരംഭിക്കണം.

ചെറുതും വലുതുമായ ഓരോ നേതൃത്വ റോളുകൾ നമ്മൾ ഓരോരുത്തരും ദിനവും നിർവഹിക്കുന്നുണ്ട്. ആത്മീയ നേതൃത്വത്തിൽ, ഉദ്യോഗത്തിൽ, രാഷ്ട്രീയത്തിൽ, ബിസിനസ്സിൽ, സാമൂഹിക രംഗത്ത്, വിദ്യാർത്ഥി എന്ന നിലയിൽ, കുടുംബനാഥനെന്ന നിലയിൽ ഒക്കെ ആകാം അത്. അവിടെ നമ്മൾ ക്രിസ്തു കേന്ദ്രീകൃതമാണോ? സത്യത്തിന്റെ നീതിയുടെ പക്ഷത്താണോ? എളിയവരുടെ കൂടെയാണോ? ഇടപാടിൽ സുതാര്യതയും എളിമയും കുലീനത്വവും സൂക്ഷിക്കാറുണ്ടോ? പ്രാർത്ഥനയും പ്രത്യാശയും മുറുകെപ്പിടിക്കാറുണ്ടോ? കൂടെയുള്ളവരെക്കുറിച്ചു സമൂഹത്തെക്കുറിച്ചും കാഴ്ചപ്പാടുണ്ടോ? നമ്മളിൽകൂടി ലോകത്തിനു ക്രിസ്തുവിനെ ദർശിക്കാൻ കഴിയുന്നുണ്ടോ?

**"True leaders never conform,but transform!"**

ഒരിക്കൽ മദർ തെരേസ്സ ഒറീസ്സയിലെ ഗ്രാമത്തിൽ ജനങ്ങളുടെ ഇടയിൽ കുറച്ചു ദിവസം പ്രവർത്തിച്ചു മടങ്ങാൻ തയ്യാറെടുക്കുകയായിരുന്നു. കുറെ ഗ്രാമീണർ വന്നു മദറിനോട് ചോദിച്ചു, "നിങ്ങളുടെ ദൈവം ആരാണ്?"

മദർ പറഞ്ഞു, "എന്റെ ദൈവം യേശുവാണ് ." അപ്പോൾ ആ കൂടിവന്ന ഗ്രാമീണർ ഒറ്റ സ്വരത്തിൽ പറഞ്ഞു "എന്നാൽ ഇനി മുതൽ ഞങ്ങടെയും ദൈവം യേശുവാണ്"!

മറ്റുള്ളവർക്ക് നമ്മളെ ഭയപ്പെടുത്താൻ കഴിയുന്നെങ്കിൽ... പ്രലോഭിപ്പിക്കാൻ കഴിയുന്നെങ്കിൽ... വിലയ്ക്കെടുക്കാൻ കഴിയുന്നെങ്കിൽ.. നമ്മൾ ഇന്നും അടിമയാണ്... ആധുനിക അടിമ!

കേരളത്തിലെ ക്രിസ്ത്യൻ സഭകൾ ഇന്നിപ്പോൾ ഒരു ദുരന്ത മുനമ്പിലാണ്. ഈ പ്രതിസന്ധി ഒരേ സമയം വെല്ലുവിളിയും അവസരവുമാണെന്ന് സഭകൾ തിരിച്ചറിയണം. പ്രലോഭനങ്ങളുടെ വൻകടലുകൾ താണ്ടി രക്ഷയുടെ പൊൻവെളിച്ചത്തിലേക്ക് നയിച്ചവന്റെ പിൻഗാമികൾ പരാജയപ്പെട്ടുപോയ ജനതയാണെന്ന് കാലവും ചരിത്രവും വിധിയെഴുതാതിരിക്കട്ടെ.

(Sunil D. Kuruvilla is the founder of INSIGHT MISSION- a centre committed to Education, Career, Leadership & Life. A practising Counsellor and Consultant HR Trainer., He can be contacted @ cell +91 9847400712

Email: sunil_kuruvilla@rediffmail.com

Web: www.insightmission.org.in)

## St. Mary's Congregation Essex, Chelmsford

ഇംഗ്ലണ്ടിലെ Essex- ലും പരിസരപ്രദേശങ്ങളിലും ഉള്ള നമ്മുടെ സമുദായാംഗങ്ങളുടെ സൗകര്യാർത്ഥം കഴിഞ്ഞ ഒന്നര വർഷമായി എല്ലാ രണ്ടാം ശനിയാഴ്ചകളിലും ഫാ.മാത്യൂസ് ഏബ്രഹാം കിഴ ക്കേ തേവർകുഴി അച്ചന്റെ നേതൃത്വത്തിൽ വിശുദ്ധ കുർബ്ബാന നടത്തിവരുന്നു. ഈ പ്രദേശങ്ങളിൽ താമസിക്കുന്നവർ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപെടണമെന്ന് അറിയിക്കുന്നു.

Fr. Mathews - +447887321814
Sekku - 07429959186
Roshan - 07786366614

# ഏദൻതോട്ടം

കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

മനുഷ്യനെ സൃഷ്ടിച്ചശേഷം, ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി. അവനെ അവിടെ പാർപ്പിച്ചു; കാഴ്ചയ്ക്കു മനോഹരവും, ഭക്ഷിപ്പാൻ രുചിയുള്ളതുമായി ധാരാളം വൃക്ഷങ്ങൾ ഉണ്ടാക്കിയശേഷം നടുവിലായിട്ടു ജീവ വൃക്ഷവും, നന്മതിന്മകളെക്കുറിച്ചുള്ള അറിവ് തരുന്ന വൃക്ഷ വും മുളപ്പിച്ചു. ഇതിൽ നന്മതിന്മകളെപ്പറ്റിയുള്ള അറിവിന്റെ വൃക്ഷഫലങ്ങൾ നിങ്ങൾ ഭക്ഷിക്കരുത്. അത് ഭക്ഷിക്കുന്ന നാൾ നിങ്ങൾ മരിക്കുമെന്ന് അരുളിയിരുന്നു. ഈ രണ്ടുവൃ ക്ഷങ്ങൾക്കുള്ള വേദശാസ്ത്രാടിസ്ഥാനത്തെപ്പറ്റിയുള്ള പഠ നമാണ് ഈ ലേഖനവിഷയം.

**നന്മതിന്മകളെക്കുറിച്ച് അറിവിന്റെ വൃക്ഷം**

ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനു ഷ്യനെ സൃഷ്ടിച്ചശേഷം സ്വർഗ്ഗത്തിലെ മാലാഖമാരോടും എല്ലാവരോടും മനുഷ്യനെ വന്ദിക്കുവാൻ ആവശ്യപ്പെട്ടു. എല്ലാവരും അത് അനുസരിച്ചെങ്കിലും അവരിൽ ഒരു വിഭാഗം അത് നിരസിച്ചു. അവരുടെ തലവനാണ് ലൂസിഫർ, അവ രാണ് പിശാച് എന്ന് ബൈബിളിൽ പ്രസ്താവിച്ചിരിക്കുന്ന ത്. അവർ പിന്നീടു ദൈവത്തോടു മത്സരത്തിലായി. ദൈവീക പദ്ധതികൾക്കു വിപരീതമായ പ്രവർത്തനത്തിൽ തന്റെ സൃഷ്ടിയായ മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റിക്കള യാനുള്ള കുബുദ്ധി ആലോചിച്ചു.

**ആദാമ്യ പാപം**

ദൈവം സൃഷ്ടിച്ച മനുഷ്യന്റെ മേൽ അവന്റെ കണ്ണ് പതി ഞ്ഞു. ദൈവം മനുഷ്യരെ സൃഷ്ടിച്ചപ്പോൾ അവരെ ആണും പെണ്ണുമായി പ്രത്യുല്പാദനശേഷിയുള്ളവരായിട്ടാണ് സൃഷ്ടിച്ചത്. മാലാഖമാരെപ്പോലെ പെരുകി വംശവർദ്ധന വിന് ആയിരുന്നു തന്റെ പദ്ധതി. ഈ അറിവും നന്മതിന്മക ളുടെ അറിവും കൊടുക്കുന്ന വൃക്ഷഫലം ദൈവം അവർക്കു കൊടുക്കുന്നതിനു മുമ്പ് സാത്താൻ ദൈവത്തോടു മത്സര ബുദ്ധിയാൽ അവരോടു നിങ്ങൾ ഇത് ഭക്ഷിച്ചാൽ ദൈവ ത്തെപ്പോലെ ആയിത്തീരും എന്നു നുണ പറഞ്ഞ് അവരെ പാപത്തിന്റെ അടിമ ആക്കിത്തീർത്തു. അപ്പോൾ അവരുടെ ദൈവതേജസ്സ് നഷ്ടപ്പെട്ടു. ദൈവസ്വരൂപത്തിലും, സാദൃശ്യ ത്തിലും സൃഷ്ടിക്കപ്പെട്ടവർ വിരൂപത്തിലായപ്പോൾ ദൈവം തമ്മിൽ തമ്മിൽ ഇപ്രകാരം പറഞ്ഞു. അവർ ഇപ്പോൾ നമ്മിൽ ഒരുവനെപ്പോലെ ആയിത്തീർന്നിരിക്കുന്നു. ഇത് പരാ വർത്തനപിശകാണ്. ഇപ്പോൾ അവർ നമ്മിൽ ഒരുവനെ പ്പോലെ അല്ലാതായിത്തീർന്നിരിക്കുന്നു എന്നാണ് വരേണ്ട ശരിയായ തർജ്ജിമ.

വിലക്കപ്പെട്ട ഫലം തിന്നപ്പോൾ നന്മതിന്മകളുടെ അറി വിൽ പ്രത്യുല്പ്പാദന അറിവു ലഭിച്ചത് നിമിത്തം കായീൻ ജനിക്കുന്നു. ഇപ്രകാരം സാത്താന്റെ ഉപദേശം ദൈവത്തോട് ഒന്നാലോചിക്കാതെ അതിന് അടിമപ്പെട്ടതിൽ അവരോടു നീരസം തോന്നിയതിനാൽ ഏദനിൽ നിന്നും പുറത്താക്ക പ്പെട്ടു. ഇതാണ് ആദാമ്യപാപം. ഇതിന്റെ ദോഷഫലമായി നാം പാപസ്വഭാവമായ അസൂയ, നിഗളം, കാമം, ദ്രവ്യാഗ്രഹം ഇവ ഉള്ളവരായി ജനിക്കുന്നു. സാത്താൻ നുണയനായിരു ന്നതിനാൽ നാമും നുണപറയുന്നവരായിത്തീർന്നു. ഈ സാത്താന്റെ പാപസ്വഭാവത്തെ കഴുകി ദൈവമക്കൾ ആക്കി തീർക്കുന്നതിനുള്ള ആദ്യ കൂദാശയാണ് ശിശുസ്നാനം. പിന്നീട് സൺഡേസ്കൂളിൽ നിന്നു യേശു ദൈവപുത്രനെന്ന അറിവു ലഭിക്കുകയും, പാപ സ്വഭാവത്തെ അതിജീവിക്കാ നുള്ള ആത്മാവിന്റെ ഔഷധമായ വി. കുർബ്ബാന വഴി നാം ദൈവമക്കൾ ആയിത്തീരും. തൽഫലമായി നാം പിശാചിന്റെ പാപസ്വഭാവ പ്രേരണമൂലം നമുക്കുണ്ടാകുന്ന അപമാനവും, പാപബോധവും നമ്മിൽ പരിശുദ്ധാത്മാവ് വെളിപ്പെടുത്തി ത്തരുന്ന കാലത്താണ് നാം ഇപ്പോൾ ജീവിക്കുന്നത്. ഞാൻ എന്റെ ന്യായപ്രമാണം അവരുടെ മനസ്സിൽ പ്രതിഷ്ഠിക്കും, അവരുടെ ഹൃദയങ്ങളിൽ എഴുതും (യിരമ്യ 31:33, എബ്രാ. 8:10). ആ കാലമാണ് യേശു സ്ഥാപിച്ച രണ്ടാം ഉടമ്പടിയായ വി. കുർബ്ബാന സ്ഥാപിക്കപ്പെട്ടത്.

**ജീവവൃക്ഷം**

ഏദനിൽ ജീവവൃക്ഷമെന്ന മറ്റൊരു വൃക്ഷവും ഉണ്ടായി രുന്നു. ഇതിനെപ്പറ്റിയുള്ള വേദശാസ്ത്രവും എന്താണെന്നു പരിശോധിക്കാം. 1876 സിറിയായിൽ നിന്നു പത്രോസ് മൂന്നാ മൻ പാത്രിയർക്കീസ് ബാവ വരുകയും ആറ് ഭദ്രാസനങ്ങ ളായി തിരിച്ച് അതിന്റെ ഭരണച്ചുമതലയ്ക്ക് ആറ് മെത്രാ പ്പോലീത്താമാരെ വാഴിക്കയും ചെയ്തതിൽ നിരണം ഭദ്രാ സനത്തിന്റെ ഭരണം പരുമല ഗ്രീഗോറിയോസിനെ ഭരമേൽപ്പി ക്കയും ചെയ്തു. പിന്നീട് അദ്ദേഹത്തിനെ പരിശുദ്ധനായി പ്രഖ്യാപിക്കയും ചെയ്തു. അന്ന് വന്ന പരി. പത്രോസ് പാ ത്രിയർക്കീസ് ബാവ തന്റെ പൂർവ്വികരിൽ നിന്നും ഗ്രഹിച്ച ഏദൻതോട്ടത്തിലെ ജീവവൃക്ഷത്തെപ്പറ്റിയുള്ള ഒരു കഥ തന്റെ പ്രസംഗവിഷയത്തിൽ ഇപ്രകാരം പറയുകയുണ്ടായി.

ഏദൻതോട്ടത്തിൽ നിന്നും പാപം ചെയ്ത ശേഷം അവർ പുറത്താക്കപ്പെട്ടപ്പോൾ മാലാഖ അവിടെ നിന്ന ജീവവൃക്ഷ ത്തിന്റെ ഒരു കമ്പ് ഒടിച്ചുകൊടുത്തു. ഇത് നിങ്ങൾ ഭൂമിയിൽ നട്ടുവളർത്തണമെന്നും നിങ്ങൾക്കുള്ള രോഗശമനത്തിന് ഇതിന്റെ ഇല ചതച്ച് ഔഷധമായി കഴിച്ചുകൊള്ളണമെന്നും അവരോടു പറഞ്ഞതിൻപ്രകാരം അവർ അത് ഭൂമിയിൽ നട്ടു വളർത്തി. പിന്നീട് ശലോമോൻ രാജാവിന്റെ ഉദ്യാനത്തിൽ ആയിരുന്നു ആ വൃക്ഷം വളർന്നിരുന്നത്.

ശലോമോൻ രാജാവിന്റെ ദൈവഭക്തിയും, ബുദ്ധിജ്ഞാ നത്തെപ്പറ്റിയും കേട്ടറിഞ്ഞ എത്യോപ്യൻ ശേബാരാജ്ഞി ശലോമോൻ രാജാവിന്റെ ബുദ്ധിയും കൊട്ടാരവും, ഉദ്യാന വും,നേരിൽ കണ്ടറിയേണ്ടതിന് (1 രാജ.10) ധാരാളം സുഗ ന്ധദ്രവ്യങ്ങളും, ധാരാളം പൊന്നും, അമൂല്യരത്നങ്ങളും ഒട്ട കപ്പുറത്ത് കയറ്റി വന്നു. ധാരാളം ചോദ്യങ്ങൾ അവൾ ചോദി ച്ചറിഞ്ഞതെല്ലാം സത്യമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. പിന്നീട് ശേബാരാജ്ഞി ദൈവഭക്തിയും, ബുദ്ധിമ തിയും ആയിരുന്നു. അവളുടെ ജ്ഞാനം സംബന്ധിച്ച് അവളെ പരീക്ഷിക്കുവാൻ ശലോമോനും തീരുമാനിച്ചശേഷം തന്റെ ഭൃത്യന്മാരോട് തന്റെ ഉദ്യാനത്തിൽ നിൽക്കുന്ന ജീവ വൃക്ഷം വെട്ടിയ തടി തന്റെ ഉദ്യാനത്തിലെ അരുവിക്കുമുക ളിൽ പാലം ആയി ഇടണമെന്ന് നിർദ്ദേശിച്ചിരുന്നു. ഒരു ദിവസം ഇരുവരും ഉദ്യാനം കാണാനായി ഒരു സായാഹ്ന സ വാരിക്കിറങ്ങി. അരുവിക്കുസമീപം വന്നപ്പോൾ പാലത്തിൽക്കൂ

*(ശേഷം പേജ് 23-ൽ)*

# The Interlude of Divine Silence

**Seema Shinto, Kanniyel, Ranni**

The Interlude of divine silence, or the season of quiet trials, is a period that no one truly welcomes, especially amidst hardships and temptations. Yet, such seasons often become an integral parts of our lives as exemplified in the life of Job.

In the life of Job, we witness the profound "Interlude of divine silence", a period where calamity and suffering seemed to overshadow every glimmer of hope, stripped of his wealth, his health and even the comfort of his family. Job faced a silence that was both deafening and unyielding. Yet, this silence was not absence, it was a crucible, refining his faith and fortifying his spirit. Amidst the anguish, Job's unwavering trust in God exemplifies, how divine pause can cultivate patience, humility and deeper understanding. Though answers did not come swiftly. The interlude of divine, silence was the very space in which Job's character and faith were meticulously shaped, Culminating in restoration and blessing for exceeding his former state. In this we learn that silence is often the sacred workshop where destiny is quietly, yet powerfully wrought.

When we go through the book of Job, we can explore the trials and temptations in the life of Job. Job:23:10 "But he knows the way that I take, when he has tested me, I shall come out like gold". Job declaves He will overcome these situations and his trials will purify him, like gold tested in fire.

Let's go through the trials of Job

**1. The First trial: Loss of and wealth**

Raiders steal Job's Oxen and donkeys, fire consumes his sheeps and servants, and violent wind destroys his eldest son's house killing all his children.

**2. The second trial:**

Physical Affliction God permits Satan to inflict a terrible Skin Condition, painful boils-upon Job, causing great physical agony.

But in the midst of these dreadful situation Job didn't blame God. He declaves the unending love and faithfulness of God almigaty. Despite these devastating losses, Job's fait remains intact and he replies. "The Lord gave, and the Lord has taken away, Blessed be the name of the Lord".

So Job's story in the bible is one of faith, patience and resitience and it teaches us timeless truth about facing trials in the life. Job was a man who lived a righteous life and was blessed with wealth, family and good health yet, he faced unimaginable suffering, he lost his children, his possessions and even his health. In the midst of the suffering Job experienced what we can call as "The interlude of divine silence". Where God seemed distant and answers were not immediate

From Job's life we can learn three important lessons:

1. Patience in the midst of suffering

Job's patience shows us that difficult seasons are not permanent. They are opportunities for growth refinement and preparation for the blessings to him. Sometimes silence or waiting is part of God's plan.

2. Faith in God through Trials:

Even when Job did not understand why he was suffering, he never turned away from God. This teaches us that our faith should not depend on circumstances, bed on trust in God's wisdom and timing.

3. Humility and Acceptance:

Job realized that human understanding is limited God's ways are higher than ours. Through humility we can accept life's challenges and still maintain hope and gratitude.

Job's life reminds us that suffering is not always a punishment; it can be a teacher. By maintaining faith, patience and humility, we can emerge stranger, wiser and closer to God. We may face storms and season of silence in our lives. But if we endure it with trust, these very seasons can shape our character, deepen our faith and prepare us for greater blessing. Let us take inspiration from Job and remember that no trial is wasted when we keep our hearts faithful and patient.

# മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്

കഴിഞ്ഞ സാമ്പത്തിക വർഷം ട്രസ്റ്റിന്റെ ഗുണഭോക്താക്കളിൽ നിന്ന് വേണ്ടവിധം സഹകരണം ലഭിച്ചു. അതിന്റെ ഫലമായി 40 ലക്ഷം രൂപയോളം തിരികെ ലഭിക്കുകയും അത്രയും തന്നെ തുക Rs.163/- വിദ്യാർത്ഥികൾക്ക് ലോൺ കൊടുക്കുവാനും സാധിച്ചു.

കഴിഞ്ഞ ആഗസ്റ്റ് മാസം നടത്തിയ 'മോർ സേവേറിയോസ് ദിന കവർപിരിവ്' ഇനത്തിൽ 25 പള്ളികളിൽ നിന്ന് Rs.2,56,561/- രൂപാ ലഭിച്ചു. പല പള്ളികളിലും ലഭിച്ച തുക ട്രസ്റ്റിന്റെ ഓഫീസിൽ ഇതുവരെയുംഎത്തിയിട്ടില്ല എന്ന കാര്യം വ്യസനത്തോടെ അറിയിക്കട്ടെ. പള്ളികളിൽ ലഭിച്ച തുക എത്രയും വേഗം ട്രസ്റ്റിന്റെ ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ വർഷത്തെ കവർപിരിവ് 2025 ആഗസ്റ്റ് മാസത്തിന്റെ അവസാന ഞായറാഴ്ചയായ 31-ാം തീയതി നടത്തുന്നതാണ്. കവറുകൾ പള്ളികളിൽ എത്തിക്കുന്നതാണ്. ബഹു. വികാരിമാർ അന്നേദിവസം ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പള്ളിയിൽ പ്രസ്താവിക്കുകയും നിർവ്വാഹകസമിതിയുടേയും പള്ളി കോ-ഓർഡിനേറ്ററുടേയും സഹകരണത്തോടുകൂടി കവർ പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു. കോ-ഓർഡിനേറ്റർ ഇല്ലായെങ്കിൽ ഈ സ്ഥാനത്തേക്ക് ഒരാളെ തെരഞ്ഞെടുക്കുവാനും താൽപര്യം കാണിക്കണമെ.

29-07-2025 ചൊവ്വാഴ്ച M.S.E. Trust ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം സമുദായമെത്രാപ്പോലീത്ത അഭി.കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. 2024-2025 വർഷത്തെ പ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്യുകയും, Income & Expenditure Account, Balance Sheet, Internal Audit Report സഹിതം പാസ്സാക്കുകയും ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ എടുത്ത പ്രധാന തീരുമാനങ്ങൾ:

1. 2023-2024, 2024-2025 വർഷങ്ങളിലെ വാർഷിക പൊതുയോഗം 2025 സെപ്തംബർ മാസം അഭി. സമുദായമെത്രാപ്പോലീത്തായുടെ സൗകര്യാർത്ഥം ക്നാനായ കമ്മറ്റി കൂടുന്ന ദിവസം നടത്തേണ്ടതാണ്.
2. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഇടവകകൾ സന്ദർശിച്ച് കുടിശിഖ (over due) പിരിവ് ത്വരിതപ്പെടുത്തണം.
3. Trust ന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുന്ന ഇടവകകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾക്ക് മുൻഗണന നൽകണം.
4. 2025 ലെ കവർപിരിവിന്റെ ക്രമീകരണങ്ങൾ ചെയ്യുന്നതിന് എക്സിക്യൂട്ടീവ് ട്രസ്റ്റികളെ ചുമതലപ്പെടുത്തി.
5. Trust deed നുള്ള Ammendments വിശദമായ ചർച്ചയ്ക്കുശേഷം പാസ്സാക്കി.
6. ഓരോ ഇടവകയിൽ നിന്നും നിശ്ചിത തുക ബഡ്ജറ്റിൽ ചേർത്ത് 2025 മുതൽ എല്ലാവർഷവും Trust ന് നൽകണമെന്ന് കാണിച്ച് ഇടവക വികാരിമാർക്ക് എക്സിക്യൂട്ടീവ് ട്രസ്റ്റികൾ സർക്കുലർ അയക്കണമെന്ന് തീരുമാനിച്ചു.

ചർച്ചകൾക്ക് എക്സിക്യൂട്ടീവ് ട്രസ്റ്റികളായ ഫാ. കെ. കെ. ഏബ്രഹാം കുറ്റിയിൽ, തമ്പാൻ തോമസ് കോളഭാഗത്ത് എന്നിവരെ കൂടാതെ ഏബ്രഹാം പുന്നൂസ് അഞ്ചാഞ്ഞിലിമൂട്ടിൽ, ജേക്കബ് പണിക്കർ പണിക്കരോടത്ത്, വില്ലി വടാമറ്റം, ജേക്കബ് തോമസ് ചെറുവട്ടക്കാട്ട്, ബിജു ജേക്കബ് കൈതാരം പുത്തൻപീടികയിൽ എന്നിവർ സംബന്ധിച്ചു.

എക്സിക്യൂട്ടീവ് ട്രസ്റ്റികൾ

**ഫാ. കെ.കെ. ഏബ്രഹാം, കുറ്റിയിൽ**
(9447360743)

**തമ്പാൻ തോമസ്, കോളഭാഗത്ത്**
(9447216944)

---

***ഏദൻതോട്ടം***
*(പേജ് 21 തുടർച്ച)*

ടെ കടന്ന് മറുകരയ്ക്കു പോകാൻ ശേബാരാജ്ഞിയോട് പറഞ്ഞു. അപ്പോൾ ഈ തടി വിശുദ്ധമാണെന്നു ഞാൻ കാണുന്നു. അത് ഞാൻ ചവിട്ടില്ലെന്നു പറയുകയും പകരം മറ്റൊരു തടിയിൽ ചവിട്ടി മറുകരയ്ക്കു പോകയും ഉണ്ടായി. തുടർന്നുള്ള ദിവസം തന്നെ വിശുദ്ധമായ ആ തടിയുടെ വിശുദ്ധിക്കു ഭംഗം വരാതിരിക്കുവാൻ അത് എടുത്ത് യരുശലേമിൽ ബെഥെസ്ദായെന്ന കുളത്തിൽ നിക്ഷേപിച്ചത് പിന്നീടു ചില സമയങ്ങളിൽ ദൈവം മാലാഖമാരെ അയച്ച് അതിൽ പറ്റിപ്പിടിച്ചിരിക്കുന്ന പായൽ ചീകി ശുദ്ധീകരിച്ചിരുന്നു. ചില ദിവസങ്ങളിൽ പായൽ ഇളകി കുളംകലങ്ങുമ്പോൾ ആദ്യം കുളത്തിൽ ഇറങ്ങുന്നവന് രോഗസൗഖ്യം ലഭിച്ചിരുന്നു. ഇത് യഹൂദന്മാർ വിശ്വസിച്ച് പലരും വരുന്ന പതിവിനനുസരിച്ച് 38 വർഷം തളർവാതരോഗിയായിരുന്ന ഒരുവൻ കുളംകലങ്ങുമ്പോൾ ആരും കുളത്തിൽ ഇറക്കാനില്ലെന്ന കദനകഥ യേശുവിനോടു അയാൾ പറഞ്ഞതിൽ മനസ്സലിവു തോന്നിയ യേശു കുളത്തിൽ ഇറക്കാതെതന്നെ അവനു സൗഖ്യം കൊടുത്ത സംഭവം (യോഹ.5:7) നമുക്കു കാണാം.

പിന്നീട് കാലസമ്പൂർണ്ണത വന്നപ്പോൾ യേശുവിനെ തന്റെ പിതാവ് ന്യായപ്രമാണത്തിൻ കീഴിൽ ജനിപ്പിച്ചു (ഗലാ.4:4). യഹൂദന്മാർ പിന്നീട് കുളത്തിൽ കിടന്നിരുന്ന ഈ ജീവവൃക്ഷത്തിന്റെ തടികൊണ്ട് ഉണ്ടാക്കിയ ക്രൂശിലാണ് യേശുവിനെ തറച്ചത്. ആദാമിന്റെ ലംഘനത്താൽ പാപികളായിത്തീർന്ന നമ്മെ ദൈവമക്കൾ ആക്കിത്തീർക്കാൻ എന്നേയ്ക്കും ജീവന്റെ വൃക്ഷം ഫലമായിത്തീർന്ന ആദാമിനു ഭക്ഷിപ്പാൻ കഴിയാതെപോയ ഫലം ആണ് യേശു സ്ഥാപിച്ച വി.കുർബ്ബാന. നമ്മെ അത് ഭക്ഷിച്ച് നിത്യജീവന് അവകാശികൾ ആക്കിയ ദൈവപദ്ധതിയാണ് ചിലർ ഇത് ഒരു കിഴവികഥ മാത്രമെന്നു പരിഹസിക്കുന്നത്. ●

# ഏവൻഗേലിയോൻ ദീപം



റോയി മാത്യൂസ് കോർ എപ്പിസ്ക്കോപ്പാ, മുളമൂട്ടിൽ

**സ്ലീബായ്ക്കു ശേഷം 1-ാം ഞായർ**

**(വി. മർക്കോസ് 13: 30-37) (21-09-2025)**

ഇതൊക്കെ സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞു പോകയില്ല എന്നു സത്യമായിട്ടും നിങ്ങളോടു പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനുംകൂടെ അറിയുന്നില്ല. (മത്തായി 24:34 -39).

തന്റെ വരവിനെ സംബന്ധിച്ചു മുമ്പു പറഞ്ഞ അടയാളങ്ങളൊന്നും അതിന്റെ നാളും നാഴികയും കണക്കാക്കുന്നതിനുവേണ്ടിയുള്ളതല്ല. എല്ലാ കാലങ്ങളിലും ഉള്ള ദൈവത്തിന്റെ ജനം തന്റെ വരവിലുള്ള വിശ്വാസത്തിലും പ്രത്യാശയിലും എന്നും ആയിരിക്കേണ്ടതാണ്. താൻ വരുമ്പോൾ പ്രത്യേകമായി എന്തെങ്കിലും ഒരുങ്ങിയിരിക്കുക എന്നതിൽ അർത്ഥമൊന്നുമില്ല. നമ്മെ ഏൽപ്പിച്ച കാര്യങ്ങൾ വിശ്വസ്തമായി ചെയ്തുകൊണ്ടിരിക്ക എന്നുള്ളതാണ്.

1. അവൻ വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്ന കർത്താവിന്റെ വി. കുർബ്ബാനയിൽ വിശ്വസ്തതയോടുകൂടി പങ്കെടുക്കുവാൻ ഇടയാകണം. കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഭക്തിയോടും വിശുദ്ധിയോടും കൂടി ഭക്ഷിക്കണം.

2. അവൻ വരുവോളം നമ്മെ ഭരമേല്പിച്ചിരിക്കുന്ന താലന്തുകൾ വിശ്വസ്തതയോടുകൂടി വ്യാപാരം ചെയ്തു നേടാവുന്നിടത്തോളം നേടണം.

3. അവൻ വരുവോളം നമുക്കുള്ളതു മുറുകെ പിടിച്ചുകൊള്ളണം. വചനം നാം മുറുകെ പിടിക്കണം. നമ്മുടെ പ്രത്യാശയ്ക്ക് ഭംഗം കൂടാതെ നാം പിടിക്കണം.

4. അവന്റെ വരവോളം ജീവനോടെ ഇരുന്നു അവന്റെ സന്നിധിയിൽ എടുക്കപ്പെടുന്ന ഭാഗ്യ പദവി ലഭിക്കുന്ന വിശ്വാസികൾ ആയിരിക്കണം. ഇവിടെയ്ക്കു കയറി വരുവീൻ എന്ന ശബ്ദം കേൾക്കുന്ന മരണത്തിന്റെ മണമറിയാതെ തോജോരൂപികളായി കർത്താവിനോടുകൂടി ഇമ്പങ്ങളുടെ പറുദീസായിൽ ആവുന്ന ആ സുദിനത്തിന് അർഹരാകണം.

നിനയ്ക്കാത്ത നാഴികയിൽ കർത്താവു വരുന്നു. വീട്ടുകാർക്ക് തത്സമയത്തു ഭക്ഷണം കൊടുക്കേണ്ടതിന് അവരുടെമേൽ ആക്കി വെക്കപ്പെട്ട ദാസന്മാരെക്കുറിച്ച് അവിടെ പറയുന്നു. ക്രിസ്തീയ സഭയിൽ ജനത്തെ നയിക്കുവാൻ ചുമതലപ്പെട്ട സ്ഥാനങ്ങളിൽ ഉള്ളവരെ അതു കുറിക്കുന്നു. അവരിൽ ചിലർ വിശ്വസ്ത ദാസന്മാരായി ഭാഗ്യവാന്മാരുടെ പ്രതിഫലങ്ങൾ പ്രാപിക്കും. എന്നാൽ അങ്ങനെ അല്ലാത്തവർ ഉണ്ട്. അവരെ സംബന്ധിച്ച് ദുഷ്ടദാസന്മാർ എന്നു പറഞ്ഞിരിക്കുന്നു. വളരെ കഠിനമായ ശാസനം എന്നു സംശയമില്ല. യജമാനന്റെ വാക്കുകൾ ദുരുപയോഗപ്പെടുത്തുന്നവരാണവർ. കപടഭക്തിക്കാരെക്കുറിച്ചും പറയുന്നുണ്ട്. മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നത് തീകൊണ്ടു ശോധന ചെയ്യുമ്പോൾ വെന്തുപോകയും അവനു ചേതം വരികയും ചെയ്യുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. 'താനോ രക്ഷിക്കപ്പെടും എന്നാൽ തീയിൽക്കൂടെ എന്നപോലെയത്രേ' (1 കോരി.3:15). നാം ലാഘവത്തോടെ കരുതുവാൻ പാടില്ലാത്തവണ്ണം അതു സംബന്ധിച്ചു വളരെ അധികം പ്രബോധനങ്ങൾ തന്നെയുണ്ട്. പെട്ടെന്നായാലും താമസിച്ചായാലും നാം എല്ലാവരും അതിനെ അഭിമുഖീകരിക്കേണ്ടിവരും. തങ്ങൾ ഓരോരുത്തരും ഏതുവിധം ഒരുങ്ങിയിരിക്കുന്നു എന്നു ചിന്തിച്ചുകൊള്ളട്ടെ.

**സ്ലീബായ്ക്കു ശേഷം 2-ാം ഞായർ**

**(വി. മത്തായി 16: 5-12) (28-09-2025)**

പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ച മാവിനെ സൂക്ഷിച്ചുകൊൾവീൻ. വിശ്വാസംപോലെതന്നെ ഹൃദയവും വിശുദ്ധമായിരിക്കണം. നമ്മുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നാം ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല.

ലോകം ആരംഭത്തിൽ നിന്ന് അവസാനത്തിലേക്കുള്ള പ്രയാണമാണ്. ഒന്നാമത്തേതിൽ നിന്നു ഒടുവിലത്തേക്കുള്ള പ്രയാണമാണ്. മനുഷ്യജീവിതം അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക്, അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേയ്ക്ക്, ശാപഗ്രസ്തമായതിൽ നിന്ന് അനുഗ്രഹകരമായതിലേക്കുള്ള പുറപ്പാടാണ്. ഒരു മനുഷ്യനും ഇന്നിരിക്കുന്ന അവസ്ഥയിൽ സംതൃപ്തരല്ല. എന്തിനുവേണ്ടിയോ ദാഹിച്ചുകൊണ്ടിരിക്കുന്നു. അപൂർണ്ണതയിൽ നിന്ന് പൂർണ്ണതയിലേക്കുള്ള ഒരു വാഞ്ഛ എല്ലാവർക്കുമുണ്ട്. പാപത്തിൽ നിന്ന് വിമോചനം പ്രാപിച്ച് ഈ ദുഷിച്ച സമൂഹത്തിനൊരുദ്ധാരണം ആവശ്യമായി വന്നിരിക്കുന്നു. യേശുക്രിസ്തു പറയുന്നു. എന്നിലാകുന്നവർ ഒരു പുതിയ സൃഷ്ടിയാകും. അവനോടുകൂടി അവനെ ലക്ഷ്യമാക്കി നടക്കുമ്പോൾ ഈ ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കും. നമ്മുടെ കഴിവു കൊണ്ട് ഒരു ഭൗതിക പറുദീസ സൃഷ്ടിച്ച് ഇവിടെ സുഖമായി വസിക്കാമെന്നു മാത്രം ആശവച്ചാൽ പാശ്ചാത്യ സമൂഹത്തിനു സംഭവിച്ച മോഹഭംഗമായിരിക്കും ഫലം. സമ്പദ്സമൃദ്ധിയുടെയും, സൗഭാഗ്യത്തിന്റെയും ഉന്നതസോപാനത്തിലെത്തിയവർ വീണ്ടും ചോദിക്കുകയാണ് എന്താണ് ഈ സമൃദ്ധിക്കും ജീവിതത്തിനും അർത്ഥമെന്ന്. ജീവിതം അവർക്ക് അർത്ഥശൂന്യവും പൊള്ളയുമായിത്തീരുന്നു. അഖിലാണ്ഡത്തിന്റെ ഗതിയെ നിയന്ത്രിക്കുന്ന ദൈവത്തിലുള്ള ആശ്രയവും ദൈവരാജ്യത്തിലുള്ള പ്രതീക്ഷയുമാണ് ജീവിതത്തെ അർത്ഥപൂർണ്ണവും ലക്ഷ്യവുമുള്ളതാക്കിത്തീർക്കുന്നത്. അതിനാൽ

വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ദൈവരാജ്യം പടുത്തുയർത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ പൂർത്തീകരണത്തിന് നമ്മുടെ ഉദ്യമം ആവശ്യമാണ്. അതിന്റെ ഒരു മുന്നാസ്വാദനം ഇവിടെ ഉണ്ടാകണം. "അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടച്ചു കളയും. ഇനിയും മരണം ഉണ്ടാവുകയില്ല. ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാവുകയില്ല. ഒന്നാമത്തേതു കഴിഞ്ഞു പോയി. ഇതാ ഞാൻ സകലവും പുതുതാക്കുവാൻ വേഗം വരുന്നു". ഇതാണ് യുഗാന്ത്യകാല പ്രതീക്ഷ. അവിടെ എത്തിച്ചേരാൻ പുറപ്പെട്ടവരാണ് നാം എന്ന പ്രത്യാശയോടെ യാത്ര ചെയ്യണം. പാലും തേനും ഒഴുകുന്ന കനാൻ നാടിനെ ലക്ഷ്യമാക്കി മിസ്രയിമിൽ നിന്നും യാത്രപുറപ്പെട്ട ഇസ്രായേൽ മക്കളിൽ യോശുവായും കാലേബും മാത്രം കനാനിൽ പ്രവേശിച്ചെങ്കിൽ നമ്മുടെ യാത്രയിൽ എത്ര പേർ സ്വസ്ഥതയിൽ പ്രവേശിക്കും എന്നു ചിന്തിച്ചു കൊള്ളണം.

**സ്ലീബായ്ക്കു ശേഷം 3-ാം ഞായർ**

**(വി. മർക്കോസ് 2: 23-28) (05-10-2025)**

ശാബ്ബത് ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. ശാബ്ബത് എന്നത് ദൈവത്തിന്റെ സ്വസ്ഥതയാണ് കാണിക്കുന്നത്. ദൈവം ആദിയിൽ 5 ദിവസം കൊണ്ട് പ്രകൃതിയേയും ചരാചരങ്ങളെയും നിർമ്മിച്ചു. ആറാം ദിവസം മനുഷ്യനെ സൃഷ്ടിച്ചു. ഏഴാം ദിവസം ദൈവം സ്വസ്ഥനായിരുന്നു. ദൈവം ഈ ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു. (ഉല്പ.2:1-3) ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേലിനെ മിസ്രയീമിൽ നിന്നും വിടുവിച്ച് മരുഭൂമിയിലൂടെ നടത്തി വാഗ്ദത്തനാടായ കനാൻ അവകാശ ദേശമായി മോശമുഖാന്തിരം അവർക്ക് നൽകിയ ന്യായപ്രമാണത്തിൽ ഏഴാം ദിവസത്തിന് വളരെ പ്രാധാന്യം ഉണ്ടായിരുന്നു. മരുഭൂമിയിൽ ആഹാരമായി നൽകിയ സ്വർഗ്ഗീയ മന്ന ആറു ദിവസം ശേഖരിക്കുവാൻ അനുവാദം നൽകി. ആറാം ദിവസം ഏഴാം ദിവസത്തേക്കു കൂടി പെറുക്കുവാൻ അനുവാദം നൽകി. ഏഴാം ദിവസം സാമാന്യം വേല ഒന്നും ചെയ്യാതെ ശാബ്ബത്ത് ആചരിക്കണം എന്ന് പ്രത്യേകം നിർദ്ദേശിച്ചു. ലേവ്യാ പുസ്തകത്തിൽ ശാബത്തിന്റെ പ്രാധാന്യം വളരെ സ്പഷ്ടമായി നൽകിയിട്ടുണ്ട്. "ഞാൻ നിങ്ങൾക്ക് തരുന്ന ദേശത്ത് നിങ്ങൾ എത്തിയ ശേഷം ദേശം യഹോവയ്ക്ക് ശബ്ബത്ത് ആചരിക്കണം (ലേവ്യ. 25:1-4) ഏഴ് ദൈവത്തിന്റെ സമ്പൂർണ്ണതയെ കാണിക്കുന്ന സംഖ്യയാണ്. ദൈവത്തിനെതിരായി പാപം ചെയ്താൽ ശിക്ഷ ഏഴുമടങ്ങായിരിക്കുമെന്ന് യഹോവ അരുളിച്ചെയ്യുന്നു (ലേവ്യ. 25:15) ഏഴേഴ് കൂടുമ്പോൾ നീ ഒരു വിമോചനം ആചരിക്കണം. വിമോചനത്തിന്റെ ക്രമം എന്തെന്നാൽ കൂട്ടുകാരന് വായ്പ കൊടുത്തവനെല്ലാം അത് ഇളച്ചു കൊടുക്കണം. കൂട്ടുകാരനയോ സഹോദരനെയോ ബുദ്ധിമുട്ടിക്കരുത് (ആവ. 15:12). കർത്താവായ യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി കാൽവരിയിൽ മരിച്ചു. പാപിയുടെ നീതീകരണത്തിനായി മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു.40 ദിവസം കഴിഞ്ഞ് കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തു. അതിനുശേഷം പത്തു ദിവസം കഴിഞ്ഞ് 50-ാം ദിവസം പെന്തിക്കോസ്തി ദിവസം പരിശുദ്ധാത്മാവ് ആളത്വമായി ലോകത്തിൽ വന്നു. പാപത്തിന്റെ ബന്ധത്തിൽ നിന്നും സകലർക്കും സ്വാതന്ത്ര്യം പ്രഖ്യാപിച്ച് എല്ലാവരെയും ദൈവത്തിന്റെ മക്കളും തന്റെ കൂട്ടു സഹോദരന്മാരും ആക്കി സ്വർഗ്ഗത്തിൽ വസിപ്പിച്ചു. ഇതാണ് ശാബ്ബത്തിന്റെ ആത്മീയ അർത്ഥം.

**സ്ലീബായ്ക്കു ശേഷം 4-ാം ഞായർ**

**(വി. ലൂക്കോസ് 16: 13-18) (12-10-2025)**

ലോകത്തോടും ലോക മനുഷ്യരോടും ലോകമയത്വത്തോടും ഉള്ള ബന്ധത്തിൽ വിശ്വാസി എങ്ങനെ ഇരിക്കണമെന്നു ദൈവവചനത്തിൽ വളരെ വ്യക്തമായി രേഖപ്പെടുത്തിട്ടുണ്ട്. രണ്ട് യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല. ദൈവത്തേയും മാമോനേയും ഒരേ സമയത്തു സേവിപ്പാൻ കഴിവുള്ളതല്ല. ലോകത്തോടുള്ള സ്നേഹത്തിൽ നിന്നു ലോകകാര്യത്തോടുള്ള ആഗ്രഹത്തിൽ നിന്നും ഒരു വിശ്വാസി വിജയം പ്രാപിക്കുന്നതത്രേ വിശുദ്ധീകരണം. ഒരു ലോക മനുഷ്യൻ കഴിയുന്നിടത്തോളം സമ്പാദിക്കുവാനാണ് ശ്രമിക്കുന്നത്. എന്നാൽ സാക്ഷാൽ ഒരു മനുഷ്യൻ അവന്റെ ജീവിതമാകുന്ന കപ്പലിൽ നിന്ന് ചരക്ക് പുറത്തേക്ക് എറിഞ്ഞുകൊണ്ടിരിക്കും. ലോകത്തോടുള്ള ആഗ്രഹങ്ങൾ ഉളവാകുന്നത് സ്വാർത്ഥത നിറഞ്ഞ ഹൃദയത്തിൽ ആണ്. ഒരു ആഗ്രഹം സാധിച്ചു കഴിയുമ്പോൾ മറ്റൊന്നു വന്നു നിൽക്കും. അതും അപ്പോൾ ലഭിക്കണം എന്ന് തോന്നും. അങ്ങനെ ജീവിതം മുഴുവൻ ആഗ്രഹങ്ങൾ സാധിപ്പിച്ചെടുക്കുക എന്ന പ്രയത്നത്തിൽ തന്നെ ചെലവായി പോകും. എന്നാൽ ബദ്ധപ്പെട്ട് സാധിച്ചെടുത്ത കാര്യങ്ങൾ ഹൃദയത്തിന് സ്വസ്ഥതയല്ല കൂടുതൽ ആകുല ചിന്തയത്രെ ഉളവാക്കുന്നത്. ആകുലചിന്ത എന്നുള്ള പദത്തിന് കർത്താവ് "ഈ ലോകത്തിന്റെ ചിന്തകൾ" എന്നാണ് പേർ പറഞ്ഞിരിക്കുന്നത്. മത്തായി 12:22. മോഹങ്ങളിൽ നിന്നാണ് ഇപ്രകാരമുള്ള ചിന്താഭാരങ്ങൾ ഉണ്ടാകുന്നത്. മോഹമോ സ്വാർത്ഥ ഹൃദയങ്ങളിൽ നിന്നുണ്ടാകുന്നു. അബ്രഹാമും ലോത്തും ദൈവ കല്പന പ്രകാരം യാത്ര തിരിച്ചു. ലോത്ത് വെളിപ്പെടുത്തിയതും, അബ്രഹാം എതിർത്തു നിന്നതുമായ പാപമത്രേ ഇത്. എതിർത്തു നിന്നതുകൊണ്ട് അബ്രഹാം ദൈവത്തിന്റെ സ്നേഹിതനും അവന്റെ ഓഹരിയുമായി തീർന്നു. ലോത്തിന് സകലതും നഷ്ടപ്പെട്ടു. ആഖാൻ ഈ പാപത്തിനു വിധേയപ്പെട്ടു. കല്ലേറിനാൽ മരിച്ചു. ഏലി പുരോഹിതന്റെ മക്കൾക്ക് പൗരോഹിത്യം നഷ്ടപ്പെട്ടു. ശൗൽരാജാവും ഈ പാപത്തിന് അടിമപ്പെട്ടും രാജത്വം നഷ്ടമായി. ആഹാബിന്റെ അന്ത്യം ദയനീയമായിരുന്നു. ദാവീദിന്റെ വീഴ്ചയ്ക്ക് കാരണവും ഈ പാപം തന്നെ. ഗേഹാസിയുടെ കുഷ്ഠത്തിനു കാരണമായതും ഈ പാപം തന്നെയാണ്. ഈ പാപമാണ് യൂദായുടെ ഹൃദയത്തെ കഠിനമാക്കി ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചത്. അനന്യാസും സഫീറയും മരിച്ചുവീണതിന്റെ കാരണവും ഈ പാപം തന്നെ. എന്താണ് മാമോൻ? അതിനെ വിഗ്രഹം എന്നു പറയപ്പെടുന്നു. ദൈവത്തിന്റെ സ്ഥാനം എടുക്കുന്ന ഏതും നാം അങ്ങേയറ്റം പ്രിയപ്പെടുന്ന ഏതും നമ്മുടെ വിഗ്രഹം മാമോനാണ്. ദൈവത്തേക്കാൾ കൂടുതലായി ഒന്നിനേയും സ്നേഹിക്കരുത്.

# പ്രാർത്ഥനയിൽ ചേരേണ്ട ഘടകങ്ങൾ

സി. ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ, കുറിച്ചി, നീലംപേരൂർ

ആദ്ധ്യാത്മികതയുടെ ആണിക്കല്ല് പ്രാർത്ഥനയാണ്. യേശുക്രിസ്തുവിന്റെ ജീവിതത്തിലും ഉപദേശത്തിലും വളരെ പ്രാധാന്യം കല്പിച്ച വിഷയമാണ് പ്രാർത്ഥന.

വിശുദ്ധന്മാരായധന്യാത്മാക്കളുടെ മഹത്വത്തിലും ഔന്നത്യത്തിലും നിദാനമായ പ്രധാനഘടകവും അതുതന്നെ. എന്നാൽ ഇന്ന് ഭൗതികത്വത്തിന്റെ അതിപ്രസരത്താൽ വിസ്മരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നത് പ്രാർത്ഥനയാണ്. അതിന് ഒരുമാറ്റം വരുത്തുവാനായിരിക്കണം നമ്മുടെ ശ്രമവും ശ്രദ്ധയും. പ്രാർത്ഥനയിൽ എന്തെല്ലാം ഘടകങ്ങൾ ഉണ്ടായിരിക്കണം എന്ന് ചിന്തിക്കാം.

**1) സ്തുതി:** ദൈവസന്നിധിയിൽ ആയിരിക്കുമ്പോൾ ദൈവത്തിന്റെ പ്രഭാവവും മഹത്വവും ഔന്നത്യവും വിശുദ്ധിയും എല്ലാം നമ്മുടെ ചിന്തയിൽ എത്തണം. സർവ്വവല്ലഭനും സൃഷ്ടാവും പരിശീലകനുമായ അവിടുത്തെ മുമ്പിൽ എത്തുമ്പോൾ നാവിൽ ഉയരുന്നത് സ്തുതിയുടെ ശബ്ദമാണ്. മഹത്വവാനായ ദൈവസന്നിധിയിൽ നിൽക്കുന്ന സ്വർഗ്ഗീയ മാലാഖമാർ അനവരതം ദൈവത്തെ സ്തുതിക്കുന്നു. "സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സർവ്വഭൂമിയും അവിടുത്തെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്നു" എന്ന് ആർത്തുപറഞ്ഞു (യെശയ്യാ 6:3).

ഒരു പ്രാർത്ഥനയിൽ "അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനനും പാപികളുമായ ഞങ്ങളും നിന്നെ സ്തുതിച്ചു പറയുന്നു". സംഗീതത്തിന്റെ ഉത്ഭവം തന്നെ ഈശ്വരസ്തുതിയായിട്ടാണ്. എല്ലാ പാരമ്പര്യത്തിലുമുള്ള സംഗീതവും, മുഖ്യമായും കീർത്തനങ്ങളും സ്തോത്രങ്ങളുമാണ്.

**2) സ്തോത്രം: കൃതജ്ഞതാർപ്പണം**

ദൈവത്തിൽ നിന്നും നാം അനുഭവിക്കുന്ന അനന്തമായ അനുഗ്രഹങ്ങളും സഹായങ്ങളും കൃതജ്ഞതയും സ്തോത്രവുമാണ് ആവശ്യപ്പെടുന്നത്, സങ്കീർത്തനത്തിൽ ഈ സന്ദേശം വ്യക്തമാക്കുന്നു. "യഹോവ എനിക്ക് ചെയ്ത എല്ലാ ഉപകാരങ്ങൾക്കും ഞാൻ അവിടുത്തേക്ക് എന്തു പകരം കൊടുക്കും. രക്ഷയുടെ പാനപാത്രം എടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും (സങ്കീ.116:12,13).

ഒരു പരിശുദ്ധൻ പ്രാർത്ഥിച്ചു "കർത്താവേ അവിടുന്ന് എനിക്ക് അനവധി കൃപകളെ ചൊരിഞ്ഞിരിക്കുന്നു. ഒരു കൃപകൂടി തരേണമെ. അവിടുത്തെ കൃപകൾക്കു വേണ്ടി അങ്ങയെ സ്തോത്രം ചെയ്യുന്ന ഒരു ഹൃദയം കൂടി നൽകണമെ".

**3) അനുതാപം, ഏറ്റുപറച്ചിൽ**

മഹാപരിശുദ്ധനും സകലവും അറിയുന്നവനും നീതിപൂർവ്വം ന്യായം വിധിക്കുന്നവനുമായ ദൈവമുമ്പാകെയാണ് എത്തിയിരിക്കുന്നത് എന്ന് ഓർക്കുമ്പോൾ നമ്മുടെ പിഴകളും കുറവുകളും ഓർക്കണം. ദൈവാലയത്തിൽ പ്രാർത്ഥിക്കുവാൻ എത്തിയ ചുങ്കക്കാരനെപ്പറ്റി യേശു ഒരു ഉപമയിൽ വെളിപ്പെടുത്തുന്നു. മഹാപരിശുദ്ധനും മഹത്വവാനുമായ ദൈവസന്നിധിയിൽ എത്തിയപ്പോൾ ചുങ്കക്കാരൻ തന്റെ തെറ്റുകളെപ്പറ്റിയും അകൃത്യങ്ങളെക്കുറിച്ചും ഓർമ്മ വന്നിട്ട് സ്വർഗ്ഗത്തേക്കു നോക്കുവാൻപോലും തുനിയാതെ മാറത്തടിച്ചു. "ദൈവമേ മഹാപാപിയായ എന്നോട് കരുണയുണ്ടാകേണമേ" എന്നു പ്രാർത്ഥിച്ചു. ദൈവത്തിന്റെ സാന്നിദ്ധ്യബോധമുണ്ടായപ്പോൾ യെശയ്യാ പ്രവാചകൻ ഉറക്കെ വിളിച്ചു പറഞ്ഞു "എനിക്ക് അയ്യോ കഷ്ടം, ഞാൻ നശിച്ചു, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ". (യെശയ്യാ.6:5) പ്രാർത്ഥനയുടെ ഒരു ഭാഗമാണ് പശ്ചാത്താപത്തിന്റെയും അനുതാപത്തിന്റേയും ഏറ്റുപറച്ചിൽ.

**4) അപേക്ഷകൾ, യാചനകൾ**

നമ്മുടെ ആവശ്യങ്ങൾ ദൈവമുമ്പാകെ സമർപ്പിക്കുന്നതാണ് മറ്റൊരു ഘടകം. പക്ഷേ പലരുടേയും പ്രാർത്ഥനയിൽ ഈ ഘടകം മാത്രമായി പരിമിതപ്പെട്ടുപോകാറുണ്ട്. പീടികയിൽ നിന്ന് സാധനങ്ങളുടെ ലിസ്റ്റ് നൽകിക്കൊണ്ട് അവ ആവശ്യപ്പെടുന്നതുപോലെ ദൈവസമക്ഷം കുറെ ലിസ്റ്റുകൾ നൽകിക്കൊണ്ട് പ്രാർത്ഥന സമാപിക്കാറുണ്ട്.

മേൽപ്പറഞ്ഞ ഘടകങ്ങൾ മുൻഗണനാക്രമം അനുസരിച്ച് നടത്തിയശേഷം നമ്മുടെ ആവശ്യങ്ങൾ അറിയിക്കാം. അറിയിക്കണം. പൗലോസ് ശ്ലീഹാ പറയുന്നു "ഒന്നിനേക്കുറിച്ചും ആകുലപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങളെ സ്തോത്രത്തോടുകൂടി ദൈവത്തെ അറിയിക്കയത്രേ വേണ്ടത് (ഫിലി.4:6). ദൈവത്തിന് നമ്മുടെ ആവശ്യങ്ങൾ അറിയാമെങ്കിൽ അവിടുന്ന് നമുക്കുവേണ്ടി കരുതുന്നവനാണെങ്കിൽ നാം എന്തിന് അപേക്ഷിക്കണം എന്നു ചോദിക്കുന്നവരുണ്ട്. മക്കൾ അവരുടെ പിതാവിന്റെ അടുക്കൽ ആവശ്യങ്ങൾ അറിയിക്കുമ്പോൾ അവരുടെ ആശ്രയബോധം വെളിപ്പെടുത്തുകയാണ്. യേശുക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയിൽ "ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരേണമെ" എന്നു അപേക്ഷിപ്പാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**5) മധ്യസ്ഥ പ്രാർത്ഥന:** പ്രാർത്ഥനയുടെ ഒരു മുഖ്യഘടകമാണ് മറ്റുള്ളവർക്കുവേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥന. യേശുക്രിസ്തുവാണ് ഇക്കാര്യത്തിൽ നമുക്ക് ഉത്തമ മാതൃക. അവിടുന്നു തന്റെ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു. തന്നെ പീഡിപ്പിച്ചവർക്കുവേണ്ടിയും ക്രൂശിൽ തറച്ചവർക്കു വേണ്ടിയും പ്രാർത്ഥിച്ചു.

ജീവിതത്തിൽ വിവിധ ആവശ്യങ്ങളിൽ കഴിയുന്നവർക്കു വേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. രോഗത്തിലും പ്രയാസത്തിലും കഴിയുന്നവർ, പ്രകൃതിക്ഷോഭത്തിൽ കഴിയുന്നവർ, മദ്യമയക്കുമരുന്നുകൾക്ക് അടിമപ്പെട്ടവർ, കുടുംബപ്രശ്നങ്ങളിൽ കഴിയുന്നവർ ഇങ്ങനെ ഏതെല്ലാം ആവശ്യക്കാർ നമ്മുടെ മുമ്പിലുണ്ട്. മറ്റുള്ളവരെപ്പറ്റിയുള്ള സ്നേഹവും കരുതലും നമ്മുടെ മനസ്സിൽ ഉണ്ടെങ്കിൽ മാത്രമേ അവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ താൽപര്യമുണ്ടാകൂ. സ്വാർത്ഥമതികൾക്ക് മറ്റുള്ളവരേപ്പറ്റി ചിന്തയോ കരുതലോ ഉണ്ടാകയില്ലാ. യേശുക്രിസ്തുവിന്റെ മാതൃകപോലെ പൗലോസിന്റെ മാതൃകയും, നമുക്ക് പ്രചോദനമാകേണ്ടതാണ്. അദ്ദേഹം സ്ഥാപിച്ച ഓരോ സഭയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു.

മാത്രമല്ല അപ്പോസ്തോലനു വേണ്ടിയും പ്രാർത്ഥിക്കുവാനും **തന്റെ** ലേഖനങ്ങളിൽ ആവശ്യപ്പെടുന്നുണ്ട്. അനവധി രോഗികൾക്ക് മറ്റുള്ളവരുടെ പ്രാർത്ഥനയിൽ സൗഖ്യം ലഭിച്ചതിനേപ്പറ്റി സാക്ഷിക്കുവാൻ ഡോക്ടേഴ്സ് തന്നെ സന്നദ്ധമാണ്.

പ്രാർത്ഥനയിൽ ഉൾപ്പെടേണ്ട ഘടകങ്ങളെക്കുറിച്ചാണ് സംക്ഷിപ്തമായി നമ്മൾ പരിചിന്തനം ചെയ്തത്. പ്രാർത്ഥന പരിശുദ്ധാത്മാവിന്റെ സഹായത്താലും നിറവിലും നിറവേറ്റേണ്ട ഒരു അനുഭവമാണ്. ഡോക്ടർ ബില്ലിഗ്രഹാമിന്റെ ശ്രദ്ധേയമായ ഒരു വാക്യത്തോടുകൂടി സമാപിപ്പിക്കുന്നു "A prayerless Christian is a powerless Christan" പ്രാർത്ഥനയില്ലാത്ത ഒരു ക്രിസ്ത്യാനി, ശക്തിഹീനനായ ഒരുവനായിരിക്കും. ഈ സന്ദേശം നമ്മുടെ കാതുകളിൽ മുഴങ്ങട്ടെ.

ദൈവമേ സുഹൃത്തുക്കൾക്കൊപ്പം ജീവിക്കാൻ എനിക്ക് അവസരം നൽകണമേ. നിന്നോടൊപ്പം ഇരിക്കാൻ മരണ ശേഷവും എനിക്കവസരമുണ്ടല്ലോ. മഹാനായ 'ഉർദുകവി – മിർസാഗാലിബ്'.

---

# "ഹാ സ്വർണ്ണം മങ്ങിപ്പോയതും നിർമ്മലതങ്കം മാറിപ്പോയതും എങ്ങനെ"

(വിലാപങ്ങൾ 4:1)

**അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്**

ജാതിമതഭേദമെന്യേ എല്ലാവരും പാരമ്പര്യത്തിന്റെ കുരുക്കുകളിൽ അകപ്പെട്ട് നിത്യതയും അവൻ അറിയാതെതന്നെ അവന്റെ കൺമുമ്പിൽ അവനു നഷ്ടമായിക്കൊണ്ടിരിക്കുന്നു. എല്ലാ മതങ്ങളും ഈ പിഴ അടയ്ക്കണം, നേർച്ചകൊണ്ടുവരണം കാഴ്ച കൊണ്ടുവരണം, ഇങ്ങോട്ടുവാ ഇവിടെനിന്നു പ്രാർത്ഥിച്ചാൽ ഉദ്ദേശ കാര്യങ്ങൾ എല്ലാം സാധിയ്ക്കും. ഇതെല്ലാം കേട്ട മനുഷ്യൻ എവിടെച്ചെന്നാൽ രക്ഷപെടാം എന്നുള്ള ചിന്തയിൽ പരക്കം പായുകയാണ്. പോകുന്ന പുണ്യസ്ഥലങ്ങളും നേർച്ച കാഴ്ചകളും ഒന്നും സത്യ ദൈവത്തിങ്കലേക്കുള്ള എളുപ്പ മാർഗ്ഗമല്ല. മണ്ണിനുമുകളിൽ എത്ര അഹങ്കരിച്ചു നടന്നാലും ഒരിക്കൽ ആ മണ്ണു നമ്മുടെ മുകളിൽ വരും. 50 ഏക്കർ ഭൂമി ഉള്ളവനും ഒരു പിടിപോലും മണ്ണില്ലാത്തവനും അവസാനം ആറടി മണ്ണു മാത്രം. നമ്മുടെ ഈ തീർത്ഥയാത്രയിൽ നമുക്ക് അവസാനം കിട്ടുന്നത് ഈ 6 അടി മണ്ണു മാത്രം. മനുഷ്യനു വേണ്ടത് സന്തോഷവും സമാധാനവും ആരോഗ്യവുമാണ്. സമാധാനവും സന്തോഷവും ഒക്കെ കൈകൊണ്ടു തൊടുവാനോ കണ്ണുകൊണ്ടു കാണുവാനോ കഴിയുകയില്ലല്ലോ. എന്നാൽ ഇത് ഏറ്റവും വിലപ്പെട്ടതുമാണ്, യാതൊരു മുടക്കുമുതലും ഇല്ലാതെ സമ്പാദിക്കാവുന്നതുമാണ്.

ഒരിക്കൽ ഒരു സർക്കസ്സ് കമ്പനിയിൽ എല്ലാവരേയും ചിരിപ്പിക്കുന്ന ഈ മനുഷ്യൻ സമാധാനമില്ലാതെ സ്വസ്ഥതയില്ലാതെ നിരാശയിൽ മുങ്ങി ഒരു മന:ശാസ്ത്രജ്ഞന്റെ അരുകിൽ ചെന്നു തന്റെ കാര്യങ്ങൾ പറഞ്ഞു. മനശാസ്ത്രജ്ഞൻ ഈ മനുഷ്യനോടു പറഞ്ഞു നിങ്ങളുടെ ഈ രോഗത്തിനു ഒരു പരിഹാരമുണ്ട്. നിങ്ങൾ ചിരിക്കുകയും സന്തോഷിക്കുകയും ഒക്കെ ചെയ്തു നിങ്ങളുടെ മനസ്സിനെ സന്തോഷിപ്പിക്കണം. അതിനായി പട്ടണത്തിൽ ഒരു സർക്കസ് നടക്കുന്നുണ്ട്, അവിടെ ഒരു ഹാസ്യനടനുണ്ട് ജനങ്ങളെ ചിരിപ്പിച്ചു കൊല്ലുന്ന ഒരു കലാകാരനാണ് നിങ്ങൾ പോയി കണ്ടാൽ നിങ്ങളുടെ പ്രശ്നത്തിനു പരിഹാരമാകും. ആ മനുഷ്യൻ പറഞ്ഞു; ഏറ്റവും വലിയ പ്രശ്നം ഇതു തന്നെയാണ്. അതു ഞാൻ തന്നെയാണ്. എല്ലാവരെയും ചിരിപ്പിക്കുന്ന എനിക്ക് സ്വയം ചിരിക്കുവാൻ കഴിയുന്നില്ല. കോടിക്കണക്കിനു സ്വത്തുള്ളവനും വലിയ കൊട്ടാരത്തിൽ താമസിക്കുന്നവനും സമാധാനവും സന്തോഷവും അനുഭവിക്കണമെന്നില്ല. സമാധാനവും സന്തോഷവും ആശ മാത്രമായിരിക്കും. അവന്റെ ജീവിതത്തിന്റെ സമീപത്തുപോലും ഇതൊന്നും കാണണമെന്നില്ല. മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ കഴിയുമെങ്കിലും സ്വയം സന്തോഷിക്കാൻ കഴിയുന്നില്ല മറ്റുള്ളവരോടു നന്മ ഉപദേശിക്കാൻ കഴിയും സ്വയമായി മറ്റുള്ളവരിലേക്ക് നന്മ കാട്ടി കൊടുക്കാൻ കഴിയുന്നില്ല. ക്ഷമിക്കുവാൻ പറയുവാൻ കഴിയും പ്രവൃത്തിയിൽ ഇല്ല. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണേ എന്നു പറയും ഈ പ്രാർത്ഥനയ്ക്ക് ആത്മാർത്ഥതയുണ്ടോ. നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുന്നതുപോലെ ഞങ്ങൾക്കും മറ്റുള്ളവരോടു ക്ഷമിക്കാൻ കഴിയണമെന്ന് തിരിച്ചു പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ക്ഷമയെപറ്റി പഠിപ്പിക്കുന്നവർക്കു ക്ഷമയില്ലാന്നുള്ളത് പറയാതെതന്നെ ആത്മീയ തലങ്ങളിൽ കണ്ടുകൊണ്ടിരിക്കുന്നു.

"സമാധാനം വരുത്തുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവമക്കൾ എന്നു വിളിക്കപ്പെടും (മത്തായി. 5:9)" ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ ഞാൻ ഉൾപ്പെടെ യോഗ്യരാണോ? മനുഷ്യന്റെ ശ്വാസം(ആത്മാവ്) കർത്താവ് കൊളുത്തിയ ദീപമാണ്; അവന്റെ അന്തർഭാഗങ്ങൾ പരിശോധിക്കുന്നു. (സദൃശ്യ. 20:27) കേവലം മനുഷ്യൻ ഉണ്ടാക്കിയ ഉപകരണങ്ങൾകൊണ്ട് നമ്മുടെ ശരീരത്തിലെ എല്ലാ രോഗങ്ങളും കണ്ടുപിടിക്കുന്നെങ്കിൽ ദൈവത്തിന്റെ കണ്ണുകൾകൊണ്ട് നമ്മുടെ ഉള്ളിലുള്ള എല്ലാ തിന്മകളെയും കണ്ടു പിടിക്കാൻ കഴിയുന്ന അസാദ്ധ്യ കഴിവുള്ളവനാണല്ലോ. വ്യാജ തൂക്കുകട്ടകളും അളവുപാത്രങ്ങളും ഇവ രണ്ടും കർത്താവിനു വെറുപ്പുള്ളവയത്രേ (സദ്യ. 19:10) ഒരു നിമിഷ നേരത്തെ ഗാരന്റിപോലും ഇല്ലാത്ത ഈ മനുഷ്യ ജീവിതത്തെപ്പറ്റി ഒന്നോർക്കണം.




## രണ്ട് ഞണ്ടുകൾ

കടൽക്കരയിൽ രണ്ടു ഞണ്ടുകൾ നടക്കുകയായിരുന്നു അമ്മയും, മകളും. പലതും സംസാരിച്ചുകൊണ്ടു നടക്കെ, പെട്ടെന്ന്, ഞണ്ടമ്മയ്ക്ക് ദേഷ്യം കയറി:

'എന്താടീപെണ്ണേ, നിന്റെ നടപ്പ് വളരെ മോശമാണല്ലോ! നിനക്ക് മറ്റു മൃഗങ്ങളെപ്പോലെ നടക്കാൻ വയ്യേ? അവരെല്ലാം മുന്നോട്ടേയ്ക്കു നടക്കുന്നു; നീ പിന്നോട്ടും!'

അമ്മയുടെ ദേഷ്യം കണ്ട് മകൾ അമ്പരന്നുനിന്നു. എങ്കിലും ആ അമ്പരപ്പ് മാറ്റിക്കൊണ്ട് അവൾ ഉടനെ ചോദിച്ചു:

'പക്ഷേ, അമ്മോ, അമ്മയല്ലേ എന്നെ നടത്തം പഠിപ്പിച്ചത്? അമ്മ പറഞ്ഞത് അനുസരിച്ചും അമ്മയെ നോക്കിയുമാണ് ഞാൻ അതു പഠിച്ചത്. എന്നിട്ട് ഇപ്പോൾ അമ്മയെപ്പോലെ തന്നെ ഞാനും നടക്കുമ്പോൾ എന്തിന് എന്നെ കുറ്റപ്പെടുത്തുന്നു?' മകൾ തുടർന്നു: 'ഏതായാലും ഇനി ഇതു മാറ്റാൻ പ്രയാസമുണ്ട്. നിർബന്ധമാണെങ്കിൽ മുന്നോട്ടു നടക്കുന്നത് എങ്ങനെയെന്ന് അമ്മതന്നെ കാണിച്ചുതരൂ. ഞാനും ശ്രമിക്കാം.'

ഈ വാക്കുകൾ കേട്ട് അമ്മയുടെ മുഖം വിളറി, മകൾ പറഞ്ഞതാണല്ലോ ശരി. അവർ പിന്നെ രസകരമായ മറ്റെന്തോ വിഷയത്തിലേക്കു ശ്രദ്ധ തിരിച്ചുവിട്ടു നടന്നു പോയി.

***അവനവന് നടപ്പാക്കാൻ കഴിയാത്ത കാര്യങ്ങൾ അന്യർക്ക് ഉപദേശിക്കരുത്.***

**Answers for the month of August**
1. Nehemiah
2. Cupbearer to the king
3. Artaxerxes
4. Rebuild the city walls
5. 52
6. Ezra
7. Sanballat and Tobiah
8. Confession and repentance
9. Wept and prayed
10. Sheep Gate

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**ഹോശെയാ**

1. ഹോശെയ്യയുടെ പിതാവാര്?
2. ആരുടെ വഴിയാണ് യഹോവ മുള്ളുകൊണ്ട് വേലി കെട്ടി അടയ്ക്കുന്നത്?
3. ഹോശെയ പറഞ്ഞ നല്ല തണലുള്ള വൃക്ഷങ്ങൾ ഏവ?
4. ശിക്ഷാദിവസത്തിൽ ശൂന്യമാകുന്നവൻ ആര്?
5. അകൃത്യം പ്രവർത്തിക്കുന്നവരുടെ പട്ടണം ഏത്?
6. ആരുടെ പശുക്കിടാവിനെയാണ് യഹോവ വെറുക്കുന്നത്?
7. മരുഭൂമിയിൽ മുന്തിരിപ്പഴംപോലെ യഹോവ കണ്ടെത്തിയതാര്?
8. ഗർഭത്തിൽവെച്ച് സഹോദരന്റെ കുതികാൽ പിടിച്ചവൻ ആര്?
9. "ഞാൻ മനുഷ്യനല്ല ദൈവം അതേ" എന്ന വചനം രേഖപ്പെടുത്തിയതാര്?
10. യഹോവ പ്രത്യാശയുടെ വാതിലായി യിസ്രായേലിനു കൊടുക്കുന്ന താഴ്വര ഏത്?

**ആഗസ്റ്റ് മാസത്തിലെ ഉത്തരങ്ങൾ**
**യെശയ്യാ**

1. ആമോസ് (1:1)
2. യെരുശലേമിൽ നിന്ന് (2:3)
3. യിസ്രായേൽ ഗൃഹം (5:7)
4. ഇമ്മാനുവേൽ (7:13)
5. യെഹൂദ പുരുഷൻ (5:7)
6. അശൂരിനെ (10:5)
7. ബാബേൽ (13:1,2)
8. ബാബേൽ (14:4)
9. മിസ്രയീമിലേക്ക് (19:1)
10. യെശയ്യാവ് (20:2)

### Bible Quiz (English) For Children
### August
### The Book of Nehemiah

1. Who was the Father of Isaiah?
2. Which king did Isaiah assure that God would deliver Jerusalem from the Assyrians?
3. Isaiah 7:14 contains a prophecy about the birth of whom?
4. What does Isaiah's name mean?
5. What is the main theme of the book of Isaiah?
6. How many chapters are in the book of Isaiah?
7. To whom did Isaiah prophesieds?
8. How many Children did Isaiah have?
9. What is the common sin of most of the nations??
10. What was the main message of Isaiah's prophecy?

## നസ്രേത്ത് ആശ്രമം സെക്രട്ടറി



നസ്രേത്ത് ആശ്രമത്തിന്റെ സെക്രട്ടറിയായിട്ട് ഐക്യകണ്ഠേന തിരഞ്ഞെടുക്കപ്പെട്ട ടി.കെ. കുര്യൻ (ബാബു) തേക്കാട്ടിലിന് എല്ലാവിധ അനുമോദനങ്ങളും നേരുന്നു

## ഓണാഘോഷം 2025



കേരള സർക്കാർ സംഘടിപ്പിച്ച ഓണാഘോഷത്തിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനോടും സ്പീക്കർ ശ്രീ. എ.എൻ. ഷംസീറിനോടുമൊപ്പം അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത

## പ്രിൻസിപ്പലായി സ്ഥാനക്കയറ്റം ലഭിച്ചു



റാന്നി എം എസ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പലായി സ്ഥാനക്കയറ്റം ലഭിച്ച **ശ്രീ. സ്മിജു ജേക്കബ് മറ്റക്കാട്ട്.** ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി മെമ്പർ, ക്നാനായ സ്റ്റുഡന്റ്സ് അസ്സോസിയേഷൻ കേന്ദ്ര ജനറൽസെക്രട്ടറി, ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി, നസ്രേത്ത് കോളേജ് ഓഫ് ഫാർമസി ഗവേണിംഗ് ബോർഡ് മെമ്പർ, ഓതറ നസ്രത്ത് ആശ്രമം സെക്രട്ടറി എന്നീ നിലകളിൽ സമുദായ പ്രവർത്തനം നടത്തിയിട്ടുള്ള സ്മിജു ജേക്കബ് റാന്നി ഐത്തല സെന്റ് കുറിയാക്കോസ് പള്ളിയിൽ നിന്നുള്ള ക്നാനായ അസ്സോസിയേഷൻ മെമ്പറാണ്. കേരള കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, കേരള കൗൺസിൽ ഓഫ് ചർച്ചസ് ചിൽഡ്രൻസ് കമ്മീഷൻ ചെയർമാൻ, കേരള എയ്ഡഡ് ഹയർസെക്കൻഡറി ടീച്ചേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ട്രഷറർ, ജൂനിയർ ചേമ്പർ ഇന്റർനാഷണൽ സർട്ടിഫൈഡ് ട്രെയിനർ, വൈസ് മെൻ ഇന്റർനാഷണൽ ദേശീയ കൗൺസിൽ അംഗം, ഒയിസ്ക ഇന്റർനാഷണൽ ജില്ലാ ചാപ്റ്റർ സെക്രട്ടറി എന്നീ നിലകളിൽ സേവന പ്രവർത്തനം നടത്തുന്നു.

## ഇന്ത്യൻ നയതന്ത്രജ്ഞൻ ഐക്യരാഷ്ട്രസഭയിൽ




ക്നാനായ സമുദായത്തിന്റെ അഭിമാനമായ എൽദോസ് മാത്യൂസ് പുന്നൂസ് (IFS) ഇന്ത്യൻ നയതന്ത്രജ്ഞൻ ഐക്യരാഷ്ട്രസഭയിൽ പാക്കിസ്ഥാനെതിരെ പ്രതികരിക്കുന്നു. കല്ലിശ്ശേരി വലിയ പള്ളി ഇടവകയിൽ കുറ്റിയിൽ കെ.എം. പുന്നൂസിന്റെ മകനാണ് ഇദ്ദേഹം.

# റാന്നി ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായ പള്ളിയുടെ 2025-27 വർഷത്തേക്കുള്ള ഭരണസമിതി

ട്രസ്റ്റി



മോഹൻ തോമസ്
(മോൻ, ഒറ്റത്തൈക്കൽ)

വികാരി



റവ. ഫാ. അനൂബ് സി. സ്റ്റീഫൻ
വെളിയത്തുതുണ്ടിയിൽ

പ്രീസ്റ്റ് ഇൻ ചാർജ്
സെന്റ് മേരീസ് കുരിശുപള്ളി
ചെറുകുളഞ്ഞി



റവ. ഫാ. കെ. എ. ചെറിയാൻ
കുട്ടോത്ര

സെക്രട്ടറി



വി. സി. സക്കറിയ
(മോൻ, ചെറുവട്ടക്കാട്ട്)

## കമ്മിറ്റി അംഗങ്ങൾ (ഐത്തലപള്ളി)



ബൈജു ഏബ്രഹാം
തുണ്ടിയിൽ



ബിനു സ്റ്റീഫൻ
വേലംപറമ്പിൽ



ബോബി ജേക്കബ് സാം
മറ്റക്കാട്ട്



ജേക്കബ് ഒ. റ്റി
ജേക്കബ്കുട്ടി, ഓതറ



ജോമോൻ ഫിലിപ്പ്
കിഴക്കേടത്ത്



ജോസഫ് സി. സി.
തേമനത്ത്



മോൻസി പുന്നൂസ്
ചെരിക്കലേത്ത്



സോജി എം. ഒ
മേപ്പുറത്ത്

ഓഡിറ്റേഴ്സ്



ജേക്കബ് എ.
(ഷിബു, ഓതറ)



സൽമോൻ തോമസ്
വല്ലാംപറമ്പിൽ

## കമ്മിറ്റി അംഗങ്ങൾ (ചെറുകുളഞ്ഞി കുരിശുപള്ളി)



സിബു പി. ചാക്കോ
പട്ടത്താനത്തിൽ



സണ്ണി എം. എ.
മേപ്പാരത്തിൽ



എം. എം. മാത്തുക്കുട്ടി
മധുരംകോട്ട്



തോമസ്കുട്ടി പി. പി.
പുളിനിൽക്കുംപറമ്പിൽ

# 1 –ാം ചരമവാർഷികം

14–09–2025



## ആലീസ് തോമസ്സ്

പരപ്പൂത്ര, ഈര



## ചിന്നമ്മ ഉപ്പായി

പാലക്കുടിയിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

21 –ാം ചരമവാർഷികം 11- 08 -2025

12 –ാം ചരമവാർഷികം 29- 05 -2025



## പി.ഐ.ഏബ്രഹാം  മറിയാമ്മ ഏബ്രഹാം

പരപ്പൂത്ര, ഈര

25 –ാം ചരമവാർഷികം 13- 08 -2025

3 –ാം ചരമവാർഷികം 11- 09 -2025



## ഉതുപ്പാൻ ഇട്ടൻ  ശോശാമ്മ ഇട്ടൻ

കോക്കാംപാടം ചിറയിൽ, കുറിച്ചി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R



## 6th Death Anniversary
09 – 10 – 2025

# Raju Zacharia
Ettonnil (House)
Kulasekharam

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ

## 25th Death Anniversary
07 – 09 – 2025



C.P. CHANDY
(Unnichayan)

## 1st Death Anniversary
28 – 08 – 2025



PHILIP CHANDY

Edasseril Puthuvelil,
Mundapuzha, Ranny

## 5th Death Anniversary
21 – 09 – 2025



ALEYAMMA ABRAHAM
Karingattil
Malayil house, Kuttoor

Advt - O

By Loving Family



## 4th Death Anniversary
17-09-2025

# അമ്മിണി ജോസഫ്

കുളത്രാമണ്ണിൽ,
മഴുക്കീർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

മക്കൾ-മരുമക്കൾ-കൊച്ചുമക്കൾ

Advt -O

## 6-ാം ചരമവാർഷികം
25-09-2025



# K. C. CHACKO

(കുഞ്ഞൂഞ്ഞുകുട്ടി)
താന്നിയ്ക്കൽ, വാകത്താനം

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ

Advt - O




Advt -R



## 2nd Anniversary In Heaven

14-10-2025

# Binu Thomas

**1964 - 2023**
**Thathukattil House**
**Kozhimala P.O., Vallamkulam,**
**Thiruvalla**

"Two years without you feels like a lifetime and a minute all at once. We miss your laugh, your dance,your fight, your fun,your food, your guid-ance, and the comfort of your presence. You are forever in our heart."

**Love you Momsy**

*With Prayers*

By Thomas Punnose (Husband),
Punnose & Anjaly
(Granddaughter Heizel Binu),
Melbin & Jithu

Advt -O

## 8th Death Anniversary

27-09-2025



# ABIN ABRAHAM

**Elayasseril, Kuttoor, Thiruvalla**

**"You will live forever in our heart's"**

**By Loving Family**

Advt - O

## 1st Death Anniversary

09-09-2025



# V.S.PUNNOOSE (Pappachan)

**Vazhaparampil, Kurichy**

By Sorrowing Family

Advt -O

# 4th Year of Remembrance

(9th Sept'25)



## P.E.Chacko

1934 - 2021

*Pachamkulathu House, Thiruvalla, Othera(W), Kerala*

*You were an inspiration for all of us ...*
*We do remember those moments...*
*Those whom we love don't go away....*
*They walk beside us every day.....*
*Your presence is missed, but your memories are treasured.*

Advt - S

# 4th Death Anniversary

18-09-2025



## Leemol Zachariah

**W/o Dr. Abraham K. Zachariah (Joy)**

**Karot Kanyakonil, Chingavanam**

*Greatly Loved, Deeply Missed,*
*Forever in our Hearts.*

Sorrowing Family

Advt - O

# 6 – ാം ചരമവാർഷികം

23-09-2025



## CHACKO M.S.

**കാവനാൽ, ചിങ്ങവനം**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O







Advt - O



# 6th Death Anniversary

15-09-2025

## കെ.എ. കുറിയാക്കോസ്

## (ബാബു)

കക്കുഴിയിൽ, തോട്ടമൺ, റാന്നി

(ഫിലാഡെൽഫിയ)

Advt - O

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Treasured in our hearts you'll stay unit
we meet again someday

By Sorrowing Family

## 2 –ാം ചരമവാർഷികം

26–09–2025



### വി.കെ. കുറിയാക്കോസ് (തങ്കച്ചൻ)

വേലംകടവിൽ, കുറിച്ചി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## ഒന്നാം ചരമവാർഷികം

23–09–2025



### അമ്മിണി കുര്യൻ

കടവിൽ, മൂലേടം


ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 37 –ാം ചരമവാർഷികം

14–09–2025



### K.O. Kuruvilla (കുഞ്ഞുമോൻ)

കടക്കേത്ത്, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 1 –ാം ചരമവാർഷികം

10–09–2025



### എം.ഒ. ഉതുപ്പാൻ (ബേബി)

മണക്കാട്ട്, ചിങ്ങവനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

# 25th Death Anniversary

**(16-09-2000)**



## ALEYAMMA ABRAHAM (LEELAMMA)

**W/O V.C. ABRAHAM (RAJU)**
**VENNUVILLATHU, KALLISSERY**

*Your presence is deeply missed, but your love still surrounds us.*
*We cherish your memory and honour your beautiful soul today and always!*
*sorrowing family.*

Advt -O

## വേർപാടിന്റെ ഒന്നാം വാർഷികം

**24- 09 -2025**



Advt -O

## C. A. മറിയാമ്മ

**ചെറുവട്ടയ്ക്കാട്ട്, ഐത്തല, റാന്നി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 7 – ാം ചരമവാർഷികം

**11 – 9 – 2025**



Advt -O

## M.P. KURIAN

**മംഗലത്ത്, ഇരവിപേരൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

**സന്തപ്ത കുടുംബാംഗങ്ങൾ**

## 40 – ാം ചരമദിനം

**18- 09 -2025**



Advt -S

## അന്നമ്മ ഏബ്രഹാം (87)

**പ്ലാന്തോട്ടത്തിൽ, ചിങ്ങവനം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

**23- 09 -2025**



Advt -S

## സാറാമ്മ ജേക്കബ് (അച്ചുക്കുട്ടി 85)

**പുതിയാപറമ്പിൽ (Jacos), ചിങ്ങവനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Death Anniversary

21-09-2025



# C.P. JOHN

**Kulamadayil, Ranni**

Precious in the sight of the lord is the death of his faithful servants." Psalms 116:15

By sorrowing Family

Advt -O

## ഒന്നാം ചരമവാർഷികം

11-09-2025



# K.P. ഏബ്രഹാം

**കാവുങ്കൽ, റാന്നി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

40th Day of Demise
Sep 06, 2025

3rd Death Anniversary
July 03, 2022





**Thomas Jacob**

**Ammini Jacob**

**Karukaparambil**
**Veliyanadu/Boston**


2 Timothy 4:7 - "I have fought the good fight, I have finished the race, I have kept the faith."

Advt - O

# ചരിത്രത്തിന്റെ കർമ്മയോഗി

## *കൂബർ നീത്തി ഹാക്കീമോ പുണ്യശ്ലോകനായ ഏബ്രഹാം മാർ ക്ലീമിസ് വലിയ മെത്രാപ്പോലീത്ത*

ഫാ. ജേക്കബ് കല്ലുകുളം



ക്നാനായ അതിഭദ്രാസനത്തിന്റെ ചരിത്രവും വളർച്ചയും അതിന് ദൈവം ഉപയോഗിച്ച ആത്മീയ നേതൃത്വം വിനയത്തോടെ പഠിച്ചാൽ മഹാ മഹത്വം വെളിപ്പെട്ടുവരും. ലോകത്തിൽ സുറിയാനി ക്രിസ്ത്യാനികൾ എത്തപ്പെട്ടിടത്തെല്ലാം ക്നാനായക്കാർക്ക് ഈ നല്ല ഇടയന്റെ സംരക്ഷണം ലഭിച്ചു. കേരളത്തിൽ ക്രൈസ്തവസഭയുടെ പ്രവർത്തനങ്ങൾ എവിടെ നടന്നാലും അതിന്റെ മുൻപന്തിയിൽ പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമിസ് തിരുമേനി ആധികാരികമായി ഉണ്ടായിരുന്നു. പരിശുദ്ധ സഭയുടെ വൈവിധ്യമാർന്ന കാലയളവിൽ വിദഗ്ദ്ധനായ നായകനാവാൻ ദൈവം അദ്ദേഹത്തിന് ശക്തനായ കപ്പിത്താൻ എന്ന പേരു കൊടുത്തു.

മേൽപ്പട്ട സ്ഥാനത്തിന്റെ കടമയും ഉത്തരവാദിത്വങ്ങളും വളരെ ബൃഹത്താണ്. ദൈവജനത്തെ നിരന്തരമായ ദൈവിക സംസർഗ്ഗത്തിൽ നിലനിർത്തുവാൻ പരസ്പര സ്നേഹത്തിലും സൗഹാർദത്തിലും കൂട്ടായ്മയിലും അവരെ പരിപാലിക്കുവാനും ഉള്ള ഒരു മേലധ്യക്ഷന്റെ ഉത്തരവാദിത്വം എത്രയോ വലുതാണ്. മാത്രവുമല്ല പ്രാദേശിക സഭ കൂട്ടങ്ങളെ അതിന്റെ എല്ലാ വ്യത്യസ്തതയിലും തനിമയിലും ഉൾക്കൊള്ളുവാനും അവയെ വേദചിന്തയിലും ഭരണക്രമങ്ങളിലും ഒരു ചരടിൽ കോർത്ത് ക്രിസ്തുവിന്റെ ശരീരത്തിന്റെ ഏകതാ സ്വഭാവത്തിൽ നിലനിർത്തുവാനും അതിലൂടെ സാർവത്രിക സഭയുടെ ഐക്യസാരത്തിൽ സംഘടിപ്പിച്ച് നിലനിർത്തുവാനും സാധിച്ചേങ്കിലേ കഴിയൂ. ഇതിന് ദൈവകൃപയും പരിശുദ്ധാത്മ നിറവും നിരന്തരം ആവശ്യമാണ്. മനുഷ്യഹൃദയങ്ങളെ ക്രിസ്തുവിലുള്ള ഏക സംസർഗ്ഗത്തിൽ നിലനിർത്തുവാൻ പ്രചോദിപ്പിക്കുന്ന ശക്തി ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. ഐക്യത്തിന്റെയും ഒരുമയുടെയും ആത്മാവിൽ നിറയപ്പെടുന്നതിന് സഭയെ ഒരുക്കുവാനും സഭയുടെ അദ്ധ്യക്ഷന് ചുമതലയുണ്ട്. ഇത്തരത്തിൽ വിശാലദർശനത്തോടു കൂടെ പ്രവർത്തിക്കുവാൻ അഭിവന്ദ്യനായ ക്ലീമീസ് തിരുമേനിക്ക് സാധിച്ചു എന്നതിന് ചരിത്രം സാക്ഷി.

മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ വളർച്ചയിലും വികസനത്തിലും നൽകിയ നേതൃത്വം അവിസ്മരണീയമാണ്. എ.ഡി 345 ൽ ഭാരതത്തിലേക്ക് കുടിയേറി പാർത്ത ക്നാനായ സമൂഹം നൂറ്റാണ്ടുകൾ പിന്നിട്ട് തിരിഞ്ഞുനോക്കുമ്പോൾ ഒരു മറുനാടിന്റെ സംസ്കൃതിയോടും മണ്ണിനോടും ഇഴുകിച്ചേർന്ന് നിർവൃതിയിലാണ്. ഈ സമൂഹത്തിന്റെ സാമുദായികവും സാംസ്കാരികവുമായ വളർച്ചയിൽ നിർണ്ണായകമായ നേതൃത്വം നൽകി പരമ്പരാഗത മൂല്യങ്ങളെ പരിപാലിച്ചു ഒപ്പം കാലത്തിന്റെ പുരോഗമനത്തിനൊത്തവണ്ണം ചിന്തിച്ചു ഉയർച്ചയിലേക്ക് നടത്തുവാൻ മാർ ക്ലീമീസ് മെത്രാപ്പോലീത്ത വഹിച്ച പങ്ക് അതുല്യമാണ്. ഇത്തരുണത്തിൽ ക്നാനായ സമുദായം ഭാരത സഭകൾക്ക് പ്രത്യേകിച്ച് കേരള ക്രൈസ്തവ സഭയ്ക്ക് നൽകിയ സംഭാവനകളും അനിഷേധ്യമാണെന്ന് സ്മരിക്കുന്നു.

ദൈവജനത്തെ പരിപാലനം ചെയ്യുവാൻ നിയോഗിക്കപ്പെട്ടവർ എന്ന നിലയിൽ അദ്ധ്യക്ഷന്മാർ പിതൃതുല്യമായ വാത്സല്യത്തോടും കരുതലോടും കൂടെ വർദ്ധിക്കേണ്ടതാണ്. ആത്മീയ ലോകത്തിലെ ആചാര്യൻ ആയിരിക്കുമ്പോൾ തന്നെ ഔപചാരികതകളുടെ അതിരുകൾക്കപ്പുറം ആർദ്രതയോടും അനുകമ്പയോടും ജനങ്ങളെ സ്നേഹവലയത്തിലേക്ക് ആകർഷിക്കുവാൻ സാധിക്കണം. തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ ലോകം സ്നേഹത്തിനായി ദാഹിക്കുകയാണ്. സ്നേഹത്തിന്റെ വറ്റാത്ത ഉറവയായി ദൈവജനത്തിന്റെ ഹൃദയത്തിൽ ആശ്വാസത്തിന്റെ കുളിർമ്മ പകരുവാൻ മേൽപ്പട്ട സ്ഥാനം അലങ്കരിക്കുന്നവർക്ക് കഴിയണം ഒരു പിതാവ് കുടുംബത്തിന്റെ തലയായിരിക്കുന്നതുപോലെ സഭയുടെ തലയായിരുന്ന് എല്ലാ സാഹചര്യങ്ങളിലും സഭയെ നയിക്കുവാനുള്ള ഉത്തരവാദിത്വവും മേലദ്ധ്യക്ഷന് ഉള്ളതാണ്. മാർ ക്ലീമീസ് മെത്രാപ്പോലീത്തായ്ക്ക് ഈ പിതൃതുല്യമായ വാത്സല്യം കൈമുതൽ ആയിരുന്നു. ജനഹൃദയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനും ജനഹൃദയങ്ങളിൽ സ്നേഹ ഭാവമായി വസിക്കുവാനും കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തായ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ജനഹൃദയങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ ആവശ്യങ്ങളെ മനസ്സിലാക്കുകയും അതിലവരെ സഹായിക്കുകയും ചെയ്യുവാൻ ഒരു എപ്പിസ്കോപ്പായ്ക്ക് സാധിക്കണം. ഇത് മേലദ്ധ്യക്ഷന്റെ മാത്രമല്ല സഭയുടെ ആകമാന ശുശ്രൂഷയാണ്. സാമൂഹിക പ്രശ്നങ്ങളെ ക്രിയാത്മകമായി സമീപിച്ച് പ്രതിസന്ധികളിൽ വലയുന്ന ജനങ്ങളെ സഹായിക്കുന്നതിന് സഭയുടെ അതിരുകൾക്കപ്പുറം സഞ്ചരിച്ച വന്ദ്യനായ ആത്മീയ ഇടയനാണ് മാർ ക്ലീമീസ് തിരുമേനി. എത്ര വലിയ തിരക്കിന്റെ ഇടയിൽ ആണെങ്കിലും തക്ക സമയത്ത് ഓടിയെത്തുവാൻ ബദ്ധനായിരുന്നു. സമയം വിനിയോഗിക്കുന്നതിന് മേലുള്ള നിയന്ത്രണം തികഞ്ഞ ശിക്ഷണത്തിന്റെ പ്രത്യക്ഷ ലക്ഷണമാണ്. സ്വന്തം സമയത്തെ ഗൗരവമായി എടുക്കുന്നു എന്നു മാത്രമല്ല മറ്റുള്ളവരുടെ സമയത്തെ യുക്തമായി വിലമതിക്കുന്നു എന്നുള്ളതിന്റെ പ്രത്യക്ഷ ലക്ഷണമാണ്. സമയം പാലിക്കുന്നതിനുള്ള കൃത്യത വളരെ അഭിലഷണീയവും തികച്ചും മാതൃകാപരവുമായ ഗുണം അഭി. തിരുമേനിയുടെ വ്യക്തി പ്രഭാവത്തിന് മാറ്റേകുന്നു. സ്വന്തം സമൂഹത്തെ മാത്രമല്ല കേരള ക്രൈസ്തവ സമൂഹത്തെ പുതിയ പന്ഥാവിലേക്ക് നയിക്കുന്നതിന് അഭി.തിരുമേനിയുടെ പ്രവർത്തനങ്ങൾ ഏറെ സഹായിച്ചിട്ടുണ്ട്.

23–ാം ശ്രാദ്ധപ്പെരുന്നാൾ ആചരിക്കുന്ന നിമിഷങ്ങളിൽ പ്രാർത്ഥനയോടെ...

●

# ഇങ്ങനെയും ജീവിതം

ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

കഴിഞ്ഞ ഒരു മാസത്തിലേറയായി കോഴഞ്ചേരി ജനറൽ ആശുപത്രിയിൽ പുരുഷന്മാരുടെ വാർഡിൽ പ്രമേഹരോഗത്തിന് ചികിത്സിച്ചുവരുന്ന പുല്ലാട്ടു സ്വദേശി രാജൻ 47 വയസ്സ്. കൂലിപ്പണി ചെയ്തു കുടുംബം പുലർത്തിവരുന്നു. ഭാര്യയും മൂന്നു പെൺകുട്ടികളും അടങ്ങുന്ന തന്റെ കുടുംബം ഇവരുടെ 22, 10, 6 വയസ്സു പ്രായമുള്ള മൂന്നുമക്കളും ഭിന്നശേഷിക്കാരാണ്. മൂത്തമകൾ എങ്ങും പോകാതെ വീട്ടിൽ തന്നെ ഇരിപ്പാണ്. മറ്റു രണ്ടുകുട്ടികളും പുല്ലാട്ട് U.P.R.S.ൽ, B.R.C. ഓട്ടിസം സെന്ററിൽ പഠിച്ചുവരുന്നു. തന്റെ കൂലിപ്പണിയിൽ നിന്നു കിട്ടുന്ന വരുമാനം കൊണ്ട് കുട്ടികളെ പഠിപ്പിക്കുകയും വീടുപുലർത്തുകയും ചെയ്യുന്നു. കുട്ടികളെ ഭവനത്തിൽ ശുശ്രൂഷിക്കാൻ കൂടെ ഉണ്ടാകേണ്ടതിനാൽ ഭാര്യയ്ക്കു ജോലിക്കു പോകാൻ കഴിയില്ല. രാജൻ പ്രമേഹത്തിനു വർഷങ്ങളായി ചികിത്സ എടുത്തുകൊണ്ടിരിക്കുന്നു. അതിനെ നല്ലൊരു തുക ചിലവാക്കുന്നു. ദിവസവും കുട്ടികൾക്ക് സ്കൂളിൽ പോയി വരുവാൻ 200 രൂപ വണ്ടിക്കൂലി വേണ്ടി വരുന്നു. മറ്റു വരുമാനമാർഗ്ഗങ്ങൾ ഒന്നുമില്ല. ബന്ധുക്കളും ചാർച്ചക്കാരും പറയത്തക്കപോലെ ആരുമില്ല.

പ്രമേഹ രോഗത്താൽ കാലിലുണ്ടായ മുറിവ് ഇൻഫെക്ഷനായിട്ട് കഴിഞ്ഞ അഞ്ചാറുമാസമായിട്ട് ജോലിക്കുപോകുവാൻ കഴിയാതെ വീട്ടിൽ തന്നെ ഇരിപ്പായിരുന്നു. ഇപ്പോൾ ആശുപത്രിയിൽ വന്ന് അഡ്മിറ്റ് ആകുന്നതിനു മുൻപ് അടുത്തുള്ളവരുടേയും അറിയുന്നവരുടെയും സഹായത്താൽ കഴിഞ്ഞു പോകുന്നു. ഹൈന്ദവ വിശ്വാസിയായ ഇദ്ദേഹവും കുടുംബവും തങ്ങളുടെ ഈ അവസ്ഥയിൽ പതറി പോകാതെ പിടിച്ചുനിൽക്കുന്നതു പരമകാരുണ്യവാനായ ദൈവത്തിൽ അവർ വച്ചുപുലർത്തുന്ന വിശ്വാസവും പ്രത്യാശയുമാണ്. അത് അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നും വായിച്ചെടുക്കുവാൻ കഴിയുമായിരുന്നു. (യെശ.25:4) "യഹോവ പാവപ്പെട്ടവർക്കു കോട്ടയും, ദരിദ്രന്റെ കഷ്ടതകളിൽ അവന് ഉറപ്പുള്ള അഭയവും ആണ്. യഹോവ കൊടുങ്കാറ്റിൽ ശക്തി ദുർഗ്ഗവും, കൊടും വെയിലിൽ തണലും ആകുന്നു" വിശ്വാസികളാകുന്ന നാം ഓരോരുത്തരുമാകുന്ന കരിങ്കൽ പാറകളാലാണു യഹോവ പാവപ്പെട്ടവർക്കു കോട്ടമതിൽ പണിയുന്നതു കരിങ്കൽ പോലെ നമ്മുടെ വിശ്വാസവും, വിശ്വസ്തതയും, വിശുദ്ധിയും ഉറപ്പുള്ളതാകണം. അപ്പോൾ ദരിദ്രന്റെ കഷ്ടതകൾ കാണുവാനും, അവനു കൈത്താങ്ങാകാനും കഴിയും. അങ്ങനെ ബുദ്ധിമുട്ടിലും, പ്രയാസത്തിലും, രോഗത്തിലും, ദുഃഖത്തിലും, ഞെരുക്കത്തിലും വലയുകയും, അലയുകയും ചെയ്യുന്നവർക്കു താങ്ങും തണലുമായി മാറുവാൻ ക്രിസ്തു യേശുവിലൂടെ വിളിയ്ക്കപ്പെട്ട്, പരിശുദ്ധാത്മാവിലൂടെ നിറച്ചും, നിയന്ത്രിച്ചും നിത്യവും നയിക്കുന്ന വിശ്വാസിയ്ക്കു കഴിയൂ.

ആ വിശ്വാസത്തിന്റെ ഇരുൾ പടർന്ന വീഥികളിൽ വിശ്വാസത്തിന്റെ വെളിച്ചമായി മാറുന്നതു നന്മയും, പുണ്യവും നിറഞ്ഞ പ്രവൃത്തികളിലൂടെയാണ്. അതിനുള്ള അവസരങ്ങൾ നമ്മുടെ മുമ്പിൽ സമാഗതമാകുമ്പോൾ അവയെ അവഗണിച്ച് അകന്നു പോകുന്നവരാകാതിരിപ്പാൻ സൂക്ഷിക്കുക. (യാക്കോ.4:17) "നന്മ ചെയ്യുവാനറിഞ്ഞിട്ടും ചെയ്യാത്തവനും അതുപാപം തന്നേ" പാപവഴി വിട്ട് പുണ്യത്തിന്റെ പാതയിൽ പ്രയാണം ചെയ്യുവാൻ പ്രതിദിനം പരിശുദ്ധാത്മാവ് പ്രാപ്തരാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## ഉന്നത വിജയം
## S.S.L.C



**Rebeca Anna Aneesh**
D/o അനീഷ് റ്റി.സി. & ഷൈനി
തകിടിയിൽ, ചിങ്ങവനം
സെന്റ് മേരീസ് ശാലേംപള്ളി
ചിങ്ങവനം



**Shreya Jaison**
D/o ജെയ്സൺ പി. ജേക്കബ്
പാറാനിക്കൽ, മടന്തമൺ
സെന്റ് തോമസ് വലിയപള്ളി
റാന്നി



**Irene Mathew**
D/o റ്റി.കെ. മാത്യു
തോട്ടത്തിൽ, മടന്തമൺ
സെന്റ് തോമസ് വലിയപള്ളി
റാന്നി




# എട്ടുനോമ്പിന്റെ പ്രസക്തിയെന്ത്? അത് ആചരിക്കേണ്ടതുണ്ടോ?

മൂന്ന് നോമ്പ്, വലിയ നോമ്പ്, ശ്ലീഹാ നോമ്പ്, ശൂനോയോനോമ്പ് (മാതാവിന്റെ വാങ്ങിപ്പ്), യൽദോ നോമ്പ് (കർത്താവിന്റെ ജനനം) എന്നിങ്ങനെ അഞ്ചു നോമ്പാണ് കാനോനിക നോമ്പായി പരി. സുറിയാനിസഭ അംഗീകരിച്ചിട്ടുള്ളത്. അതു നിർബന്ധമായി ആചരിക്കുവാൻ എല്ലാ വിശ്വാസികളും കടപ്പെട്ടിരിക്കുന്നു. എന്നാൽ എട്ടു നോമ്പ് കാനോനികമായി പരി.സഭ അംഗീകരിച്ചിട്ടില്ലാത്തതിനാൽ അത് ആചരിക്കണമെന്ന് നിർബന്ധമില്ല.

പരി. ദൈവമാതാവിന്റെ ജനനവുമായി ബന്ധപ്പെട്ട് രൂപം പ്രാപിച്ച നോമ്പാണ് എട്ടുനോമ്പായി അറിയപ്പെടുന്നത്. "അമലോത്ഭവം" (കന്യകമറിയാം ജന്മപാപം കൂടാതെ ജനിച്ചു) എന്ന കത്തോലിക്കാ സഭയുടെ പഠിപ്പിക്കലാണ് ഈ നോമ്പിന്റെ അടിസ്ഥാനം. പരി. സുറിയാനിസഭ ഈ വാദം അംഗീകരിക്കുന്നില്ല. യൂയാക്കിം-ഹന്നാ ദമ്പതികളിൽ നിന്ന് ഒരു സാധാരണ സ്ത്രീയായി മറിയാം ജനിച്ചു എന്നും അവളുടെ ജീവിത വിശുദ്ധിയാലും, താഴ്മയാലും ദൈവം അവളെ തിരഞ്ഞെടുത്തു എന്നുമാണ് പരി. സഭ വിശ്വസിക്കുന്നത്. വി.കന്യകമറിയാമും എലിശബേത്തും തമ്മിൽ നടന്ന കൂടിക്കാഴ്ചയിൽ പരിശുദ്ധാത്മാ പ്രേരിതയായി മറിയാം പാടിയ പാട്ടിൽ "അവൻ തന്റെ ദാസിയുടെ താഴ്മ നോക്കിക്കണ്ടു. അതിനാൽ ഇന്നുമുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും" (ലൂക്കോസ് 1:39-55) എന്നാണല്ലോ പറഞ്ഞിരിക്കുന്നത്.

പരി. സുറിയാനിസഭ യേശുക്രിസ്തുവിന്റെ ജന്മദിനം മാത്രമേ ആഘോഷിക്കുന്നുള്ളൂ. ബാക്കി എല്ലാവരുടേയും മരണദിനമാണ് ആഘോഷപൂർവ്വം കൊണ്ടാടുന്നത്. അതിനാൽ മാതാവിന്റെയും വാങ്ങിപ്പുപെരുന്നാളാണ് സഭ ആഘോഷിക്കുന്നത്. ശ്ലീഹന്മാരുടേയും, സഹദേന്മാരുടെയും ഒക്കെ മരണദിനം വലിയപെരുന്നാളായും, മറ്റു പിതാക്കന്മാരുടെ മരണദിനം ശ്രാദ്ധപ്പെരുന്നാളായും സഭ ആഘോഷിക്കുന്നു. ഈ ഭൂമിയിലെ ജനനത്തേക്കാൾ മരണംമൂലം പറുദീസായിൽ പ്രവേശിച്ച ദിവസം ആണ് വലുത് എന്ന കാഴ്ചപ്പാടാണ് ഈ വിശ്വാസത്തിനു പിന്നിലുള്ളത്.

പരി. ദൈവമാതാവിന് മനുഷ്യരിൽ മറ്റാരേക്കാളും അതുല്യസ്ഥാനം പരി. സഭ കല്പിക്കുന്നതിനാലും മാതാവിനോടുള്ള മദ്ധ്യസ്ഥത പരി. സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്നാകയാലും എട്ടുനോമ്പ് ആചരിക്കുന്നതിനെ സഭ വിലക്കിയിട്ടില്ല. കാനോനിക അംഗീകാരം നൽകിയിട്ടില്ലെന്നു മാത്രമേയുള്ളൂ. ഇപ്പോൾ മിക്കവാറും എല്ലാ പള്ളികളിലും എട്ടുനോമ്പ് ആഘോഷപൂർവ്വം കൊണ്ടാടപ്പെടുന്നുണ്ട്.

പരി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമല്ലാത്ത ദൈവാലയങ്ങളിൽ ഒന്നിലധികം ത്രോണോസ് (ബലിപീഠം) ഉണ്ടെങ്കിൽ വടക്കേ ത്രോണോസ് പരി. ദൈവമാതാവിന്റെ നാമത്തിൽ ആയിരിക്കണം എന്നുള്ളതാണ് സഭയുടെ നിയമം. എല്ലാ പരിശുദ്ധന്മാരിലും, ശുദ്ധിമതികളിലും പ്രഥമവ്യക്തിയായി പരി. കന്യകമറിയാമിനെ സഭ കാണുകയും അംഗീകരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ പങ്കു വഹിക്കുവാൻ തക്കവിധം ദൈവം തിരഞ്ഞെടുത്ത വ്യക്തിയാണ് പരി. മറിയം എന്നതാണ് ഈ പ്രഥമ സ്ഥാനത്തിനടിസ്ഥാനം.

ഏദനിൽവച്ച് പാപം ചെയ്തു പുറത്തുപോയ മനുഷ്യന് ദൈവം നൽകിയ വാഗ്ദാനം ആയിരുന്നു "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും" എന്നത് (ഉല്പ. 3:15). പുരുഷബീജം കൂടാതെ സ്ത്രീയിൽ നിന്ന് മാത്രം ശരീരം സ്വീകരിച്ച് ലോകത്തു ജനിച്ച ഏക വ്യക്തി ക്രിസ്തു മാത്രമാണ്. ബാക്കി എല്ലാവരും പുരുഷന്റെ സന്തതിയായിട്ടാണല്ലോ ജനിച്ചിട്ടുള്ളത്. യോർദ്ദാനിൽ ആരംഭിച്ച പരസ്യശുശ്രൂഷ മുതൽ കാൽവറിയിലെ യാഗം വരെ നീണ്ടുനിന്ന മൂന്നര വർഷക്കാലത്തെ പ്രവർത്തനത്തിലൂടെ സ്ത്രീയുടെ സന്തതിയായി ജനിച്ച ക്രിസ്തു സാത്താനാകുന്ന സർപ്പത്തിന്റെ തലചതച്ചു.

കർത്താവു രണ്ടുപ്രാവശ്യം തന്റെ മാതാവിനെ "സ്ത്രീ" എന്ന് അഭിസംബോധന ചെയ്യുന്നുണ്ട്. തന്റെ ആദ്യപ്രവർത്തനം നടന്ന കാനാവിലെ വിവാഹഭവനത്തിലും (യോഹ. 2:4) ശുശ്രൂഷയുടെ അവസാനമായി താൻ ക്രൂശിൽ തന്റെ ജീവൻ വെടിയുന്നതിനുമുമ്പും (യോഹ. 19:26) ഈ പ്രസ്താവനയിലൂടെ പഴയനിയമം അറിയാവുന്നവരോട് താൻ രണ്ടുകാര്യം പ്രസ്താവിക്കുകയായിരുന്നു. സ്ത്രീയുടെ സന്തതി താനാണെന്നും തന്നെ പ്രസവിച്ചവളാണ് ബൈബിളിൽ പറയുന്ന 'സ്ത്രീ' എന്നും.

യേശുവിന്റെ സ്വന്തഗ്രാമമായ നസ്രേത്തിൽ വച്ച് "ഇവൻ മറിയയുടെ മകനല്ലയോ" (മർക്കോ. 6:3) എന്നു തന്റെ ചാർച്ചക്കാരും ദേശക്കാരും തന്നെ പരിഹസിച്ചപ്പോൾ "അവൻ സ്ത്രീയുടെ സന്തതി" എന്ന പ്രവചനനിവൃത്തിയാണ് സംഭവിച്ചതെന്ന് മനസ്സിലാക്കാവുന്നതാണ്.

പരി. കന്യകമറിയത്തെ രണ്ടാം ഹവ്വായായിട്ടാണ് പരി. പിതാക്കന്മാർ വിശേഷിപ്പിച്ചിട്ടുള്ളത്. ഒന്നാം ഹവ്വാ അവിശ്വാസത്തിന്റേയും അനുസരണക്കേടിന്റെയും മാതാവാണെങ്കിൽ രണ്ടാം ഹവ്വായായ മറിയാം വിശ്വാസത്തിന്റേയും അനുസരണത്തിന്റേയും സമർപ്പണത്തിന്റേയും മാതാവാണ്. 'എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ മരിക്കും' (ഉല്പ. 2:17) എന്ന ദൈവകല്പനയെ ലംഘിച്ച് 'നിങ്ങൾ മരിക്കയില്ല നിശ്ചയം, അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും

നിങ്ങൾ നന്മ തിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും' (ഉല്പ. 3:4–5) എന്ന പൈശാചിക പ്രലോഭനത്തിനു വിധേയമായി ഒന്നാം ഹവ്വാ പ്രവർത്തിച്ചപ്പോൾ അവൾ മുഖാന്തിരം സകല മനുഷ്യരും പാപത്തിനും മരണത്തിനും അടിമയായി.

എന്നാൽ രണ്ടാം ഹവ്വായായ മറിയാമിന്റെ അടുത്ത് ദൂതൻ വന്ന് "ഭയപ്പെടേണ്ട നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവന് യേശു എന്ന് പേരു വിളിക്കണം" (ലൂക്ക 1:30–35) എന്നു പറഞ്ഞ് ദൈവഹിതത്തിനു തന്നെത്തന്നെ സമർപ്പിക്കുകയാണ് പരി. അമ്മ ചെയ്തത്. ആ സമർപ്പണം മുഖാന്തിരം തന്നിൽ നിന്നും ശരീരം സ്വീകരിച്ച യേശുക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിലൂടെ സകല മനുഷ്യർക്കും പാപത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷ നേടുവാനുള്ള വഴി തുറക്കപ്പെട്ടു.

കാനാവിലെ വിവാഹഭവനത്തിൽ വച്ച് മറിയാം യേശുവിനോട് "അവർക്കു വീഞ്ഞില്ല" എന്നു പറഞ്ഞപ്പോൾ, സ്ത്രീയേ എനിക്കും നിനക്കും എന്ത്? "എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല" എന്ന് നിരാശ ഉളവാക്കാവുന്ന മറുപടിയാണു മാതാവിനു ലഭിച്ചതെങ്കിലും "അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ" (യോഹ. 2:1–10) എന്നു പറഞ്ഞ് ആ ഭവനത്തിലെ വേലക്കാരെപ്പോലും അനുസരണത്തിലേക്കും വിശ്വാസത്തിലേക്കും മാതാവു നയിക്കുകയാണു ചെയ്തത്.

ഒന്നാം ഹവ്വാ ജീവനുള്ളവരുടെയെല്ലാം മാതാവാണെങ്കിൽ (ഉല്പ. 3:20) രണ്ടാം ഹവ്വായായ മറിയാം ക്രിസ്തുവിൽ പുതുജീവൻ പ്രാപിക്കുന്നവരുടെയെല്ലാം മാതാവാണ്. ദൈവവചനം കേട്ട് തന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരെയെല്ലാം തന്റെ മാതാവും സഹോദരന്മാരുമായി കൈക്കൊള്ളുവാൻ നമ്മുടെ കർത്താവ് സന്നദ്ധനാണ് (ലൂക്ക് 8:19–21). ആയതിനാൽ പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നതോടൊപ്പം മാതാവിനെപ്പോലെ ദൈവഹിതത്തിനു സ്വയം സമർപ്പിക്കുവാനും ദൈവത്തിന്റെ ഇഷ്ടം അനുസരിച്ച് ജീവിക്കുവാനും നാം തയ്യാറാകണം. ●

# God is with you so don't worry

**Joannah Biju**
Elampallil, Bangalore

Sometimes life gives you disappointments
Sometimes life gives you pain
Sometimes life gives you discomfort
All you need to do is push through the pain

Sometimes life gives comfort
Sometimes life gives you joy
Sometimes life gives you love
All you got to do is enjoy it

Your neck is not a hanger so don't hang it
Your skin is not paper so don't cut it
Your life is not a movie so don't end it
Everything you do is just temporary

# പാപത്തെ അതിജീവിക്കാൻ

**ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം**

മക്കളെ നിങ്ങൾ അറിഞ്ഞിടുക
നമ്മൾ, പറയുന്ന ഓരോ വാക്കിനും
ഉത്തരം നമ്മൾ കൊടുത്തിടേണം
വിധി ദിവസം കണക്കു കൊടുത്തിടേണം
ദുഷ്ടന്റെ വാക്കാൽ വിധിക്കപ്പെടും
നീതിമാന്റെ വാക്കാൽ രക്ഷിക്കപ്പെടും
തിന്മയിൽനിന്ന് നാവിനേയും
വ്യാജത്തിൽനിന്ന് അധരത്തേയും സൂക്ഷിക്കൂ!
മനുഷ്യന്റെ അകത്തും പുറത്തും പാപം ഉണ്ടല്ലോ
ശരീരത്തിൽ നടക്കുന്ന പാപമാണ് വ്യഭിചാരം
വ്യഭിചാരത്തിൽ നിന്നും ഓടി അകലൂ
സ്വർഗ്ഗ രാജ്യത്തിൽ അവകാശിയാകൂ!
പഴയനിയമ പാളയത്തിൽ കർത്തൻ വസിച്ചു
പുതിയ നിയമ പാളയമാം മനുഷ്യ ശരീരം
വെടിപ്പോടെ കാത്തു സൂക്ഷിക്കുവാൻ
കർത്തനെ, നിൻകൃപ എന്നിലൊഴുക്കൂ!
കർത്തൻ, ഉള്ളിൽ നിറഞ്ഞിടുവാൻ
ആത്മഫലങ്ങൾ ലഭിച്ചിടുവാൻ
ശരീരവിശുദ്ധി കാത്തു സൂക്ഷിക്കുവാൻ
ജഡിക പാപം വിട്ടോടിടുക
ദൂഷണം ശാപം, തെറിവിളി എന്നിവ
ഭവനത്തിൽ ഇരുന്നു പറഞ്ഞിടുകിൽ
തലമുറ, ശാപത്തിലായിക്കൊണ്ട്
ഭവനം കുട്ടിച്ചോറായിടുമേ
കർത്തന്റെ നാവുപോലെ ആയിടുവാൻ
വിലകെട്ട വാക്കുകൾ പറഞ്ഞിടാതെ
അധരത്തിൻ കാവൽ ഇട്ടുകൊണ്ട്
സദ്‌വചനങ്ങൾ പറഞ്ഞിടുക
ദുഷ്ടനാം സാത്താൻ ബലഹീന പാത്രത്തെ
തേടിപ്പിടിച്ച് ആത്മശരീര മനസ്സുകളിൽ
ജഡികപാപം കുത്തി നിറച്ച്
നരകത്തിന് അവകാശിയാക്കിടുമേ.
പാപത്തിനെല്ലാം രുചിയുണ്ടുപോലും
പ്രവൃത്തിയിൽ, മനസ്സിൽ, അവയവങ്ങളിൽ
പുണ്യപ്രവൃത്തിയിൽ, താനെന്നഭാവം
ഇവയെല്ലാം നമ്മളെ പാപികളാക്കും
ഈ ലോകജീവിതം സന്തുഷ്ടമാക്കാൻ
ആലോക ജീവിതം ആസ്വദിക്കാൻ
തിന്മയിൽനിന്നും മോചനം നേടി
സന്മാർഗ്ഗിക ജീവിതം നയിച്ചീടുക
എളിമ, തൻ ജീവിതം നയിച്ചുകൊണ്ട്
സഹനത്തിൽ സന്തോഷം കണ്ടെത്തി
ആത്മവരങ്ങളാൽ നിറഞ്ഞുകൊണ്ട്
ഈ ലോക ജീവിതം ധന്യമാക്കൂ!
പാപം എത്രകടും ചുമപ്പായാലും
ഹിമംപോലെ വെളുപ്പിക്കാൻ കർത്തനുണ്ട്
സത്യകുമ്പസാരം നടത്തിക്കൊണ്ട്
വി.കുർബ്ബാന അനുഭവിക്കൂ!
പ്രഭാതം മുതൽ പ്രദോഷംവരെ
കർത്തൻ, തൻ മക്കളെ കാത്തിരിപ്പൂ
പാപത്തെ അതിജീവിച്ചിടാൻ
കർത്തന്റെ പാദത്തിൽ ചേർന്നിരിപ്പൂ! ●

# വാഗ്ദത്ത സന്ദേശം
# ആരു മറന്നാലും മറക്കാത്ത ദൈവം

**കെ.എ. കുര്യാക്കോസ്, കൊമർത്തും പറമ്പിൽ**

ഉല്പത്തി 29:31 "ലേയ അനിഷ്ടതയെന്നു യഹോവ കണ്ടപ്പോൾ അവളുടെ ഗർഭത്തെ തുറന്നു".

ഈ വാക്യം കൂടുതൽ വ്യക്തമായി മനസ്സിലാക്കണമെങ്കിൽ നമ്മൾ ഇപ്രകാരം വായിക്കണം. 'യാക്കോബിന് അവന്റെ ഭാര്യയായ ലേയ അനിഷ്ടയായി എന്നു കണ്ടപ്പോൾ യഹോവ അവളുടെ ഗർഭത്തെ തുറന്നു'.

ഈ തിരുവചനത്തിന്റെ ചരിത്ര പശ്ചാത്തലം നമുക്കറിയാമല്ലോ. യാക്കോബ് തന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ ഭവനത്തിൽ എത്തുകയും ലാബാന്റെ മകളായ റാഹേലിനെ ഇഷ്ടപ്പെടുകയും ചെയ്തു. എന്നാൽ മുറപ്രകാരം മൂത്ത മകളായ ലേയയാണ് ലാബാൻ ആദ്യം യാക്കോബിന് വിവാഹം കഴിച്ചു നൽകിയത്.

ലേയ തന്റെ അനുജത്തിയായ റാഹേലിനെപോലെ വലിയ സുന്ദരിയൊന്നുമല്ലായിരുന്നു. എങ്കിലും അവൾ തന്റെ ഭർത്താവിനെ സ്നേഹിച്ചു സന്തോഷത്തോടെ കഴിയുമ്പോഴായിരുന്നു അവളുടെ ഭർത്താവ് റാഹേലിനെ വിവാഹം കഴിക്കുന്നത്. അതോടെ അവളുടെ കഷ്ടകാലം ആരംഭിച്ചു. ഏഴു വർഷം കൂടെ കഴിഞ്ഞ അവളുടെ ഭർത്താവിന് അവളോടുള്ള ഇഷ്ടം കുറഞ്ഞു. അവൾ ഒരു അധികപ്പറ്റായി തോന്നിത്തുടങ്ങി ലേയ യാക്കോബിന് അനിഷ്ടയായി എന്നാണ് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആരും അവളുടെ സങ്കടം കണ്ടില്ല. എങ്കിലും അവളുടെ ദൈവത്തിന് അതു കാണാതിരിക്കാൻ കഴിഞ്ഞില്ല. എല്ലാം കാണുന്ന ഒരു ദൈവം ഉണ്ട്. യഹോവയുടെ കണ്ണ് എല്ലാടവും ഉണ്ട്. ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു. (സദൃശ. 15:3).

ചിലർ കരുതുന്നതുപോലെ ദൈവം ഒന്നും കാണാതിരിക്കുകയോ അറിയാതിരിക്കുകയോ അല്ല. ഇടപെടേണ്ട സമയത്ത് ദൈവം സ്വർഗ്ഗത്തിൽനിന്ന് ഇടപെടും. ഭർത്താവിന്റെ കണ്ണിൽ ഒരു അനിഷ്ടയായി മാറിയെങ്കിലും സൃഷ്ടാവിന്റെ കണ്ണിൽ അവൾ പ്രിയപ്പെട്ടവളായിരുന്നു എന്ന് ചരിത്രം തെളിയിക്കുന്നുണ്ട്.

വാസ്തവത്തിൽ എന്തു കുറ്റം ചെയ്തിട്ടാണ് ലേയക്ക് ജീവിതത്തിൽ ഇതുപോലെ സങ്കടപ്പെടേണ്ടി വന്നത്. അവൾ എന്തു തെറ്റു ചേയ്തിട്ടാണ് ഭർത്താവിന്റെ കണ്ണിലെ കരടായി തീർന്നത്. അവൾ നിർബന്ധിച്ചിട്ടായിരുന്നോ അവളുടെ പിതാവായ ലാബാൻ അവളെ യാക്കോബിന് വിവാഹം കഴിച്ചു നൽകിയത്? റാഹേലിനോളം സൗന്ദര്യമില്ലാതെ ഈ ഭൂമിയിൽ ജനിച്ചതിന് അവൾ എന്തു തെറ്റ് ചെയ്തു.

ഇന്നും ജീവിതത്തിൽ പല സാഹചര്യങ്ങളോടുള്ള ബന്ധത്തിൽ ഇതേ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് സങ്കടത്തോടെ കഴിയുന്ന നിരവധി ആളുകളുണ്ട്. ഒരു കാരണവുമില്ലാതെ നമ്മൾ ഒരു തെറ്റും ചെയ്യാതെ പെട്ടെന്ന് ഒരു ദിവസം നമ്മൾ ഏറ്റവും ഇഷ്ടപ്പെടുന്ന ആളുകളുടെ കണ്ണിലെ ഒരു കരടായി മാറിയാലുള്ള വേദന പറഞ്ഞറിയിക്കാവുന്നതല്ല. നമ്മുടെ ശാരിരിക പോരായ്മകൾ കണ്ട് (നീളംകുറവ്, പൊക്കം കുറവ്, ഭംഗിക്കുറവ്, മുടിക്കുറവ്, കഴിവ് കുറവ്, യോഗ്യത കുറവ്) വേണ്ടപ്പെട്ടവർ നമ്മെ അവഗണിക്കുകയും മാറ്റി നിറുത്തുകയും ചെയ്താൽ ഹൃദയം തകരില്ലേ. ലേയയുടെ അവസ്ഥ അതായിരുന്നു.

ആരോടും പറയാൻ കഴിയാതിരുന്ന അവളുടെ സങ്കടം അവൾ ദൈവത്തോടു പറഞ്ഞു (വാക്യം. 29:33) ഞാൻ അനിഷ്ട എന്ന യഹോവ കേട്ടതുകൊണ്ട്) ദൈവത്തോടു തന്റെ സങ്കടം പറയുക മാത്രമല്ല അവൾ ദൈവത്തെ സ്തുതിച്ചുകൊണ്ടുമിരുന്നു. (വാക്യം 29:35 ഞാൻ യഹോവയെ സ്തുതിക്കും എന്ന് അവൾ പറഞ്ഞു).

സ്വർഗ്ഗത്തിലെ ദൈവം അവളുടെ സങ്കടം കണ്ട് അവളോടു മനസ്സലിഞ്ഞു. അവൾക്ക് ആദ്യം തലമുറകളുടെ അനുഗ്രഹം നൽകി അനിഷ്ട എന്ന അവളുടെ ലേബൽ മാറ്റി ഭാഗ്യവതി എന്ന ലേബൽ നൽകി. സൗന്ദര്യമില്ലാത്തവൾ എന്ന കാരണത്താൽ മറ്റുള്ളവർ അവൾക്ക് അർഹമായ പരിഗണന നൽകാതിരുന്നപ്പോൾ ദൈവം അവൾക്ക് മറ്റുള്ളവരെക്കാൾ പരിഗണന നൽകി. അതുകൊണ്ട് യിസ്രായേൽ ഗോത്രങ്ങളിൽ പകുതി ഗോത്രം അവളുടെ മക്കളായിരുന്നു.

മാത്രമല്ല പഴയ നിയമത്തിലെ ഏറ്റവും ശ്രേഷ്ഠമായ പദവിയും ശുശ്രൂഷയും നൽകിയത് ലേയയുടെ പുത്രനായ ലേവിക്കായിരുന്നു എന്നു കാണാം. യഹോവയുടെ ആലയത്തിലെ ശുശ്രൂഷ ചെയ്യുവാൻ ഒരു ഗോത്രത്തെ ദൈവം തിരഞ്ഞെടുത്തപ്പോൾ അതു ലേവി ആയിരിക്കണമെന്ന് ദൈവം തീരുമാനിച്ചതിന്റെ ഒരു കാരണം, അതു ദൈവം ലേയയോടു കാണിച്ച നീതി ആയിരുന്നു.

വെളി. 5:5. "യഹൂദ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ ദൈവപുത്രനും, നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനായ യേശു ക്രിസ്തു ഈ ഭൂമിയിൽ പിറന്നത് ലേയയുടെ പുത്രനായ യെഹൂദയുടെ ഗോത്രത്തിലായത് അവിചാരിതമായിട്ടല്ലായിരുന്നു എല്ലാവരുടെയും കണ്ണിൽ ലേയ ഒരു അനിഷ്ടയായിരുന്നു. എങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ അവൾ എത്രമാത്രം ശ്രേഷ്ഠയായിരുന്നു എന്നുള്ളതിന്റെ തെളിവാണ് അത്.

നമ്മൾ മനസ്സിലാക്കേണ്ടത്, റാഹേലിനോളം സൗന്ദര്യമില്ലാതിരുന്നതുകൊണ്ടാണല്ലോ യാക്കോബിന്റെ കണ്ണിൽ ലേയ അനിഷ്ടയായി തോന്നിയത്. എന്നാൽ ഏകദേശം ആയുസ്സിന്റെ അവസാനംവരെ ഈ ലേയയായിരുന്നു. യാക്കോബിന്റെ കൂടെ ഉണ്ടായിരുന്നത് (ഉല്പ. 49:31). റാഹേൽ വഴിയിൽവച്ച് മരിച്ചു പോയിരുന്നു. (ഉല്പ.35:18).

ശരീരത്തിന്റെ രൂപവും, ഭംഗിയും, സൗന്ദര്യവുമൊക്കെ ഇത്രയുമേ ഉള്ളു. ജീവിത യാത്രയിൽ അതും ഇല്ലാതാകും. എന്നാൽ ദൈവത്തിന്റെ കൃപ ലഭിക്കുന്നവർ നന്മ പ്രാപിക്കും. റാഹേൽ വഴിയിൽ വച്ചു മരിച്ചുപോകയും അവളുടെ ശരീരം വഴിയരുകിൽ അടക്കുകയും ചെയ്തപ്പോൾ ലേയ കനാൻദേശത്ത് എത്തി മരിക്കയും അവളുടെ ശരീരം അബ്രഹാമിന്റെയും സാറായുടെയും കല്ലറയിൽ അടക്കുകയും ചെയ്തു. ആ കല്ലറയിൽതന്നെ പിന്നീട് യാക്കോബിനെയും അടക്കി.

ഒരിക്കൽ യാക്കോബ് അനിഷ്ട എന്ന് എണ്ണിയ ആ ലേയയുടെ കല്ലറയിൽ തന്നെ അടക്കുക എന്നുള്ളത് ദൈവനീതിയായിരുന്നു.

ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ
ഒരു ഭോഷനായി തോന്നിയാലും
ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ
എന്നും ശ്രേഷ്ഠനായി മാറിടുന്നു.

ഒരു കാരണവുമില്ലാതെ നമ്മൾ നിന്ദിക്കപ്പെടുമ്പോൾ തെറ്റൊന്നും ചെയ്യാതെ മറ്റുള്ളവർ നമ്മെ ക്രൂശിക്കാൻ ശ്രമിക്കുമ്പോൾ ചെയ്യാത്തകുറ്റത്തിൽ ഏറ്റവും വേണ്ടപ്പെട്ടവർപോലും നമ്മെ ഒറ്റപ്പെടുത്തുമ്പോൾ ഓർത്തുകൊൾക, ലേയയോടു നീതി കാണിച്ച ദൈവം ഇന്നും ജീവിക്കുന്നു. ●

# ദൈവാലയത്തിൽ തിരശ്ശീലയുടെയും ആരാധനയിൽ കിഴക്കിന്റെയും പ്രസക്തി

ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ, ഇരവിപേരൂർ

വി. മത്തായിയുടെ സുവിശേഷം 27:51 ഉദ്ധരിച്ചുകൊണ്ട് ചിലർ ചോദിക്കാറുണ്ട് യേശു പ്രാണനെ വിട്ടപ്പോൾ തിരശ്ശീല മാറിപ്പോയില്ലേ? ഇപ്പോഴും നിങ്ങളുടെ ദൈവാലയത്തിൽ തിരശ്ശീല കാണുന്നല്ലോ, അത് വേദവിപരീതമല്ലേയെന്ന്. യേശു പ്രാണനെ വിട്ടപ്പോൾ ദൈവാലയത്തിലെ തിരശ്ശീല മുകൾ മുതൽ അടിവരെ രണ്ടായി കീറിപ്പോയി. രക്ഷ മുകളിൽ നിന്നും ഇറങ്ങി വന്നു. അന്നുമുതൽ മനുഷ്യന് ദൈവവുമായി നേരിട്ട് കൂട്ടായ്മയുണ്ടായി. മരുപ്രയാണത്തിൽ ദൈവികനിഷ്കർഷപ്രകാരം മോശ നിർമ്മിച്ചതാണ് സമാഗമനകൂടാരം (അപ്പോ. പ്രവൃ.7:45), (പുറ. chap. 26 to 40). സമാഗമന കൂടാരത്തിന്റെ മാതൃകയിൽ ശലോമോൻ പണികഴിപ്പിച്ചതാണ് യെറുശലേം ദേവാലയം (1 രാജ.6:1–38), (1 രാജ. chap.6 to 9). യറുശലേം ദേവാലയത്തെ മൂന്നായി തിരിച്ചിരുന്നു. (1) മഹാവിശുദ്ധ സ്ഥലം അത് സ്വർഗ്ഗത്തിന്റെ പ്രതീകം (2) വിശുദ്ധസ്ഥലം അത് പറുദീസയുടെ പ്രതീകം (3) പ്രാകാരം അത് ഭൂമിയുടെ പ്രതീകം. പ്രാകാരത്തെ വീണ്ടും രണ്ടായി തിരിച്ചിരിക്കുന്നു. (1) ദൈവജനത്തിന്റെ പ്രാകാരം (യഹൂദന്മാർക്ക് ദൈവത്തെ ആരാധിക്കാനുള്ള സ്ഥലം (2) ജാതികളുടെ പ്രാകാരം യഹൂദന്മാർ അല്ലാത്തവർക്ക് ദൈവത്തെ ആരാധിക്കാനുള്ള സ്ഥലം. പ്രാകാരവും വിശുദ്ധസ്ഥലവും തമ്മിൽ വേർതിരിക്കുന്ന സ്ഥലത്തുള്ള തിരശ്ശീലയ്ക്ക് ഒന്നാം തിരശ്ശീലയെന്ന് പേർ. ഇത് പാപിയായ മനുഷ്യനെ മഹാവിശുദ്ധ സ്ഥലത്ത് നിന്ന് മറക്കുന്നു. വിശുദ്ധസ്ഥലവും മഹാവിശുദ്ധസ്ഥലവും തമ്മിൽ വേർതിരിക്കുന്ന സ്ഥലത്തുള്ള തിരശ്ശീലയ്ക്ക് രണ്ടാം തിരശ്ശീലയെന്ന് പേർ (എബ്രാ. 9:1–10). യേശു പ്രാണനെ വിട്ടപ്പോൾ രണ്ടാം തിരശ്ശീലയാണ് നീങ്ങിപ്പോയത്. ഒന്നാം തിരശ്ശീല നിലനിന്നിരുന്നു. തിരശ്ശീലയെന്ന ഏകവചനമാണ് കാണുന്നത് (മത്തായി 27:51). ഒന്നാം തിരശ്ശീല നീങ്ങിപ്പോകുന്നത് മഹത്വപ്രത്യക്ഷതയിലാണ്. ശലോമോൻ നിർമ്മിച്ച ആദ്യ ദൈവാലയം നശിപ്പിക്കപ്പെടുകയും 70 വർഷത്തെ ബാബേൽ പ്രവാസത്തിനു ശേഷം സെരുബാബേലിന്റെ നേതൃത്വത്തിൽ രണ്ടാം ദൈവാലയം പണികഴിപ്പിക്കുകയും ചെയ്തു. (സഖ.4:6–10). കർത്താവിന്റെ കാലത്ത് യഹൂദന്മാരുടെ പ്രീതി സമ്പാദിക്കുന്നതിനു വേണ്ടി ഹേരോദാവ് ഇതിനെ പുതുക്കിപ്പണിതു. അതിനാൽ ദൈവാലയത്തിന് ഹേരോദാവിന്റെ ദേവാലയം എന്ന് മറു പേരുണ്ടായി. (മത്തായി 24:1–2, ലൂക്കോസ് 21:5–6). എ.ഡി 70 ൽ റോമൻ സൈന്യാധിപനായിരുന്ന ടൈറ്റസിന്റെ നേതൃത്വത്തിലുള്ള സൈന്യം യറുശലേം ദൈവാലയത്തെ അഗ്നിക്കിരയാക്കി. യരുശലേമിനെയും ദേവാലയത്തെയും ഉഴുതുമറിച്ചു. (എ.ഡി. 70–ലെ പെസഹായിൽ) (മീഖ. 3:9–12). അങ്ങനെ കല്ലിന്മേൽ കല്ല് ശേഷിക്കുകയില്ലായെന്ന കർത്താവിന്റെ എ.ഡി. 30–ലെ പ്രവചനം നിവൃത്തിയായി (മത്തായി 24:1–2, ലൂക്കോ. 21:5–6). അന്ന് യെരുശലേമിൽ 11,20000 യഹൂദന്മാർ കൊല്ലപ്പെട്ടു. ശേഷിച്ചവർ നാലുപാടും ചിതറി. ലോക ചരിത്രത്തിൽ ഇടം നേടിയ ഈ സംഭവം എ.ഡി. 70 ന് മുമ്പ് രചിച്ച പുതിയനിയമത്തിൽ ഇല്ല. യഹൂദാ ചരിത്രകാരനായ ജോസിഫസ് ഇതിനെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നു. ന്യായപ്രമാണയുഗം അന്ന് അവസാനിച്ചു. (ലൂക്കോ.16:16, മത്തായി 11:13–15, ഗലാ. 3:19) യുഗാവസാനമെന്ന പദമാണ് ബൈബിളിന്റെ മൂലഭാഷകളിൽ ലോകാവസാനമെന്നല്ല. കർത്താവിന്റെ വരവോടുകൂടി അന്ത്യകാലം ആരംഭിച്ചുവെങ്കിലും (എബ്രാ.1:2, അപ്പോ.2:16–19) അത് പൂർണ്ണതയിലെത്തുന്നത് എ.ഡി. 70 ൽ ആണ് (എബ്രാ.9:8). ഇന്ന് മനുഷ്യനെ ഭയപ്പെടുത്തി മതമാറ്റവും സഭാമാറ്റവും ഒക്കെ നടത്തുവാൻ കൊട്ടിഘോഷിക്കുന്നതുപോലെ ഒരു ലോകാവസാനമില്ല. "അവൻ യാക്കോബ് ഗൃഹത്തിൽ എന്നേക്കും രാജാവായിരിക്കും. അവന്റെ രാജ്യത്തിന് അവസാനമുണ്ടായിരിക്കയില്ല (ലൂക്കോ.1:33).

"പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്ന്യേ
യൂദന്മാരെ നിങ്ങളുടെ നിലയം സർവ്വം ശൂന്യം"
(ദുഃഖവെള്ളി)

യരുശലേം ദൈവാലയത്തിന്റെ മാതൃകയിൽ സഭാപിതാക്കന്മാർ രൂപകല്പന ചെയ്തിട്ടുള്ളതാണ് സുറിയാനി ക്രിസ്ത്യൻ ദേവാലയങ്ങൾ. സഭ സാർവ്വത്രികം (Universal) ആകയാൽ പ്രാകാരം ഒന്ന് മാത്രം (ഗലാ. 3:28). അന്ത്യോഖ്യാ മൂന്നാമത്തെ പാത്രിയർക്കീസായിരുന്ന പരി. ഇഗ്നാത്തിയോസ് നൂറോനോ എ.ഡി. 68–107) ആണ് സാർവ്വത്രികം എന്ന പ്രഖ്യാപനം ആദ്യമായി നടത്തിയത്.

**കിഴക്കിന്റെ പ്രത്യേകത:**

ശലോമോൻ നിർമ്മിച്ച യറുശലേം ദൈവാലയത്തിലെ കർത്താവിന്റെ വാതിൽ കിഴക്കുവശത്തായിരുന്നു (യെഹ.44:1–2). കർത്താവിനെ ക്രൂശിച്ചത് പടിഞ്ഞോറോട്ട് അഭിമുഖമായിട്ടായിരുന്നു. അപ്പോൾ കർത്താവിന്റെ മുഖം കാണണമെങ്കിൽ കിഴക്കോട്ട് തിരിഞ്ഞു നിൽക്കണം. അടിമത്വക്കാരൻ ജോസഫും നിക്കോദിമോസും മരിച്ചുകിടക്കുന്ന കർത്താവിന്റെ ക്രൂശിനരികിൽ എത്തിയപ്പോൾ (യോഹ.19:38–42) സ്വർഗ്ഗീയ മാലാഖമാർ 'ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനേ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു' എന്ന് ആലപിക്കുന്ന അശരീരി കേൾക്കുകയും ജോസഫും നിക്കോദിമോസും കിഴക്കോട്ട് തിരിഞ്ഞു നിന്ന് കർത്താവിന്റെ മുഖത്തേയ്ക്ക് നോക്കിക്കൊണ്ട് "ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനെ ഞങ്ങളോട് കരുണ തോന്നണമേ" എന്ന പ്രതിവാക്യം ചൊല്ലിയെന്നുമാണ് പാരമ്പര്യവിശ്വാസം. അതിനാൽ ആ ക്രമം ആരാധനയിലും ഉണ്ടായി. കർത്താവ് സ്വർഗ്ഗാരോഹണം ചെയ്ത മല ദൈവാലയത്തിന്റെ കിഴക്കുഭാഗത്തായി സ്ഥിതി ചെയ്യുന്നു. വീണ്ടും വരുന്നത് ഒലിവുമലയിൽ ആയിരിക്കുമെന്ന ദൈവീകപ്രഖ്യാപനം (അപ്പോ.1:11, സഖ്യ.4:44) കിഴക്കോട്ട് തിരിഞ്ഞു പ്രാർത്ഥിക്കാൻ പ്രേരണ നൽകുന്നു. "കിഴക്കുനിന്ന് വിദ്വാന്മാർ എത്തി" (മത്തായി 2:1) "മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ



വരമാകും" (മത്തായി 24:27). "അനന്തരം അവൻ എന്നെ കിഴക്കുള്ള ഗോപുരത്തിലേയ്ക്ക് തന്നെ കൊണ്ടുവന്നു (യെഹ.43:1–4). "ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ടു" (മത്തായി 2:1–2). "കെരുബുകൾ ഭൂമിയിൽ നിന്നും പൊങ്ങി ദൈവത്തിന്റെ ഗോപുരത്തിന്റെ കിഴക്കേവാതിക്കൽ ചെന്നു നിന്നു (യെഹ.10:19). "ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടമുണ്ടാക്കി" (ഉല്പ.2:8). അവൻ ഏദൻ തോട്ടത്തിന് കിഴക്ക് കെരുബുകളെ തിരിയുന്നവാളുമായി നിർത്തി (ഉല്പ.3:24). പുതിയ നിയമത്തിൽ 9 തവണയും പഴയനിയമത്തിൽ 170 തവണയും കിഴക്കെന്നപദം കാണാം. പഴയനിയമസഭയിൽ 170 തവണയും കിഴക്കെന്ന പദം കാണാം. പഴയ നിയമസഭയിൽ മഹാവിശുദ്ധസ്ഥലം സൂര്യൻ അസ്തമിക്കുന്ന ദിക്കായ പടിഞ്ഞാറായിരുന്നു. എന്നാൽ പുതിയ നിയമസഭയിൽ നീതിസൂര്യനായ കർത്താവ് ഉദിച്ച് ഉയർത്തെഴുന്നേറ്റതിനാൽ ആരാധനയ്ക്കുള്ള മദ്ബഹാ കിഴക്കായി സ്ഥാപിക്കപ്പെടുന്നു. വിശ്വാസികൾ മുഖാമുഖം നിന്ന് പ്രാർത്ഥിച്ചാൽ സ്ത്രീപുരുഷബന്ധത്തിന്റെ പവിത്രത മറന്ന് ആത്മീയത ഇല്ലാതാക്കുമെന്നും വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. "മരിച്ചുപോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു" എന്ന വിശ്വാസപ്രമാണം നിമിത്തം ശവശരീരങ്ങൾപോലും കിഴക്ക് അഭിമുഖമായി കിടത്തുന്നു. ആദിമ ക്രിസ്ത്യാനികൾ വീണ്ടും വരുന്ന കർത്താവിനെ ആദ്യം കാണാമെന്നുള്ള വിശ്വാസത്താൽ (സഖ.14:4, അപ്പോ.1:11) മൃതശരീരങ്ങൾ ഒലിവ് മലയിൽ സംസ്ക്കരിച്ചിരുന്നു. 'അപ്പോസ്തോലിക ഉപദേശങ്ങൾ' (Appostolic Constitution) എന്ന കൃതിയിൽ ആരാധനയ്ക്കുള്ള കെട്ടിടം കപ്പലിന്റെ ആകൃതിയിൽ കിഴക്കോട്ട് ദർശനമായി പണിയണമെന്ന് കാണുന്നു. കപ്പൽ നോഹയുടെ പെട്ടകത്തെക്കുറിക്കുന്നു. ശ്ലീഹന്മാരുടെ കാനോനുകളും തത്വം ശരിവയ്ക്കുന്നു. ചില ശരീരശാസ്ത്രങ്ങളും ബുദ്ധി, ഓർമ്മശക്തി എന്നിവ കൂട്ടാൻ കിഴക്കോട്ട് തിരിഞ്ഞ് നിൽക്കുന്നതിനെ കാണിക്കുന്നു.

അന്ത്യോഖ്യയുടെ വി. ഇഗ്നാത്തിയോസ് നൂറോനോ തന്റെ സ്വർഗ്ഗീയ ദർശനത്തിൽ സ്വർഗ്ഗീയമാലാഖമാർ രണ്ടു നിരയായി കിഴക്കോട്ടു തിരിഞ്ഞുനിന്ന് ദൈവത്തെ സ്തുതിക്കുന്നതായി കാണുകയും ആ രീതി ഏർപ്പെടുത്തുകയും ചെയ്തു. ദാവീദിന്റെ വീണുപോയ ഗോപുരത്തെ വീണ്ടും പണിയുമ്പോൾ (അപ്പോ.15:16–18) പഴയ നിയമത്തിൽ നിഴലായി കാണുന്ന (കൊല.2:16–17) തെല്ലാം പുതിയനിയമസഭയിൽ പുതിയ രൂപത്തിൽ കാണാം. മൃഗബലികൾക്ക് പകരം വി.കുർബ്ബാനയെന്ന സ്തോത്രബലി (1 കൊരി.11:25–27) യേശുക്രിസ്തുവെന്ന മഹാപുരോഹിതൻ (എബ്രാ.7:11). പുതിയ നിയമസഭയിൽ പൗരോഹിത്യം ഇല്ലെന്ന് വാദിക്കുന്നവരുണ്ട്. ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ മഹാവിശുദ്ധസ്ഥലത്ത് കയറുമ്പോൾ പിന്നിൽ ലേവ്യാപുരോഹിതന്മാർ ഉണ്ടായിരുന്നു (എബ്രാ.9:67). പൗലോസ്ശ്ലീഹാ പുരോഹിതനായിരുന്നു (റോമ.15:15). യേശുക്രിസ്തു തന്റെ പൗരോഹിത്യം ശ്ലീഹന്മാർക്ക് നൽകി. (യോഹ.20:21–23, 1 പത്രോ.2:9–10) സൈന്യാധിപന്റെ കീഴിൽ സൈന്യം ഇല്ലാതിരിക്കുമോ? പ്രധാനമന്ത്രിയുടെ കീഴിൽ മന്ത്രിമാർ ഇല്ലാതിരിക്കുമോ? മുഖ്യമന്ത്രിയുടെ കീഴിൽ മന്ത്രിമാർ ഇല്ലാതിരിക്കുമോ. ക്രിസ്തു മഹാപുരോഹിതനെങ്കിൽ താൻ നിയമിച്ചാക്കിയവർ ഭൂമിയിൽ ഇല്ലാതിരിക്കുമെന്ന് പറയുന്നത് വിഡ്ഢിത്തമല്ലേ? നിലവിളക്ക്, വെള്ളനിലയങ്കി (വെളി.1:13), കുരുത്തോല (വെളി.7:9), ധൂപക്കുറ്റി (വെളി.8:3), ദീപങ്ങൾ (വെളി.4:5), കശ്ശീശന്മാർ (വെളി.5:8), യാമപ്രാർത്ഥന (അപ്പോ.10:9). നാം പുതിയനിയമ ആരാധനയിൽ പങ്കെടുക്കുമ്പോൾ വിശ്വാസധീരന്മാരുടെ ഒരു നിര നമുക്കൊപ്പം അദൃശ്യമായി പങ്കുചേരുന്നു (എബ്രാ.11:7–40). ദൈവത്തിന്റെ സ്വർഗ്ഗീയ സീയോൻ പർവ്വതം ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന സ്വർഗ്ഗീയ യറുശലേം, എണ്ണമില്ലാത്ത ദൂതന്മാർ, സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ കൂട്ടം, പിതാവാം ദൈവം, പുതിയനിയമത്തിന്റെ മദ്ധ്യസ്ഥനായ കർത്താവ് (1 തീമോ.2:5). കർത്താവിന്റെ രക്തം, രക്തസാക്ഷികൾ, വിശുദ്ധന്മാരുടെ ആത്മാക്കൾ ഇവരെല്ലാം നമുക്കൊപ്പം അദൃശ്യമായി പങ്കുചേരുന്നു (എബ്രാ.12:22–24). പൗലോസ് ശ്ലീഹാ പറയുന്നു താൻ ജീവിച്ചിരിക്കുമ്പോൾ തന്നെ "ശരീരം കൊണ്ട് നിങ്ങൾക്ക് ദൂരസ്ഥനെങ്കിലും ആത്മാവുകൊണ്ട് സമീപസ്ഥൻ" (കൊലോ.2:5). അപ്പോൾ ശരീരം വിട്ട് കർത്താവിനൊപ്പം ആയിരിക്കുമ്പോൾ എത്ര അധികം (2 കൊരി. 5:8–10). ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷപ്രകാരം ശോഭിക്കാതിരിക്കാനായി സാത്താൻ ചിലരുടെ കണ്ണുകളെ കുരുടാക്കിയിരിക്കുന്നു (2 കൊരി.4:4). അങ്ങനെയുള്ളവർക്കിത് മനസ്സിലാകണമെന്നില്ല. ●




# ജി. ശങ്കരക്കുറുപ്പ്
## ആദ്യത്തെ ജ്ഞാനപീഠ ജേതാവ്

എബി

"അമ്മ തൻ കൈകളിലാലിംഗനങ്ങളു-
മമ്മതന്നുള്ളിൽ നിറഞ്ഞ വാത്സല്യവും
ജീവിതാനന്ദമേ വാരിളം താമര-
പ്പൂവിതൾ കണ്ണുതുറന്നു നീ നോക്കുക"

മലയാള കാവ്യലോകത്ത് ഓടക്കുഴലൂതി ജ്ഞാനപീഠം കയറി പുതിയൊരു വസന്തം വിരിയിച്ച മഹാകവിയാണ് ജി. ശങ്കരക്കുറുപ്പ്. കവിതയും നാടകവും ബാലസാഹിത്യവും നിരൂപണവും എല്ലാം ഇഴചേർന്ന് വർണ്ണവൈവിധ്യം നിറഞ്ഞ സാഹിത്യമായിരുന്നു ജി. ശങ്കരക്കുറുപ്പിന്റേത്. ആദ്യത്തെ ജ്ഞാനപീഠജേതാവും അദ്ദേഹം തന്നെ.



കവിയും അധ്യാപകനുമായിരുന്ന ജി.ശങ്കരക്കുറുപ്പ് എറണാകുളം ജില്ലയിലെ കാലടിയ്ക്കടുത്തുള്ള നായത്തോട് ഗ്രാമത്തിൽ 1901 ജൂൺ 3-ന് ജനിച്ചു. അച്ഛൻ നെല്ലിക്കപ്പള്ളി ശങ്കരവാര്യർ. അമ്മ ലക്ഷ്മിക്കുട്ടിയമ്മ. ഭാര്യ സുഭദ്ര അമ്മ. മകൾ പി.സ്. രാധ.

ജി.യ്ക്ക് അഞ്ചുവയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. അമ്മാവന്റെയടുത്തുനിന്നും സംസ്കൃതം പഠിച്ചു. പെരുമ്പാവൂർ സ്കൂളിൽ നിന്ന് ഏഴാം ക്ലാസ്സ് പബ്ലിക്ക് പരീക്ഷ ജയിച്ചു. മൂവാറ്റുപുഴയിൽ നിന്ന് വി.എച്ച്. പരീക്ഷ പാസ്സായി. പിന്നീട് പണ്ഡിത പരീക്ഷയും വിദ്വാനും പാസ്സായി. 1927 ൽ തൃശൂർ രാമവർമ്മ ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ധ്യാപകനായി ജോലിയിൽ കയറി. 1937 മുതൽ 1956 വരെ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായിരുന്നു.

പിന്നീട് ആകാശവാണിയുടെ തിരുവനന്തപുരം നിലയത്തിൽ പ്രൊഡ്യൂസറായി ചേരുകയും ആകാശവാണി ഉപദേശകസമിതി അംഗമായി പ്രവർത്തിക്കയും ചെയ്തു. കേരള സാഹിത്യ അക്കാദമിയുടെയും സാഹിത്യപരിഷത്തിന്റെയും അദ്ധ്യക്ഷനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വള്ളത്തോൾ നാരായണമേനോനായിരുന്നു ജി.യുടെ കാവ്യവഴിയിലെ ആദർശപുരുഷൻ. പിന്നീട് മിസ്റ്റിസിസത്തിന്റെയും സിമ്പോളിസത്തിന്റെയും തലങ്ങളിലൂടെ കവിതയെ നയിച്ചു തുടങ്ങി. അതിനു കാരണം രവീന്ദ്രനാഥ ടാഗോറിന്റെ കവിതയോടുള്ള ഗാഢബന്ധമാണ് ജി.യെ സിംബോളിക്ക് രചനാ ശൈലിയിലേയ്ക്ക് നയിച്ചത്.

മൃത്യു ബോധവും, ആത്മീയതയും, അതുപോലെതന്നെ ആസ്തിക്യബോധവും മാനവികതയും നിറഞ്ഞുനിൽക്കുന്നതാണ് ജി.യുടെ കവിതകൾ.

ജ്ഞാനപീഠ പുരസ്ക്കാരം ലഭിച്ച 'ഓടക്കുഴൽ', സാഹിത്യകൗതുകം (മൂന്നു ഭാഗങ്ങൾ), വെള്ളിൽ പറവുകൾ, ചെങ്കതിരുകൾ, സൂര്യകാന്തി, വിശ്വദർശനം, പാഥേയം, ഇളംചുണ്ടുകൾ, ഇതളുകൾ, വിലാസലഹരി, സാഹിത്യ പരിചയം, ഗീതാഞ്ജലി (വിവർത്തനം), മേഘചരായ (വിവർത്തനം) ഇവയാണ് പ്രധാനകൃതികൾ.

'ഓടക്കുഴൽ' എന്ന കാവ്യസമാഹാരത്തിലൂടെ ആദ്യത്തെ ജ്ഞാനപീഠം അവാർഡു ലഭിക്കുന്ന അനുഗ്രഹീത കലാകാരനാണ് ജി.ശങ്കരക്കുറുപ്പ്. ഈ അവാർഡിലൂടെ മലയാള ഭാഷയും ആദരിക്കപ്പെട്ടു.

'ടൈംസ് ഓഫ് ഇൻഡ്യ'യുടെ ഉടമസ്ഥരായ ശാന്തിപ്രസാദ് ജയിനും ഭാര്യ രമാ ജയിനും ചേർന്ന് 1944-ൽ സ്ഥാപിച്ചതാണ് ഭാരതീയ ജ്ഞാനപീഠം ട്രസ്റ്റ്. സംസ്കൃതം, പാലി, പ്രാകൃതം തുടങ്ങിയ പ്രാചീന ഭാഷകളിലുള്ള അപ്രകാശിത പ്രാചീന കൃതികൾ പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യമായിരുന്നു ഭാരതീയ ജ്ഞാനപീഠം ട്രസ്റ്റ് രൂപീകരണത്തിനു പിന്നിൽ. എന്നാൽ ഭാരതീയ ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെടുന്നവയിൽ ഏറ്റവും മികച്ച സാഹിത്യകൃതിക്ക് 1965 മുതൽ ഭാരതീയ ജ്ഞാനപീഠ പുരസ്ക്കാരം എന്ന പേരിൽ അവാർഡ് നൽകിത്തുടങ്ങി. വ്യത്യസ്തഭാഷകളിലെ ഏറ്റവും മികച്ച കൃതിക്കാണ് ആദ്യകാലങ്ങളിൽ പുരസ്ക്കാരം നൽകിയിരുന്നത്.

സരസ്വതിദേവിയുടെ വെങ്കലശില്പവും പ്രശസ്തി പത്രവും ഒരു ലക്ഷം രൂപയും (ഇപ്പോൾ അവാർഡ് തുക കൂട്ടിയിട്ടുണ്ട്) അടങ്ങുന്നതാണ് ഭാരതീയ ജ്ഞാനപീഠം പുരസ്ക്കാരം. ഒരു പ്രാവശ്യം അവാർഡ് കിട്ടിയ ഭാഷയെ പിന്നീട് മൂന്നുവർഷത്തേക്ക് പരിഗണിക്കില്ല. ഹിന്ദിയും കന്നടയും കഴിഞ്ഞാൽ മലയാളത്തിനും ബംഗാളിക്കുമാണ് 5 തവണ പുരസ്ക്കാരം ലഭിച്ചിട്ടുള്ളത്. അതിൽ എസ്.കെ. പൊറ്റക്കാട് (ഒരു ദേശത്തിന്റെ കഥ), തകഴി ശിവശങ്കരപ്പിള്ള, എം. ടി. വാസുദേവൻ നായർ, ഒ. എൻ.വി. കുറുപ്പ് എന്നിവർക്ക് സമഗ്രസാഹിത്യ സംഭാവനകൾക്കുള്ള അംഗീകാരമായി ജ്ഞാനപീഠം പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്.

ഇതു കൂടാതെ മറ്റനേകം പുരസ്ക്കാരങ്ങളും ജി.യെ തേടിയെത്തിയിട്ടുണ്ട്. കേന്ദ്രത്തിന്റെയും കേരളത്തിന്റെയും സാഹിത്യ അക്കാദമി അവാർഡ്, സോവിയറ്റ് ലാൻഡ് നെഹ്രു അവാർഡ്, കല്യാണി കൃഷ്ണ മേനോൻ പുരസ്ക്കാരം എന്നിവയും നേടി. കൊച്ചി മഹാരാജാവ് 'കവിതിലകൻ' സ്ഥാനവും തൃപ്പൂണിത്തറ ശാസ്ത്രസദസ്സ് സാഹിത്യ നിപുണൻ പദവിയും നൽകി ആദരിച്ചു.

1968-ൽ പത്മഭൂഷണൻ ലഭിച്ചു. 1968 മുതൽ നാലുവർഷം രാജ്യസഭാംഗമായിരുന്നു. മിക്ക കൃതികളും വിവിധ ഇൻഡ്യൻ ഭാഷകളിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. ജ്ഞാനപീഠം പുരസ്ക്കാരത്തിൽ നിന്നും ലഭിച്ച തുക നിക്ഷേപിച്ച് ഗുരുവായൂരപ്പൻ ട്രസ്റ്റ് സ്ഥാപിച്ച് എല്ലാ വർഷവും മികച്ച മലയാള കൃതിക്ക് 'ഓടക്കുഴൽ അവാർഡ്' നൽകി വരുന്നു.

1978 ഫെബ്രുവരി 2-ന് അങ്കമാലിയിൽ വച്ച് മലയാളത്തിന്റെ വരദാനമായ 'ജി' എന്ന ശങ്കരക്കുറുപ്പ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.




## വരനെ ആവശ്യമുണ്ട്

**M. 579**

ഷാർജയിൽ ഒരു പ്രശസ്ത കമ്പനിയിൽ B.Com കഴിഞ്ഞ് Accountant ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/156 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ദുബായിൽ ജോലി ഉള്ളവർക്ക് മുൻഗണന) Ph: + 96599746319, 9061296607

**M. 580**

B.Tech Electronics and Communication പാസ്സായി Infosysil Technology Analyst ആയി തിരുവനന്തപുരത്ത് ജോലി ചെയ്യുന്ന (28) ക്നാനായ യുവതിയ്ക്ക് അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (വിദേശത്തുള്ളവർക്ക് മുൻഗണന). Ph: 9496543425

**M. 581**

ബി.ടെക് (സിവിൽ) പാസ്സായി UK യിൽ നിന്നും മാസ്റ്റർ ഡിഗ്രി പാസ്സ് ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിക്ക് (27/172) അനുയോജ്യമായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നു വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. (UK യിൽ ഉള്ളവർക്ക് മുൻഗണന) ഫോൺ 7025109701, 9747983340

**M. 582**

Knanaya parents invite proposals for their daughter, 28 yrs / 157 cm, Financial Accountant, holding PR and well-settled in Australia. Seeking proposals from well-qualified boys from educated families, preferably those working or studied abroad, and open to relocating to Australia. Ph. 9495047895

## വധുവിനെ ആവശ്യമുണ്ട്

**M. 583**

ഖത്തറിൽ ഓയിൽ റിഗ് (ഷിപ്പ്) ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/179 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph. 9656220589

**M. 584**

B.Tech Mechanical Engineering കഴിഞ്ഞ് അബുദാബിയിൽ Enginer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/174 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഇപ്പോൾ ലീവിന് വന്നിട്ടുണ്ട്) Ph: 8078953220, 9447927974

**M. 585**

Knanaya parents invite proposal for their daughter DOB- October 2000, born and brought up in Qatar. She completed her Post Graduation in Human Resources from UDST Qatar. Currently working as an HR Professional with an Event Management company in Qatar. Height 155 cm. We invites proposals from a well educated and God fearing family. Preferably working in Middle East. Mobile +974 55545231

**M. 586**

B.Tech Mechanical Engineering കഴിഞ്ഞ് ഇപ്പോൾ Cochin Shipyard (CSL) Assistant Manager ( Mechanical) ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/183 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9847752635, 8848630836

**M. 587**

Knanaya parents inviting proposal for our son (32/170 cm) born and bought up in Abudhabi and MBA graduate from Dubai currently working in Bangalore as a senior sales executive seeking suitable alliances from parents of God fearing and professionally qualified employed girl in kerala. Ph: 00971504717334 (Botim available and whats app message also available. 2 nd number 00918129918928 whats up call and messages are available.

**M. 588**

Automobile (Diploma) പാസ്സായി സ്വന്ത Four wheel workshop നടത്തുന്ന ക്നാനായ യുവാവ് (28) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9447157998, 9539797177

**M. 589**

Knanaya parents invite proposals for their only son (27/180 cms, MBA & Diploma in Logistics) working at Bangalore in a Dubai based MNC. Seeking suitable alliances from parents of educated and God fearing girls. Ph: 9446516256

**M. 590**

ഡിഗ്രി കഴിഞ്ഞ ക്നാനായ യുവാവ് (33/172 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph. 9447125545

**M. 591**

Knanaya parents invite proposal for their son (26/5'8")

B Tech in Food Technology from Saintgits Collage of Engineering, M.S in Food Technology from R M I T University Melbourne, Australia. Currently working as a Quality Assurance Officer at Melbourne Australia. We are seeking suitable alliance from parents of qualified Godfearing girls. Preferably from Australia. Mob. 6282819365

**M. 592**

B.Com പാസ്സായി ഇപ്പോൾ Accountant ആയി നാട്ടിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/175 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 8075243767

**M. 593**

ദുബായിൽ പ്രശസ്തമായ ഒരു കമ്പനിയിൽ Mechanical Engineering കഴിഞ്ഞ് ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/183 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 8921348628, 9497004251

**M. 594**

Mechanical Engineering പാസ്സായി Canadaയിൽ Quality Engineering Management കഴിഞ്ഞ് 4 വർഷമായി ജോലി ചെയ്യുന്ന P.R. ഉള്ള ക്നാനായ യുവാവിന് (29/165 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (Canada യിൽ ഉള്ളവർക്ക് മുൻഗണന). Ph: 9495215622

**M. 595**

Knanaya Jacobite parents invite proposals for their son (age - 26, height 6ft/183 cm), Born in India, raised and resides in UK. First Class Masters Degree in Biomedical Engineering, currently working as a Pharmaceutical Validation Engineer also further studying Pharmaceutical Quality and Regulations under University College of London, Preference to Knanaya Girls living in UK.

Mob: 00447859152230

**M. 596**

Diploma in Electrical Engineering കഴിഞ്ഞ് MNC Company Customer Service Engineer ആയി നാട്ടിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (31/173 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9497087692, 9995527692

**M. 597**

Knanaya parents invite proposals for their son (27/165cm), BTech & MTech from IIT Madras. Working as Executive Lead at a leading Aerospace firm in India. Seeking proposals from parents of professionally qualified, God-fearing Knanaya girls. Contact: 8980048850, 9408204891, 8089998817

**M. 598**

Abudhabi-ൽ പ്രശസ്ത കമ്പനിയിൽ Engineer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/172 CM) Btech mechanical engineer അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9605921668, 8547903926

## പുനർവിവാഹം

### വധുവിനെ ആവശ്യമുണ്ട്

**M. 599**

തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹബന്ധം വേർപെട്ടതും, കൊച്ചിയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന IT Company ഉടമയും ആയ ക്നാനായ യുവാവിന് (47/172 cm, MCA) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9995807110

**M. 600**

തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹബന്ധം വേർപിരിയേണ്ടിവന്നതും 4 വയസ്സുള്ള ഒരു കുട്ടിയുള്ള ക്നാനായ യുവതിയ്ക്ക് (29/167 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: + 91 9446245097


## ശുഭചിന്തകൾ

**തളരുമ്പോൾ മനസ്സിനോട് പറയുക..**
**താങ്ങാനാളില്ലെന്ന്..**
**തനിയെ ഉയർത്തെണീക്കും...**

**മനുഷ്യർ ആരും പൂർണ്ണരല്ല. നമ്മുടെ അപൂർണ്ണതകൾ ഉൾക്കൊണ്ടു ജീവിതം ക്രമപ്പെടുത്തുമ്പോഴാണ് അത് സമാധാനപരവും സന്തോഷം നിറഞ്ഞതും ആകുന്നത്**

**പ്രചോദനത്തിന്റെ ഏറ്റവും വലിയ ഉറവിടം നമ്മുടെ ചിന്തകൾ തന്നെയാണ്. അതിനാൽ വിശാലമായി ചിന്തിച്ച് വിജയിക്കാൻ സ്വയം പ്രചോദിപ്പിക്കാം.**

**03 – ാം ചരമവാർഷികം**
**30-09-2025**



**കെ.പി. പുന്നൂസ്**
**(കുഞ്ഞുമോൻ)**
**താഴ്ചയിൽ**
**നീലംപേരൂർ**
**സന്തപ്ത കുടുംബാംഗങ്ങൾ**

## 3 – ാം ചരമവാർഷികം

5 – 9 – 2025



## ചാക്കോ തോമസ് (രാജു)

ഒറ്റപ്ലാമൂട്ടിൽ, ചിങ്ങവനം

ഭാര്യ : സൂസമ്മ
മക്കൾ: രഞ്ചു, രബി, റിന്റോ
മരുമക്കൾ: മിന്റു, മിനു, ജോഫിറ്റ്
കൊച്ചുമക്കൾ: റിസ്റ്റോ, റിനോ, റബേക്ക, ഇമ്മാനുവേൽ, ജിയോണ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt -R

## 15 – ാം ചരമവാർഷികം

02 – 09 – 2025



## കുര്യൻ ഇട്ടിയവിര (ബേബി കുര്യൻ)

കല്ലൻകുന്നിൽ, വള്ളംകുളം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 28 – ാം ചരമവാർഷികം

14 – 09 – 2025



## സിൽജി മോൾ

D/o സാബു & കുഞ്ഞുമോൾ

പുറയാറ്റ്, കുഴിമറ്റം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

| 28 – ാം ചരമവാർഷികം | 10 – ാം ചരമവാർഷികം |
|---|---|
| 30- 12 -2025 | 17- 09 -2025 |





| കെ. റ്റി. തോമസ് | മേരിക്കുട്ടി തോമസ് |
|---|---|

കണ്ണന്താനത്ത്,
പഴവങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 7 – ാം ചരമവാർഷികം
20 – 09 – 2025



## കുരുവിള തോമസ് (ബേബി)
(Rtd. CRPF)

**താമല്ലിൽ ഹൗസ്, തിരുവൻവണ്ടൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 7 – ാം ചരമവാർഷികം
11 – 9 – 2025



## M. C. ഉണ്ണിട്ടൻ (ബേബി)

**മുട്ടാണിശ്ശേരിൽ, മഴുക്കീർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*ഭാര്യ, മക്കൾ, കൊച്ചുമക്കൾ*

Advt -S

## 6 – ാം ചരമവാർഷികം
8 – 10 – 2025



## സ്കറിയ സെഖറിയ (മോനിച്ചൻ)

**കളക്കാട്ടായ കൊച്ചിടശ്ശേരിൽ, കുറിച്ചി**

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## 31st Death Anniversary
**18-9-2025**



## Annamma Thomas
**Purackal, Ranny**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O



## 3 – ാം ചരമവാർഷികം

13 – 10 – 2025

# എ. എം. തോമസ്

**കുഴികണ്ടത്തിൽ,**
**പ്ലാംതോട്ടത്തിൽ**
**കല്ലിശ്ശേരി**



## 11 – ാം ചരമവാർഷികം

09 – 09 – 2025

# കുഞ്ഞമ്മ തോമസ്

**യേശു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല.**

**യോഹ. 11: 25 – 26**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



# 1 – ാം ചരമവാർഷികം

09 – 10 – 2025

## ഏലിയാമ്മ തോമസ്സ്

മങ്ങാട്ട്, കുറിച്ചി

"കൃപനിറയും മശിഹാ – മൃതയാം നിൻദാസി – ക്കുത്ഥാനം
നൽകി – നവ്യതയും സ്വർഗ്ഗേ മോദവുമേ – കേ – ണം"

ഭർത്താവ്: Late C.K. Thomas
മക്കൾ: **സജി, രാജീവ്, ജെസ്സി, ബിൻസി**
മരുമക്കൾ: **സജിനി (പുറത്തേരിയിൽ), ലെനി (പള്ളിയമ്പിയിൽ), സ്കറിയ (ചതുരതുണ്ടിയിൽ)**
കൊച്ചുമക്കൾ: **ഫാ. തോമസുകുട്ടി – റ്റിയ**
**ഫാ. ഷിബിൻ – രാഖി**
**നിശാന്ത് – റിറ്റു, റീമ, റിയ – സുമിത്ത്, നിറ്റിൻ – മനു,**
**റൂബി – റ്റിജു,** Late **റിക്കി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G

# 11th Death Anniversary

20 – 09 – 2025



## മാത്തുക്കുട്ടി കെ. ഇ.

(മാത്തുക്കുഞ്ഞ്)

കറയക്കള്ളിൽ, തിരുവൻവണ്ടൂർ

Died on 20/09/2014

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

Advt - O

# 4th DEATH ANNIVERSARY

06.10.2025



## JOSE. P. ABRAHAM (JOMON)


Pampanathu House, Ranni (Punalur)

"HIS LOVE WAS LIKE A RAINBOW......
MOST BEAUTIFUL AND MEMORABLE
BUT FADED SOONER THAN NEVER EXPECT"

Prayerfully,
Wife: Sanju Jose
Children: Jubil Jose & Sandra Sara Jose
Daughter in Law: Steni Elizabeth

Advt -O

1 – ാം ചരമവാർഷികം
**18-09-2025**



**ചാക്കോ എം. റ്റി.** (ബേബി)
**മേപ്പള്ളിൽ, മഴുക്കീർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

1 – ാം ചരമവാർഷികം
**27-09-2025**



**Annamma Abraham**
W/o T. K. Abraham
**Thayil House, Ennickadu**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

40 – ാം ചരമദിനം
**13-09-2025**



**ജോസഫ് മാത്യു**
**തുണ്ടിയിൽ, കറ്റോട്**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടും ബാംഗങ്ങൾ**

09 – ാം ചരമവാർഷികം
**22-09-2025**




**തോമസ് ചെറിയാൻ (ബാബു)**
**കോയിക്കൽ, അങ്ങാടി, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**16 – ാം ചരമവാർഷികം**

**15-09-2025**



**പി. ഐ. ഏബ്രഹാം**

**പുളിക്കാവിൽ**


**ഇരവിപേരൂർ, തിരുവല്ല**

Inserted By: Baby, Molly, Thampi,
Thankamma & their families

---

**13th Death Anniversary**
**31-08-2025**

**08th Death Anniversary**
**07-09-2025**





**Chev. Jacob P. Thomas**

**Ammukutty Jacob**


**Puracka l, Ranny**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

---

**14 – ാം ചരമവാർഷികം**
**01-09-2025**

**07 – ാം ചരമവാർഷികം**
**02-08-2025**





**ജോസ് കെ. മാത്യു**

**കുഞ്ഞമ്മ മാത്യു**

**കിഴക്കേമുറിയിൽ കളത്തിൽ**

**ഐത്തല, റാന്നി**

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

**04 – ാം ചരമവാർഷികം**

**15- 09-2025**



**സി. ഒ. ജേക്കബ്**

**മഴുവഞ്ചേരിൽ**

**ഐത്തല, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

07 – ാം ചരമവാർഷികം

20-09-2025



**തോമസ് ചാക്കോ (പാപ്പച്ചൻ)**

**മണിമലേത്ത്, വെച്ചൂച്ചിറ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

**സന്തപ്ത കുടുംബാംഗങ്ങൾ**

04 – ാം ചരമവാർഷികം

04- 10-2025



**അജീഷ് അലക്സ്**

**ഇടയാടിൽ**

**മഞ്ഞാടി, തിരുവല്ല**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

**സന്തപ്ത കുടുംബാംഗങ്ങൾ**

2nd Death Anniversary

08-09-2025

**In Loving Memory of**



**PUSHPA ABRAHAM**

W/o K.J. Abraham

**Kalluparambil, Trivandrum**

**Toronto, Canada**

By: Grieving Family

40 – ാം ചരമദിനം

30- 08-2025



**മറിയാമ്മ ഫിലിപ്പ് (കുഞ്ഞുമോൾ)**

**ഇളപ്പുങ്കൽ**


**തുരുത്തിക്കാട്**

**സന്തപ്ത കുടുംബാംഗങ്ങൾ**

**30th Death Anniversary**
**20-09-2025**

**09th Death Anniversary**
**19-10-2025**

**17th Death Anniversary**
**11-09-2025**







**Chandy Thomas**
(Thomachan)

**Chinnamma Thomas**
(Baby)


**Dyna Thomas**
(Dynamol)

**Vadakkethalackal**
**S. Puram, Kurichy**

**Sorrowing Family**

**09th Death Anniversary**
**04-09-2025**

**18th Death Anniversary**
**08-11-2025**



**Kuruvilla Mathew**
(Kochupappan)

**Kunjumol Mathew**

**Vayalil**
**Cherukulanji, Ranny**

Sorrowing Family

**56 –ാം ചരമവാർഷികം**
**20-09-2025**

**20 –ാം ചരമവാർഷികം**
**24-02-2025**



**മാത്യു ഉതുപ്പാൻ**
(പാപ്പച്ചൻ)

**മറിയകുട്ടി ഉതുപ്പാൻ**

**പ്ലാംകുട്ടത്തിൽ, കോട്ടയം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

14 – ാം ചരമവാർഷികം
11-09-2025



കെ. റ്റി. തോമസുകുട്ടി
കടയ്ക്കേത്ത്
റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

28th Death Anniversary
25-10-2025

4th Death Anniversary
09-09-2025



K.K. Mathen
(Kochupappan)

Ammal Mathen

Kavanal, Kottayam

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

02 – ാം ചരമവാർഷികം
13-09-2025




എം. റ്റി. ആൻഡ്രൂസ്
മണലേൽ ചിറയിൽ, ചെങ്ങളം, കോട്ടയം

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
സന്തപ്ത കുടുംബാംഗങ്ങൾ

63 – ാം ചരമവാർഷികം
07-09-2025

16 – ാം ചരമവാർഷികം
12-06-2025



പി. എം. സ്കറിയാ

ഏലിക്കുട്ടി സ്കറിയാ

കൊച്ചുമംഗര
പുറ്റടി

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

23 – ാം ചരമവാർഷികം
16- 09-2025



**ശോശാമ്മ കുറിയാക്കോസ്**
**മാവേലിൽ, ചിങ്ങവനം**

**ലീലാമ്മയും, മക്കളും, കൊച്ചുമക്കളും**

14th Birthday in Heaven
15-09-2025




**Ginu A. Jacob** (Jeena)
**Elappunkal**
**Houston, U.S.A.**

"കരുണാനിധിയാം കർത്താവേ നിൻ ദാസിക്ക്
നല്കണമുന്നത മോഹന പറുദീസായിൽ വിജയകിരീടം"

**സന്തപ്ത കുടുംബാംഗങ്ങൾ**

20 – ാം ചരമവാർഷികം
14-09-2025



**പി. കെ. ഇടിക്കുള**
**പുന്നാറ്റുശ്ശേരിൽ**
**നന്നാട്, തിരുവൻവണ്ടൂർ**

**സന്തപ്ത കുടുംബാംഗങ്ങൾ**

18 – ാം ചരമവാർഷികം
13-10-2025

19 – ാം ചരമവാർഷികം
11-9-2025



**റ്റി. സി. ജോർജ്**

**അന്നാമ്മ ജോർജ്**

**തകിടിയിൽ**
**ചിങ്ങവനം**

**സന്തപ്ത കുടുംബാംഗങ്ങൾ**


**20 – ാം ചരമവാർഷികം**
**17- 09-2025**



**ചാക്കോ ഉതുപ്പാൻ** (കുഞ്ഞുപ്പായി)
**മണക്കാട്ട്, ചിങ്ങവനം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**1 – ാം ചരമവാർഷികം**
**04-10-2025**




**M. M. Thomas**
**Melekuttu**
**Aythala, Ranny**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

"ഒരിക്കലും മരിക്കാത്ത
ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

"കരുണനിറഞ്ഞവനെ
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ
പുതുതാക്കീടണമെ"


**6 – ാം ചരമവാർഷികം**
**4-08-2025**



**കെ.കെ. കുറിയാക്കോസ്**
**(തമ്പിക്കുഞ്ഞ്)**
**കാരിക്കോട്ട്, കുറിച്ചി**

**സന്തപ്ത കുടുംബാംഗങ്ങൾ**

**27 – ാം ചരമവാർഷികം**
**10-09-2025**



**കെ. ഫിലിപ്പ്**
**കുറ്റിശ്ശേരിൽ**
**ചിങ്ങവനം**

**സന്തപ്ത കുടുംബാംഗങ്ങൾ**


**40 – ാം ചരമദിനം**
**20-09-2025**



**എൽസി സ്കറിയ**
**വലിയപാറയിലായ**
**പാറാത്തുശ്ശേരിൽ, നീലംപേരൂർ**

**സന്തപ്ത കുടുംബാംഗങ്ങൾ**


**04 – ാം ചരമവാർഷികം**
**02-10-2025**



**കെ.എ. ചാക്കോ**
**കാടാത്ത് കിഴക്കേപറമ്പിൽ**
**പച്ച, ചെക്കിടിക്കാട്**

**സന്തപ്ത കുടുംബാംഗങ്ങൾ**


**27 – ാം ചരമവാർഷികം**
**12-10-2025**



**കെ. എം. കുറിയാക്കോസ്**
(കുഞ്ഞുമോൻ)
പ്ലാക്കുഴിൽ, വാകത്താനം

സന്തപ്ത കുടുംബാംഗങ്ങൾ

**14 – ാം ചരമവാർഷികം**
**02-09-2025**



**സണ്ണി ജോസഫ്**
ഇടശ്ശേരിയത്ത് വീട്
കുറ്റൂർ (പരുത്തുംപാറ)

സന്തപ്ത കുടുംബാംഗങ്ങൾ

**14 – ാം ചരമവാർഷികം**
**21-09-2025**



**അമിതാ സാബു**
വടക്കേമുറിയിൽ
ഐത്തല, റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

**06 – ാം ചരമവാർഷികം**
**11-10-2025**



**ഒ. യു. ഉലഹന്നാൻ**
മോളേൽ (ഒലിയപ്പുറത്ത്)
രാമമംഗലം

സന്തപ്ത കുടുംബാംഗങ്ങൾ

**20 – ാം ചരമവാർഷികം**
**01-10-2025**



**തങ്കമ്മ ചാക്കോ**
തോമ്പുമണ്ണിൽ
അഞ്ചാനി, റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

**21 – ാം ചരമവാർഷികം**
**08-09-2025**



**പി. സി. ചാക്കോ**
പടിയറ, കോഴിമല

സന്തപ്ത കുടുംബാംഗങ്ങൾ

**04 – ാം ചരമവാർഷികം**
**28-09-2025**



**സജി ജേക്കബ്**
(Navel Dockyard, Mumbai)
കാട്ടുവേലിൽ, കുറ്റൂർ

സന്തപ്ത കുടുംബാംഗങ്ങൾ

**02 – ാം ചരമവാർഷികം**
**26-09-2025**



**അച്ചാമ്മ ഉലഹന്നാൻ**
തറയിൽ
കുഴിമറ്റം

സന്തപ്ത കുടുംബാംഗങ്ങൾ

**06 – ാം ചരമവാർഷികം**
**26-09-2025**



**P. C. Joseph**
**Paravelil**
**Thrikothamangalam**

സന്തപ്ത കുടുംബാംഗങ്ങൾ

**03 – ാം ചരമവാർഷികം**
**13-09-2025**



**അച്ചാമ്മ ഫിലിപ്പ്** (അച്ചുകുട്ടി)
ആറൊന്നിൽ
ഇടമുറി, റാന്നി


സന്തപ്ത കുടുംബാംഗങ്ങൾ

**38th Death Anniversary**
**30-08-2025**



**Ammini George**
**Kayyaleth**
**Kallissery**
Inserted by Grieving Family

**41 – ാം ചരമവാർഷികം**
**01-09-2025**



**കെ. റ്റി. ഉണ്ണിട്ടൻ** (ഉണ്ണിക്കുഞ്ഞ്)
കുന്നിരിയ്ക്കൽ
റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ



## 40th Day of Demise
**21 September 2025**

# N.K. Abraham
**Vattothara,**
**West Othera**

പ്രാർത്ഥനയോടെ

**Mor Gregorious Knanaya Church, Abudhabi**

Advt - O

## 6th Death Anniversary
**18-12-2025**

## 5th Death Anniversary
**10-09-2025**



# Kunjoonjamma Mathews P.A. Mathews

**Kannathumuriyil, Ranny**

**"What we have once enjoyed and deeply loved we can never lose, for all that we love deeply becomes a part of us".**

By Loving Family

Advt - O

Registered No. KL/CHC/29/2024-26
Published on 15 September 2025

KNANAYA DEEPAM
Chingavanam

RNI No. KERBIL/2006/19210
Vol. 36, Issue: 9 ₹ 10

6 – ാം ചരമവാർഷികം
30 – 08 – 2025

5 – ാം ചരമവാർഷികം
10 – 10 – 2025



## കുഞ്ഞൂഞ്ഞമ്മ തങ്കച്ചൻ

## എം. എസ്. തങ്കച്ചൻ

Advt - O

മേലേക്കുറ്റ്, ഐത്തല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രതീക്ഷയോടെ

മക്കൾ–മരുമക്കൾ–കൊച്ചുമക്കൾ

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ABRAHAM MATHEW (ROY ACHAN) COR-EPISCOPA MULAMOOTTIL**